
മേരിചരിതം



ഫാദർ പീറ്റർ, സി.എം.ഐ.



മേരിചരിതം

അഥവാ

മേയ്മാസവണക്കം.

SACRED HEART PROVINCIAL LIBRARY No 7190

★

അമലോത്ഭവ
മാതാവിന്റെ
ഒപ്പീസ്.

DHARMARAM COLLEGE LIBRARY BANGALORE-29
K 10 / V 67
Free Distribution DVK Central Library Bangalore - 560 029
ACHARYA PALACKAL JEEVODAYA KENDRA LIBRARY 7190 ALWAYE

1969

ഗ്രന്ഥകർത്താ:
ഫാദർ വികാരിയർ സി. എം. ഐ.
I. H. MONASTERY,
VARANDARAPPILLY.

വില 1-25.

സാൻ ജോസ് പ്രിന്റേഴ്സ്, പാവറട്ടി.

M/232.931

IMPRIMI POTEST

Very Rev. Fr. Sampson, C. M. I.,
PROVINCIAL, TRICHUR.

IMPRIMATUR †

Rt. Rev. Dr. G. C. Alapatt,
BISHOP OF TRICHUR.
31-5-1969.

ആമുഖം.

ലോകപരിത്രാതാവായ ക്രിസ്തുനാഥൻ മരണമടയുന്നതിനു മുമ്പ് കുരിശിൻ ചുവട്ടിൽ സന്താപാകുലയായി സ്ഥിതിചെയ്തിരുന്ന സപ്തമാതാവിനോട്:— "സ്ത്രീ, ഇതാ നിന്റെ മകൻ" എന്നരുൾചെയ്തുകൊണ്ട് അവളെ മാതാവായി തന്റെ ശിഷ്യനായ യോഹന്നാനു നല്കി. അവൻ വഴി എല്ലാ മനുഷ്യർക്കും അമ്മയായി ദൈവപുത്രൻ പരി. കന്യകാമറിയത്തെ നിയോഗിച്ചു എന്നാണ് സഭാപിതാക്കന്മാരുടെ അഭിപ്രായം.

കാൽവരിമലയിലെ മുകളിപ്പുറപ്പിൽവെച്ച് മുളയെടുത്തതും, സഭയോളംതന്നെ പഴക്കമേറിയതുമാണ് പരി. കന്യകാമറിയത്തിന്റെ നേർക്കുള്ള ഭക്തി. അചിരേണ അതു ലോകമെങ്ങും പ്രചരിച്ചു. കേരളക്കരയിൽ മരിയഭക്തിയുടെ ആവിർഭാവം, മാർതോമാശ്ലീഹായുടെ കാലംമുതല്ക്കുണ്ടായിരുന്നു എന്നാണ് ചരിത്രം സാക്ഷിക്കുന്നതു. തന്നിമിത്തം കേരള കത്തോലിക്കരുടെ മരിയഭക്തി പല മാർപ്പാപ്പമാരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിട്ടുണ്ട്.

എന്നാൽ വത്തിക്കാൻ സൂനഹദോസിനുശേഷം മരിയഭക്തി മന്ദീഭവിപ്പിച്ചിരിക്കുവെന്നു ജല്പിക്കുന്ന ചിലരെ നമുക്കിന്നു കാണുവാൻകഴിയും. ഇവരുടെ പ്രസ്താവം എത്ര അവാസ്തവമാണെന്നു കൗൺസിലിലെ പ്രമാണ രേഖകളിൽനിന്നു പ്രസ്പഷ്ടമാണ്. എന്തുകൊണ്ടെന്നാൽ, വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിക്കുന്നു:— "ദൈവം കാരുണ്യപൂർവ്വം തന്റെ പുത്രനു താഴെയായും എല്ലാ മാലാഖാമാരിലും മനുഷ്യരിലും ഉപരിയായും ഉയർത്തിയ മറിയത്തെ ദൈവത്തിന്റെ പരി. മാതാവും, ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങളിൽ പങ്കുകാരിയും ആക്കി സഭ പ്രത്യേകവിധം ബഹുമാനിക്കുന്നു. അതിപുരാതനകാലം മുതൽ മറിയം ദൈവമാതാവെന്ന

അഭിധാനത്തിൽ ബഹുമാനിക്കപ്പെട്ടിരുന്നു. സകല ആവശ്യങ്ങളിലും അപകടങ്ങളിലും വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം അവളിൽ ആശ്രയം തേടുകയും ചെയ്തിരുന്നു.'' (IV സഭയിൽ പരി. കന്യകയോടുള്ള ഭക്തി.)

അതിപുരാതനവും അത്യന്താപേക്ഷിതവുമായ ഈ ഭക്തിയെ ആരോഗിച്ച് നമ്മുടെ പൂർവ്വന്മാർ ദൈവമാതാവിന്റെ സ്തുതിക്കായി പല പുണ്യകർമ്മങ്ങളും ചെയ്യുവന്നിരുന്നു. അവയിൽ ഒന്നാണ് 'മേയ്മാസവണക്കം.' ഇതു് ഇന്നും പല കത്തോലിക്കാ കുടുംബങ്ങളിലും ആചരിച്ച് പോരുന്നുണ്ട്. ഈ ഭക്തികൃത്യം സുഗമമായും സുകരമായും അനുഷ്ഠിക്കുവാൻ സഹായകമായും, മരിയഭക്തിയെ ഉദ്ദീപിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും വിരചിതമായ ഒരു വിനീത കൃതിയാണ് 'മേരീചരിതവും അനുബന്ധമായ അമലോത്ഭവ മാതാവിന്റെ ഒപ്പീസും.'

ഇതു പ്രസിദ്ധപ്പെടുത്തുന്നതിനു് എന്നെ ആത്മാർത്ഥമായി സഹായിച്ച—പ്രസിദ്ധി ആഗ്രഹിച്ചിട്ടുള്ള—രണ്ടു വ്യക്തികളും, സി. എം. ഐ. സഭയുടെ പ്രിയോർ ജനറാളായ വെരി റവ: ഡോക്ടർ കനീസിയൂസ് അവർകളും, സംഗീത സമർത്ഥനായ റവ. ഫാ: ആബേൽ അവർകളുമാണ്. ഇവരുടെ നേർക്കുള്ള എന്റെ അപാരമായ നന്ദിയും സ്നേഹവും സന്തോഷപുരസ്സരം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇതിന്റെ മുദ്രണവേല ഭംഗിയായി നിർവ്വഹിച്ചതിൽ എന്നെ സഹായിച്ച വിദ്വാൻ ശ്രീ. എ. സി. കുരിയാക്കോസ് മാസ്റ്ററോടും, പാവറട്ടി സാൻ ജോസ് പ്രസ്സ് ഭാരവാഹികളോടും എനിക്കുള്ള അകമഴിഞ്ഞ കൃതജ്ഞതയും പ്രകാശിപ്പിച്ചുകൊള്ളുന്നു.

വരന്തരപ്പിള്ളി,
25-12-1969.

എന്നു്,
ഫാദർ വികാരിയർ സി. എം. ഐ.

മാതാവിന്റെ ജീവിതസംക്ഷേപം.

ഒന്നാം ദിവസം.

പൂർവ്വനിർദ്ദേശം.

സർവ്വസൗഭാഗ്യവാനും സമ്പൂർണ്ണനുമായി സ്ഥിതിചെയ്യുന്ന ദൈവം മാലാഖാമാരേയും മനുഷ്യരേയും സൃഷ്ടിക്കുവാൻ തിരുമനസ്സായി. സ്വാഭാവികവും അതിസ്വാഭാവികവുമായ അനവധിയനുഗ്രഹങ്ങൾകൊണ്ടു് അവിടുന്നു് അവരെ അലങ്കരിച്ചു. തന്നോടുകൂടി അവരും സ്വർഗ്ഗീയ സൗഭാഗ്യാനുഭവത്തിൽ ഭാഗഭാക്കുകളായിത്തീരണമെന്നായിരുന്നു ആ നന്മസ്വരൂപന്റെ അഭിലാഷം. മാലാഖാമാർ കേവലം അരൂപികളായിരുന്നതുകൊണ്ടു്, സ്വാഭാവികമായി, ദൈവം കഴിഞ്ഞാൽ അവരായിരുന്നു ഏറ്റവും ഉന്നതമായ സ്ഥാനം അർഹിച്ചിരുന്നതു്. എങ്കിലും ദൈവം മനുഷ്യരെ അത്യധികം സ്നേഹിച്ചിരുന്നതിനാൽ, കൃപാവരത്തിന്റെ സംവിധാനത്തിൽ, സ്വന്തം പൂർവ്വനിർദ്ദേശത്തെ പൂർത്തിയാക്കുന്നതിനു് തന്റെ ഏകജാതന്റെ മനുഷ്യാവതാരത്താൽ ദൈവവും മനുഷ്യനും ഒന്നായിത്തീരുവാൻ അവിടുന്നു തിരുച്ചിത്തമായി. ദൈവത്തിന്റെ ഈ നിസ്സീമമായ സ്നേഹം പ്രകടമാക്കുന്നതിനു് അവിടുന്നു് ആദ്യമനുഷ്യനായ ആദത്തെ സൃഷ്ടിച്ചതുപോലെയല്ലാ, രണ്ടാമത്തെ ആദമായ മിശിഹായെ ഭൂമിയിൽ അവതരിപ്പിച്ചതു്. ആദിമനുഷ്യനെ സൃഷ്ടിച്ചതു് പൂർണ്ണമനുഷ്യനായിട്ടായിരുന്നു; എന്നാൽ

മിശിഹാ മനുഷ്യസാധാരണമായ രീതിയിൽ ഒരു സ്ത്രീയിൽനിന്നു ജനിക്കുന്നതിനാണ് ദൈവം തിരുമനസ്സായതു്. മിശിഹായുടെ മാതാവാകുന്നതിനു് ആദിയിൽത്തന്നെ ദൈവം പരിശുദ്ധമറിയത്തെ തെരഞ്ഞെടുത്തിരുന്നു. മനുഷ്യവർഗ്ഗത്തോടു കാരുണ്യാ മൂർത്തിയായ ദൈവം കാണിച്ച സീമാതീതമായ സ്നേഹം കണ്ടാലും!

മനുഷ്യനായി അവതരിച്ച മിശിഹാ ഭൂലോകരാജാവായി സ്വർഗ്ഗസ്ഥപിതാവിന്റെ വലതുഭാഗത്തെഴുന്നള്ളിയിരിക്കാൻ നിയുക്തനായതുപോലെ, മിശിഹായുടെ മാതാവായ പരിശുദ്ധമറിയം സ്വർല്ലോകരാജ്ഞിയായി പുണ്യവാന്മാരേയും മാലാഖാമാരേയും അതിശയിക്കത്തക്ക മഹത്വമുള്ളവളായി ഭവിക്കുന്നതിനും പൂവ്വനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു. മിശിഹായിൽ ദൈവത്വവും മനുഷ്യത്വവും അഭേദ്യമായി യോജിച്ചിരുന്നതുകൊണ്ടു് അവിടുന്നു സർവ്വപരിശുദ്ധനായിരുന്നു. പരിശുദ്ധമറിയമാകട്ടെ, ദൈവത്തിന്റെ മാതാവായതിനാൽ സ്വാഭാവികവും അതിസ്വാഭാവികവുമായ വിശേഷവരങ്ങൾകൊണ്ടു് സമലംകൃതയായി. അവൾ മനുഷ്യരാശിയുടെ മദ്ധ്യസ്ഥയായി സ്വർഗ്ഗത്തിൽ അധിരോഹണം ചെയ്യപ്പെടുന്നതുവരെ, പ്രസാദവരത്താൽ പൂരിതമായ അവളുടെ ആത്മാവു് കൃപാവരത്തിൽ അനുസ്യൂതം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കണമെന്നുള്ളതായിരുന്നു ദൈവനിശ്ചയം.

ഹാ! എത്ര ഉന്നതമായ സ്ഥാനത്തേയ്ക്കാണു് ദൈവം നമ്മുടെ അമ്മയെ ഉയർത്തിയതു്. അതുകൊണ്ടു് മിശിഹാ

കഴിഞ്ഞാൽ അവളല്ലേ നമ്മുടെ സ്നേഹവും ആദരവും അർഹിക്കുന്നതു്? മറിയത്തെ പ്രത്യേകവിധം വണങ്ങുന്നതിലും സ്നേഹിക്കുന്നതിലും വല്ലകുറവും നമ്മിൽ സംഭവിച്ചിട്ടുണ്ടോ എന്നു് നമുക്കു സ്വയം പരിശോധിക്കാം. ദൈവമാതാവാണു് സ്വർഗ്ഗത്തിലേയ്ക്കുള്ള ഉത്തമസോപാനം. മനുഷ്യർ ഈ ഗോവണിയിൽക്കൂടി കയറി സ്വർഗ്ഗത്തിൽ ചെന്നു് ദൈവത്തോടുകൂടി ആനന്ദിക്കുന്നതിനുള്ള സാദ്ധ്യത വെളിപ്പെടുത്തുന്നതിനായി ദൈവം തന്നെ ഈ ഗോവണിയിൽക്കൂടി ഇറങ്ങി ഭൂമിയിൽ മനുഷ്യന്റെ പക്കലേയ്ക്കു വന്നുവെന്നാണു് വി. ഫ്രാൻസിസ് പ്രസ്താവിക്കുന്നതു്.

ജപം.

ആദിയിൽത്തന്നെ ദൈവത്തിന്റെ മാതാവായി തെരഞ്ഞെടുക്കപ്പെട്ട പരിശുദ്ധമറിയമെ, സ്വർഗ്ഗത്തിൽ നിനക്കു് ലഭിച്ചിരിക്കുന്ന ഔന്നത്യമേറിയ സ്ഥാനത്തെക്കുറിച്ചു് ചിന്തിക്കുമ്പോൾ ഞങ്ങൾ അനുഭവിക്കുന്ന ആനന്ദം അവാച്യമത്രെ. എന്തുകൊണ്ടെന്നാൽ ഞങ്ങൾ നിന്റെ മക്കളും നീ ഞങ്ങളുടെ മാതാവുമാകുന്നു. എന്നാൽ, സ്നേഹമുള്ള മാതാവേ, "വിളിക്കപ്പെട്ടവർ അനേകർ, തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം" എന്നുള്ള നിന്റെ ദിവ്യകുമാരന്റെ വാക്കുകൾ ഞങ്ങൾ സ്മരിക്കുമ്പോൾ, തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഞങ്ങൾ ഉൾപ്പെടുമൊ എന്നുള്ള സംശയം ഞങ്ങളെ സന്താപചിത്തരാക്കിത്തീർക്കുന്നു. എങ്കിലും, നിന്റെ ഭക്തരിൽ ആരും

തന്നെ നശിച്ചുപോകയില്ലാ എന്നുള്ള വിചാരം ഞങ്ങളെ സമാധാനപ്പെടുത്തുന്നു. ആകയാൽ, പ്രിയമുള്ള മാതാവേ, തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ നിന്റെ മക്കളായ ഞങ്ങളേയും ചേർക്കണമേ. നിന്നെ പ്രത്യേക വിധം സ്നേഹിച്ചും ബഹുമാനിച്ചും ജീവിച്ചുകൊള്ളാമെന്നു് ഞങ്ങൾ ഇപ്പോൾ വാഗ്ദാനം ചെയ്യുന്നു. ഈ വാഗ്ദാനം നീ സദയം സ്വീകരിക്കണമേ.

വി. ബർണ്ണാർദിന്റെ ജപം.

എത്രയും ദയയുള്ളമാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്നു് നിന്റെ സഹായം അഭ്യർത്ഥിക്കുകയും നിന്റെ അപേക്ഷയുടെ ആനുകൂല്യം യാചിക്കുകയും ചെയ്തിട്ടുള്ള ഒരാളെങ്കിലും നിന്നാൽ കൈവെടിയപ്പെട്ടതായി ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല, എന്നു നീ ഓർക്കണമേ. കന്യാവ്രതക്കാരുടെ രാജ്ഞിയായ കന്യകേ, ദയയുള്ള മാതാവേ, ഇപ്രകാരമുള്ള ശരണത്തിൽ ഉറച്ചു് നിന്റെ തൃപ്പാദത്തിൽ ഞാൻ അടുത്തുവരുന്നു. നെടുവീർപ്പിട്ടു, കണ്ണുനീർ ചിന്തി, പാപിയായ ഞാൻ നിന്റെ ദയയുടെ ആഴത്തെ കാത്തുകൊണ്ടു് നിന്റെ തിരുമുൻപിൽ നില്ക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളണമേ.

ജന്മപാപമില്ലാതെ ഉത്ഭവിച്ച പരിശുദ്ധ മറിയമേ, പാപികളുടെ സങ്കേതമേ, ഇതാ ഞാൻ നിന്റെ സങ്കേത

ത്തിൽ ഓടിവരുന്നു. ഞങ്ങളുടെ മേൽ അലിവായിരുന്നു് ഞങ്ങൾക്കുവേണ്ടി നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിച്ചു കൊള്ളണമേ.

1 സ്വർഗ്ഗസ്ഥ. 1 നന്മ. 1 ത്രിത്വ.

(ഈ ജപം 3 പ്രാവശ്യം)

പരിശുദ്ധ ദൈവമാതാവിന്റെ
ലുത്തിനിയാ.

കർത്താവേ, അനുഗ്രഹിക്കണമേ.
മിശിഹായേ, അനുഗ്രഹിക്കണമേ.
കർത്താവേ, അനുഗ്രഹിക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന നീ
കേൾക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന നീ
കൈക്കൊള്ളണമേ.

ആകാശങ്ങളിലിരിക്കുന്ന ഞാവാതമ്പുരാനേ
ഭൂലോകരക്ഷിതാവായ പുത്രൻതമ്പുരാനേ,
രൂഹാദക്കുദിശാതമ്പുരാനേ,
ഏകദൈവമായിരിക്കുന്ന വിശുദ്ധ ത്രിത്വമേ,
പരിശുദ്ധ മറിയമേ,
തമ്പുരാന്റെ പുണ്യജനനീ,
കന്യകകൾക്കു മകുടമാകുന്ന നിർമ്മലകന്യകേ,
മിശിഹായുടെ മാതാവേ,
ദൈവവരപ്രസാദത്തിന്റെ മാതാവേ,

ഞങ്ങളിൽ കരുണ
തോന്നുകയും ഞങ്ങളെ
അനുഗ്രഹിക്കണമേ.

ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ.

എത്രയും നിർമ്മലയായ മാതാവേ,
അത്യന്തവിരക്തയായ മാതാവേ,
കന്യാത്വത്തിനു ഭംഗം വരാത്ത മാതാവേ,
നിർമ്മലകന്യകയായ മാതാവേ,
സ്നേഹഭാജനമായ മാതാവേ,
അത്ഭുതത്തിനു വിഷയമായിരിക്കുന്ന മാതാവേ,
സദുപദേശത്തിന്റെ മാതാവേ,
സ്രഷ്ടാവിന്റെ മാതാവേ,
രക്ഷിതാവിന്റെ മാതാവേ,
എത്രയും വിവേകമുള്ള കന്യകേ,
അതീവ സ്തുതിക്കു യോഗ്യയായ കന്യകേ,
വല്ലഭയായ കന്യകേ,
കാരുണ്യവതിയായ കന്യകേ,
വിശ്വസ്തയായ കന്യകേ,
നീതിയുടെ ദർപ്പണമേ,
ബോധജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ ആനന്ദത്തിന്റെ കാരണമേ,
ആത്മജ്ഞാനപാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അതുല്യഭക്തിയുടെ പാത്രമേ,
ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന പനിനീർ പുഷ്പമേ,
ദാവീദിന്റെ കോട്ടയേ,
സ്വർണ്ണാലയമേ,
വാശ്ദാനത്തിന്റെ പെട്ടകമേ,
സ്വർഗ്ഗത്തിന്റെ വാതിലേ,

ഗാനങ്ങൾ ഡോട്ട് ബ്ലോഗ്സ്പോട്ട് ഡോട്ട് കോം

ഉദയകാല നക്ഷത്രമേ,
രോഗികളുടെ സ്വസ്ഥതയേ,
പാപികളുടെ സങ്കേതമേ,
വ്യാകുലരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖാമാരുടെ രാജ്ഞീ,
പൂവ്വുപിതാക്കന്മാരുടെ രാജ്ഞീ,
ദീർഘദർശികളുടെ രാജ്ഞീ,
ശ്ലീഹന്മാരുടെ രാജ്ഞീ,
രക്തസാക്ഷികളുടെ രാജ്ഞീ,
വന്ദകന്മാരുടെ രാജ്ഞീ,
കന്യകകളുടെ രാജ്ഞീ,
സകല വിശ്രുതരുടേയും രാജ്ഞീ,
അമലോത്ഭവയായ രാജ്ഞീ,
പരിശുദ്ധ ജപമാലയുടെ രാജ്ഞീ,
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞീ,
സമാധാനത്തിന്റെ രാജ്ഞീ,
സ്വർഗ്ഗാരോപിതയായ രാജ്ഞീ,

ഭൂലോകപാപങ്ങൾ വഹിക്കുന്ന ദിവ്യകുഞ്ഞാടായ ഈശോതമ്പുരാനേ,

കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.

ഭൂലോകപാപങ്ങൾ.....

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ഭൂലോകപാപങ്ങൾ.....

കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

ഇതുപോലെയുള്ള അനുഗ്രഹങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

7190

സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ, ഇതാ ഞങ്ങളും നിന്റെ പക്കൽ അഭയം പ്രാപിക്കുന്നു. ഞങ്ങളുടെ ആവശ്യനേരത്തു് ഞങ്ങളുടെ യാചനകളും നീ നിരസിക്കല്ലേ. ഭാഗ്യവതിയും അനുഗ്രഹീതയുമായ കന്യകേ, സകല ആപത്തുകളിൽനിന്നും ഞങ്ങളെ നീ കാത്തുകൊള്ളണമേ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു് ഞങ്ങളും യോഗ്യതയുള്ളവരാകുവാൻ

സർവ്വേശ്വരന്റെ പരിശുദ്ധമാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

പ്രാർത്ഥിക്കാം.

കർത്താവേ, ഹൃദയപൂർവ്വം സഷ്ടാംഗപ്രണാമം ചെയ്യുന്ന ഈ കൂട്ട(കുടുംബ)ത്തെ കടാക്ഷിച്ചു് നിത്യകന്യകയായിരിക്കുന്ന മറിയത്തിന്റെ അപേക്ഷയാൽ, സകല ശത്രുക്കളുടേയും ഉപദ്രവങ്ങളിൽനിന്നു് ഞങ്ങളെ സംരക്ഷിച്ചുകൊള്ളണമേ. ഈ യാചനകളെല്ലാം ഞങ്ങളുടെ കർത്താവീശോമിശിഹായേക്കുറിച്ചു് ഞങ്ങൾക്കു നീ തരണമേ.

പരിശുദ്ധരാജ്ഞീ, കരുണയുടെ മാതാവേ, സ്വസ്തി! ഞങ്ങളുടെ ജീവനും, മാധുര്യവും, ശരണവുമേ, സ്വസ്തി! ഹാവായുടെ പുറംതള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേ പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്വരയിൽനിന്നു് വിങ്ങിക്കരഞ്ഞു് അങ്ങേ പക്കൽ ഞങ്ങൾ നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ!

അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെനേരെ തിരിക്കണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനു് ശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗ്രഹീത ഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ. കരുണയും, വാത്സല്യവും, മാധുര്യവും നിറഞ്ഞകന്യകാമറിയമേ! ആമേൻ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു് ഞങ്ങൾ യോഗ്യതയുള്ളവരാകുവാൻ,

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

പ്രാർത്ഥിക്കാം.

സർവ്വശക്തനും നിത്യനുമായിരിക്കുന്ന സർവ്വേശ്വരാ, ഭാഗ്യവതിയായ മറിയത്തിന്റെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ നിന്റെ ദിവ്യപുത്രനു് യോഗ്യമായ ആലയമായിരിക്കാൻ പൂർവ്വികമായി നീ നിശ്ചയിച്ചുവല്ലൊ. ഈ ദിവ്യമാതാവിൽ സന്തോഷിക്കുന്ന ഞങ്ങൾ ഇവളുടെ അനുഗ്രഹദായകമായ അപേക്ഷയാൽ ഈ ലോകത്തിലെ സകല ആപത്തുകളിൽനിന്നും, നിത്യമരണത്തിൽനിന്നും രക്ഷപ്രാപിക്കാൻ കൃപചെയ്യണമേ. ഈ യാചനകളെല്ലാം ഞങ്ങളുടെ കർത്താവീശോമിശിഹായെക്കുറിച്ചു് ഞങ്ങൾക്കു് നീ തന്നരുളണമേ.

ആമേൻ.

അഭ്യർത്ഥനകൾ.

പാപികളുടെ സങ്കേതമെ, തിരുസുഭയ്ക്കുവേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമെ, അക്രൈസ്തവർ, പാഷണ്ഡികൾ മുതലായവരുടെ മാനസാന്തരത്തിനു് വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമെ, ക്രിസ്തീയ ഭരണാധികാരികൾ തമ്മിൽ സമാധാനത്തിൽ വർത്തിക്കാൻവേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമെ, മാപ്പ്രാപ്പാ മുതലായ വൈദികാദ്ധ്യക്ഷന്മാർക്കു്വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമെ, നിന്റെ പ്രിയപ്പെട്ട മക്കളായ ശുദ്ധീകരണത്തിലെ ആത്മാക്കൾക്കു്വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

പാപികളുടെ സങ്കേതമെ, ലോകസമാധാനത്തിനു് വേണ്ടി പ്രാർത്ഥിക്കണമേ. 1 നന്മ.

സുകൃതജപം.

സ്രഷ്ടാവിന്റെ മാതാവേ, ഞങ്ങൾക്കു്വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

ദൈവമാതാവിന്റെ ഒരു പടം വീട്ടിൽ അലങ്കരിച്ചു വയ്ക്കുണം.

രണ്ടാം ദിവസം.

അമലോത്ഭവം.

മാലാഖാമാരിൽ ഒരു ഭാഗവും മനുഷ്യരും ദൈവത്തിന്റെ ഹിതാനുവർത്തികളാകാതെ, പ്രമാണലംഘനത്താൽ പാപികളായിത്തീർന്നു. തന്നിമിത്തം അവർ ശി

ക്ഷയമനുഭവിക്കേണ്ടിവന്നു. പാപികളായ മാലാഖാമാർ നരകഗത്തത്തിൽ നിപതിച്ചു. ആദിമാതാപിതാക്കൾ ഏദെൻ തോട്ടത്തിൽനിന്നു് ബഹിഷ്കൃതരായി. ഇങ്ങനെ അവരുടെ അധഃപതനംമൂലം ദൈവത്തിന്റെ കൃപാപൂർണ്ണമായ സൃഷ്ടിസംവിധാനത്തിനു് ഭംഗംനേരിട്ടു. അവരും അവരുടെ സന്താനപരമ്പരകളായ സകല മനുഷ്യരും, എന്നല്ലാ, ഭൂമിതന്നെയും ശാപമേറ്റതായിത്തീർന്നു. എന്നാൽ, ശാപത്തോടുകൂടിത്തന്നെ അനുഗ്രഹത്തിന്റെ ആശാകിരണവും പ്രത്യക്ഷപ്പെട്ടു. ഒരു പരിത്രാതാവിന്റെ ആഗമനവിവരമായിരുന്നു അതു്.

ഒരു സ്ത്രീ വഴിയായി പാപം വിജയം വരിച്ചതുപോലെ, വേറൊരു സ്ത്രീ മുഖാന്തിരം പാപത്തിനു് വിനാശവും സംഭവിക്കുമെന്നു് ദൈവം മുന്നറിയിപ്പു് നല്കി. എന്നാൽ, ഈ മുന്നറിയിപ്പു് പൂർത്തിയാകുവാൻ അനേകം നീണ്ട ശതവർഷങ്ങൾതന്നെ കഴിയേണ്ടിവന്നു. അക്കാലമത്രയും സകല മനുഷ്യജീവികളും ദൈവത്തിന്റെ പ്രതികാരപാത്രങ്ങളായിട്ടായിരുന്നു സൂര്യപ്രകാശം കണ്ടതു്. മനുഷ്യരാശി മുഴുവനും ആ നാളുകളിൽ പ്രതീക്ഷയിൽത്തന്നെ കഴിഞ്ഞുകൂടി. ഒടുവിൽ ഇതാ! മുന്നറിയിപ്പു് പൂർത്തിയാകുവാനുള്ള സമയവും സമാഗതമായി. സ്വർല്ലോകരാജാവു് മനുഷ്യനായി ഭൂമിയിൽ എഴുന്നെള്ളുന്നതിനു് പ്രാരംഭമായി അവിടുന്നു് സ്വന്തം മാതാവായി പരിശുദ്ധ മറിയത്തെ തെരഞ്ഞെടുത്തു. ഈ മാതാവിനെ പ്രത്യേകവിധത്തിൽ പരിശുദ്ധയായിട്ടായിരുന്നു ഭൂമിയിൽ അവതരിപ്പിച്ചതു്.

വി. അഗസ്തീനോസ് പ്രസ്താവിക്കുന്നതുപോലെ ഒരു വ്യക്തിയെ ആപത്തിൽനിന്നു് രണ്ടുവിധത്തിൽ നമുക്കു് രക്ഷിക്കാൻ സാധിക്കും. ഒന്നു് അപകടം സംഭവിച്ചതിനുശേഷം പരിഹാരംനല്കി സഹായിക്കയും, മറേറതു്, അപകടം സംഭവിക്കാതിരിക്കാൻ മുൻകൂട്ടി വേണ്ടതു് പ്രവർത്തിച്ചു് അതിനെ തടയുകയുമാണു്. ഇവയിൽ രണ്ടാമത്തെ മാർഗ്ഗം ഒന്നാമത്തേതിനേക്കാൾ അത്യധികം മെച്ചമെന്നാണു് മഹാപണ്ഡിതനായ 'സ്പാരസി'ന്റെ അഭിപ്രായം. ഈ വിധത്തിലായിരുന്നു പരിശുദ്ധ മറിയം ഉത്ഭവപാപത്തിൽ വീഴാതിരിക്കുന്നതിനു് പരിശുദ്ധാത്മാവു് അവളെ സഹായിച്ചതു്. 'ഹാ എന്റെ സ്നേഹമേ, നീ സമ്പൂർണ്ണമായ അഴകുള്ളവളാകുന്നു. നിന്നിൽ ഒരു കളങ്കംപോലുമില്ല.'' എന്ന വേദവാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ടു് പണ്ഡിതന്മാരായ പുണ്യാത്മാക്കൾ ഇപ്രകാരം പറയുന്നു:-"പ്രതാപമേറിയ കന്യകേ, നിന്നിൽ ഏനമേറിയതോ, ലഘുവായതോ ആയ പാപത്തിന്റെ കണികയോ ഉത്ഭവപാപത്തിന്റെ തന്നെയും കളങ്കലേശമോ കാണപ്പെടുന്നില്ല.'' ആദത്തിന്റെ സന്താനപരമ്പരയിൽ അവൾ ഒരു നിമിഷംപോലും, ദൈവത്തിന്റെ ശാപത്തിനും പാപത്തിന്റെ ദാസ്യത്തിനും വിധേയയായില്ല. ഇങ്ങനെ കന്മഷകാലുഷ്യമേല്ക്കാത്ത ആ അമലോത്ഭവകന്യക, ദൈവസ്തോത്രത്തിന്റെ പല്ലവി ഉത്ഭവദിവസംതന്നെ പാടുവാൻ ആരംഭിച്ചു.

ജപം.

അമലോത്ഭവയായ പരിശുദ്ധ മറിയമേ, ഉത്ഭവപാപത്തിൽനിന്നും സംരക്ഷിക്കപ്പെട്ടു്, പാപരഹിതവും പു

ണ്യപൂർണ്ണവുമായ ഒരു ജീവിതം നീ നയിച്ചതിനെ ഓർത്ത് ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ ഞങ്ങൾ പാപികളും പാപികളുടെ സന്താനങ്ങളുമാണെന്ന് നീ ഓർക്കണമേ. നിന്റെ പ്രത്യേക സഹായത്താൽ പാപരഹിതമായ ജീവിതം നയിക്കാമെന്ന് ഞങ്ങൾ തീർച്ചപ്പെടുത്തുന്നു. ദൈവത്തിനിഷ്ടമുള്ളവരായി ജീവിക്കുവാൻ, ചെയ്തുപോയ പാപങ്ങളെക്കഴുകി ഞങ്ങളെ ശുദ്ധരാക്കുന്നതിനുള്ള അനുഗ്രഹം, നീ ഞങ്ങൾക്ക് നേടിത്തരണമെന്ന് നിന്നോട് ഞങ്ങളപേക്ഷിക്കുന്നു.

(എത്രയും ദയയുള്ളമാതാവേ.....)

സുകൃതജപം.

കന്യകകളിൽവച്ച് ഏറ്റവും വിമലയായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോടു ക്ഷമയാചിക്കുക.

മൂന്നാം ദിവസം.

പരിശുദ്ധ മറിയത്തിന്റെ പിറവി.

അന്ന, യൊവാക്കിം, എന്നിവരായിരുന്നു പരിശുദ്ധ മറിയത്തിന്റെ മാതാപിതാക്കൾ. അവർ കുലീനരും ഭക്തരുമായിരുന്നു. എന്നാൽ ദീർഘകാലത്തേയ്ക്ക്, ഒരു ശിശുപോലും അവർക്ക് ജനിക്കാതിരുന്നതുകൊണ്ട് ദാമ്പത്യജീവിതം അത്ര ആനന്ദദായകമായിരുന്നില്ല. എങ്കിലും

പ്രാർത്ഥനയുടെ ഫലമായി പ്രായാധിക്യത്തിൽ ഒരു സന്താനത്തെ അവർക്ക് ലഭിച്ചു. ആ ഏക സന്താനമായിരുന്ന പരിശുദ്ധ കന്യകാമറിയം. അവളുടെ ജനനം വയോവൃദ്ധരായ മാതാപിതാക്കളെ ആനന്ദസാഗരത്തിൽ ആറാടിക്കതന്നെ ചെയ്തു. അവർ മാത്രമല്ല, സകല മാലാഖാമാരും ആ സന്തോഷത്തിൽ പങ്കുകൊണ്ടു. എന്തുകൊണ്ടെന്നാൽ, ദൈവത്തോടു മത്സരിച്ചതിനാൽ പിശാചുക്കളായിത്തീർന്ന മാലാഖാമാരുടെ തല തകർത്തു, സ്ത്രീരാജ്ഞിയായി അവൾ അധിരോഹണം ചെയ്യപ്പെടുമെന്നു അവർ മനസ്സിലാക്കി. മനുഷ്യരെല്ലാവരും ആരിൽ നവ്യമായ ജീവിതം നയിച്ചു സ്വർഗ്ഗവാകാശികളായിത്തീരണമോ, ആ മിശിഹായുടെ ശരീരം അവളിൽനിന്നുത്ഭവിക്കാനിരുന്നതുകൊണ്ടു, ഈ പിഞ്ചുപൈതലിന്റെ പിറവിത്തിരുനാളിലെ കാനോനിക ജപത്തിൽ ഇങ്ങനെ നാം വായിക്കുന്നു:- "ഓ! മറിയമേ, നിന്റെ പിറവി അഖിലലോകത്തിനും ആനന്ദത്തെ അറിയിച്ചിരിക്കുന്നു."

ആദിമനുഷ്യൻ സൃഷ്ടിക്കപ്പെട്ടപ്പോൾ ഭൂമിയിലെ ഇതര സൃഷ്ടികളെല്ലാം അവന്റെ അധീനതയിലായിരുന്നു. എന്നാൽ അവന്റെ അധഃപതനത്തിനുശേഷം, അവൻ അവയെ ദൈവത്തിന്റെ മഹത്വത്തിനെന്നതിനേക്കാൾ, തന്റെ ദുരഭിലാഷസാദ്ധ്യതയ്ക്കുള്ള ഉപകരണങ്ങളായിപകർത്തി. ഇങ്ങനെ, ഞെങ്ങിയും ഞെരുങ്ങിയും സൃഷ്ടികൾ കഴിഞ്ഞുകൂടി. എന്നാൽ, അമലോത്ഭവയായ പരിശുദ്ധ മറിയത്തിന്റെ ആഗമനത്തോടുകൂടി ഒരു നവചൈതന്യം അവയിൽ കളിയാടി. പ്രകൃതിയിൽ സന്ത

രുമേറിയ വസ്തുക്കളെല്ലാം—ലിബനോനിലെ സിഡാർ വൃക്ഷവും, സീയോണിലെ സൈപ്രസ് മരവും, സാറോണിലെ പനിനീർപുഷ്പവും, വയലുകളിലെ ലില്ലിപുഷ്പവും എല്ലാം—അമലമനോഹരിയായ ആ പിഞ്ചുപൈതലിൽനിന്നു ഉൗറിവന്ന സൗന്ദര്യസവിശേഷതകളുടെ സാദൃശ്യം വഹിക്കുന്നവയായിത്തീർന്നു. ഇതായിരുന്നു ദൈവം തനിക്കു വാസയോഗ്യമായി തെരഞ്ഞെടുത്ത പുതിയഭൂമി. ഈ ഭൂമിയുടെ ആവിർഭാവത്തിൽ അന്ധകാരത്തിന്റെ ദൂർഭരണം അസ്തമിച്ചു. എന്തുകൊണ്ടെന്നാൽ "നീതിസൂര്യനായ മിശിഹാ" യേശു മുൻപേ, ഉഷഃകാലനക്ഷത്രമായ പരിശുദ്ധമറിയം ഉദിച്ചുയരുകയും, നിത്യമായ ഒരു ദിനത്തിന്റെ ആഗമനത്തെക്കുറിച്ചു ലോകത്തെ ഉൽബോധിപ്പിക്കയും ചെയ്തു.

ജപം.

ദൈവത്തിന്റെ മാതാവായി ഭൂമിയിൽ ജനിച്ച പരിശുദ്ധ കന്യകാമറിയമേ, നിന്റെ പിറവി അഖിലലോകത്തിനും ആനന്ദത്തെ അറിയിച്ചിരിക്കുന്നു. നിന്റെ മക്കളായ ഞങ്ങൾക്കു ഇതെത്ര സന്തോഷദായകമാണു്. എന്നാൽ യഥാർത്ഥമായ ആനന്ദത്തിനു് നിദാനം ദൈവമാണെന്നോർത്തു്, ഞങ്ങൾ ലോകത്തിന്റെ വഞ്ചനനിറഞ്ഞ സന്തോഷങ്ങളെ പരിത്യജിക്കാനും, അങ്ങനെ ഹൃദയാനന്ദം പാലിച്ചുകൊണ്ടു് ജീവിതം തുടരുവാനും, വേണ്ട അനുഗ്രഹം ഞങ്ങൾക്കു നീ പ്രാപിച്ചു തരണമെന്നു് നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ഉദയകാലനക്ഷത്രമേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ പിറവിയെക്കുറിച്ചു് എന്തെങ്കിലും പുണ്യപ്രവൃത്തിചെയ്തു് കാഴ്ചവയ്ക്കുക.

നാലാം ദിവസം.

ആത്മസമർപ്പണം.

"മകളേ, നീ കണ്ടാലും! കേൾക്കുന്നതിനു് നിന്റെ ചെവി ചായിച്ചാലും! സ്വന്തജനത്തേയും പിതൃഭവനത്തേയും നീ വിസ്മരിച്ചാലും." എന്നുള്ള ദാവീദിന്റെ വാക്യമനുസരിച്ചു് പ്രഥമമായി പ്രവർത്തിച്ചതു്, ആ കുലീനകുടുംബത്തിലെത്തന്നെ ഒരു പുത്രിയായ പരിശുദ്ധ കന്യകാമറിയമായിരുന്നു. വീടു് വിട്ടിറങ്ങുന്നതിനു് ദൈവത്തിന്റെ ആഹ്വാനമുണ്ടായപ്പോൾ കേവലം മൂന്നുവയസ്സു് മാത്രമുള്ള ഒരു ബാലികയായിരുന്നു അവൾ. സ്വന്തം മാതാപിതാക്കളോടു് അവൾക്കു് അതിരറ്റ സ്നേഹമുണ്ടായിരുന്നു. ഈ പിഞ്ചുപൈതലായിരുന്നു, വാർദ്ധക്യദശയിൽ അവർക്കുണ്ടായിരുന്ന ഏകാവലംബം. എങ്കിലും അവൾ തൽക്ഷണം പുറപ്പെട്ടു. മാതാപിതാക്കളും, ദൈവചിത്തത്തെ ആരാധിച്ചുകൊണ്ടു് അവളെ അനുയാത്രചെയ്തു. ഈ ദുഃഖം ഇരുകൂട്ടരുടേയും സ്വയസമർപ്പണത്തെ കൂടുതൽ ഉദാരമാക്കിത്തീർക്കയും ചെയ്തു.

പരിശുദ്ധ കന്യകാമറിയം തനിയേ ദേവാലയത്തി
ന്റെ കല്പടികളം കയറിച്ചെന്നു, സക്കറിയാസു് എന്നു
പേരുള്ള പുരോഹിതന്റെ മുൻപിൽ മുട്ടുകുത്തി, അവളുടെ
കന്യാത്വത്തെ ഒരു പ്രതിജ്ഞമൂലം ദൈവത്തിനു് കാഴ്ച
വെച്ചു. ഇങ്ങനെ അവൾ പൊതുജന ദൃഷ്ടിയിൽനിന്നും
മറഞ്ഞു.

ദേവാലയ വാസക്കാലത്തു് പരിശുദ്ധ മറിയം,
പ്രായശ്ചിത്തം അനുഷ്ഠിക്കുന്നതിൽ പ്രഥമഗണനീയയും,
പഠനത്തിൽ അതിസമർത്ഥയും, ദൈവസ്തോത്രങ്ങൾ ആല
പിക്കുന്നതിൽ അതുല്യവിദഗ്ദ്ധയും, വിധേയത്വം പാലി
ക്കുന്നതിൽ ഏറ്റവും വിനീതയുമായി കാണപ്പെട്ടു. അവള
ുടെ മൃദുലാധരങ്ങളിൽനിന്നു് നിർഗ്ഗളിച്ച വാക്കുകൾ, വര
പ്രസാദത്തിന്റെ തേൻമൊഴികൾ തന്നെയായിരുന്നു.
സമീപവർത്തികളോടു് ഉർല്ലഭമായിട്ടേ സംസാരിച്ചിരുന്ന
ുള്ളുവെങ്കിലും, അവളെ പരിചരിച്ചിരുന്ന സ്ത്രീതന്മാ
രോടു് നിരന്തരസംഭാഷണത്തിൽ അവൾ ഏർപ്പെട്ടിരു
ന്നു. ദൈവവചനത്തെസ്സംബന്ധിച്ച പരമരഹസ്യങ്ങൾ,
പരിശുദ്ധാത്മാവുതന്നെ അവളെ പഠിപ്പിച്ചു. അവയെപ്പ
റ്റി ധ്യാനിക്കുന്നതിനുള്ള അഭ്യാസവും, അവിടെവച്ചുത
ന്നെ അവൾ ഹൃദിസ്ഥമാക്കി. വനാന്തരങ്ങളിലെ സുരഭി
ലസുമംപോലെ ദേവാലയത്തിലെ പരിമിതമായ പരിസ
രങ്ങളിൽ അവൾ പരിശുദ്ധിയുടെ പരിമളം പരത്തി.
പ്രാർത്ഥനയുടേയും പ്രയത്നത്തിന്റേയും സമയത്തു് സ്വ
പ്രതിജ്ഞയെ നവീകരിച്ചുകൊണ്ടു്, അവൾ ദിനരാത്രു
ങ്ങൾ കഴിച്ചുകൂട്ടി. ഒരിക്കൽ അവൾ തന്റെ നിത്യാവശ്യ

ശിയായി വിചാരിച്ചിരുന്നുവോ, ആ സ്നേഹനാഥന്റെ നമ്മസല്ലാപം ശ്രവിക്കുന്നതിനു് നിദ്രയിൽപ്പോലും അവം ഭത്തശ്രദ്ധയായിരുന്നു. പ. കന്യകയെ സംബന്ധിച്ചു് പാരമ്പര്യം നല്കുന്ന ഈ വസ്തുതകളും, അവളുടെ ആത്മസമർപ്പണം സംബന്ധിച്ച ഏകദേശരൂപം നമുക്കു് നല്കുന്നുണ്ടു്. ഈ ചിത്രം നമ്മുടെ മനസ്സിൽ പതിഞ്ഞു കിടക്കട്ടെ.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, നീ ദേവാലയത്തിൽ പോയി ദൈവത്തിനു് സ്വയം കാഴ്ചവെച്ചുവല്ലൊ. അങ്ങനെ നീ പ്രദർശിപ്പിച്ച വീരോചിതമായ ധൈര്യംകണ്ടു് ഞാൻ ആശ്ചര്യപ്പെടുന്നു. ശൈശവത്തിൽത്തന്നെ ദൈവത്തിലേയ്ക്കു് തിരിഞ്ഞു്, ദൈവശുശ്രൂഷയിൽ നീ വിശ്വസ്തയായി വർത്തിച്ചല്ലൊ. ഞങ്ങളും ഇപ്പോഴും യഥാർത്ഥമായ ഒരു മാനസാന്തരംമൂലം ദൈവത്തിലേയ്ക്കു് തിരിയാതെ കഴിഞ്ഞുകൂടുകയാണു്. സ്നേഹമുള്ള മാതാവേ, ദൈവത്തിനു് ആത്മാർത്ഥമായ സേവനം അനുഷ്ഠിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു നീ നേടിത്തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

പരമരഹസ്യം നിറഞ്ഞ പനിനീർപുഷ്പമേ, ഞങ്ങൾക്കു്വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിയ്ക്കുവേണ്ടി ഒരു പരിത്യാഗപ്രവൃത്തി ചെയ്യുക.

അഞ്ചാം ദിവസം.

പരിശുദ്ധ മറിയത്തിന്റെ വിവാഹം.

ശൈശവ വിവാഹമായിരുന്ന യഹൂദജനങ്ങളുടെയിടയിൽ അന്നു് പ്രചാരത്തിലിരുന്നതു്. ദേവാലയപരിസരങ്ങളിൽ പതിനൊന്നുവർഷം ജീവിച്ചുകഴിഞ്ഞപ്പോൾ, യഹൂദാചാർപ്രകാരം പരിശുദ്ധ മറിയം വിവാഹപ്രായത്തിലെത്തിയിരുന്നു. അവളുടെ മാതാപിതാക്കന്മാർ ഇതിനകം പരമഗതിപ്രാപിച്ചിരുന്നതുകൊണ്ടു് അവൾക്കു് ഉത്തമനായ ഒരു ഭർത്താവിനെ തെരഞ്ഞെടുക്കേണ്ടഭാരം യഹൂദപുരോഹിതന്മാരിലത്രേ നിക്ഷിപ്തമായിരുന്നതു്. യാക്കോബിന്റെ പുത്രനും നസറസ്സിലെ ഒരു മരപ്പണിക്കാരനുമായ യൗസേപ്പിനെ അവർ അവൾക്കു് വരനായി തെരഞ്ഞെടുത്തു. അയാൾ പുണ്യചരിതനും, അനുദിന ജീവിതത്തിൽ നീതിമാനുമായിരുന്നു. മറിയത്തെപ്പോലെ ദാവീദിന്റെ വംശത്തിൽപ്പെട്ടവനായിരുന്ന യൗസേപ്പും. അവളെപ്പോലെ യൗസേപ്പും വിരക്തജീവിതം നയിച്ചുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്തിരുന്നു. തന്നിമിത്തം അയാൾ വിശുദ്ധ മറിയത്തിനു് പൊരുത്തമുള്ള സംരക്ഷകനും, രക്ഷാകർത്താവുമായി ഭവിച്ചു. ദൈവപ്രേരണയാൽ പരിശുദ്ധ മറിയം യൗസേപ്പിനെ പ്രാണനാഥനായി സ്വീകരിക്കുകയും, അയാളോടുകൂടി ഭർത്തൃഭവനത്തിലേയ്ക്കു് പോകുകയും ചെയ്തു.

നസറസ്സിൽ ചെന്നശേഷം യൗസേപ്പു് പരിശുദ്ധ മറിയത്തെ വളരെ ബഹുമാനത്തോടുകൂടി സ്നേഹിച്ചുപോ

ന്നു. ദേവാലയപരിസരങ്ങളിൽ എന്നപോലെ, അവിടെയും അവളുടെ ജീവിതം അപ്രസിദ്ധമായിരുന്നു. അത്യാവശ്യമുള്ളപ്പോഴല്ലാതെ സഭ്രഹംവിട്ട് അവൾ പുറമേ സഞ്ചരിച്ചിരുന്നില്ല. വിജ്ഞാനത്തിൽ വാനാശ്രുപികളേയും, വിശുദ്ധിയിൽ പൂവ്വപിതാക്കന്മാരേയും അവൾ അതിശയിച്ചിരുന്നു. എങ്കിലും അവളുടെ ഭർത്താവും തിരുക്കുടുംബത്തിന്റെ നാഥനായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനുമായ യൗസേപ്പിനെ, അവൾ സ്നേഹപൂവ്വം അനുസരിച്ചിരുന്നു. ആ കുടുംബത്തിനു് ആവശ്യമായിരുന്ന വസ്തുക്കൾ അവൾതന്നെ തയിച്ചും നെയ്തും ഉണ്ടാക്കുകയും, ആവശ്യാനുസരണം എല്ലാവരേയും ശുശ്രൂഷിക്കുകയും, ചെയ്തിരുന്നു. ജോലികളിൽ അലസതകൂടാതെയും, ഒന്നും വിസ്മരിക്കാതെയും, എല്ലാം കൃത്യസമയത്തു് നിർവ്വഹിച്ചും, ആത്മനാ ദൈവത്തോടൈക്യപ്പെട്ടുമാണു് അവൾ ജീവിച്ചതു്.

ജപം.

ദൈവമാതാവായ പരിശുദ്ധമറിയമേ, ബാല്യം മുതൽ ദൈവതിരുമനസ്സിനനുസരണമായി പ്രവർത്തിക്കുന്നതിനു് സന്നദ്ധയായിരുന്ന നീ, യുവതിയായപ്പോൾ വിവാഹജീവിതം അവലംബിക്കുകയും, ആ ജീവിതത്തിന്റെ കടമകൾ നിർവിഘ്നം നിവ്വഹിച്ചുകൊണ്ടു് ജീവിക്കയും ചെയ്തുവല്ലൊ. സ്നേഹപൂർണ്ണയായ മാതാവേ, ദൈവം വിളിക്കുന്ന ജീവിതാന്തസ്സിൽ പ്രവേശിക്കാനും, ആ ജീവിതത്തിന്റെ കടമകൾ നിർവിഘ്നം നിവ്വഹിച്ചു് സുകൃതപ

രിതരായിത്തീരാനുമുള്ള അനുഗ്രഹം, ഞങ്ങൾക്കു് നീ നേടിത്തരണമെന്നു് നിന്നോടു് ഞങ്ങളപേക്ഷിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ബഹുമാനത്തിന്റെ പാത്രമേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

നമ്മുടെ ഭാവിജീവിതം ഏതുവിധമുള്ളതായിരിക്കണമെന്നു് ചിന്തിച്ചു തീരുമാനിക്കുക. തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ, തദനുസരണമുള്ള കടമകൾ നാം പൂർണ്ണമായും നിറവേറ്റുന്നുണ്ടോ എന്നു പരിശോധിക്കുക.

ആറാം ദിവസം.

മംഗളവാർത്ത.

പ്രശാന്തമായ ഒരു രാത്രിയിൽ നസറസ്സിലെ ചെറുകുടിലിൽ പ്രാർത്ഥനാനിരതയായിരുന്ന പരിശുദ്ധ മറിയത്തെ, അതിഥിതനായ ഗബ്രിയേൽ സമീപിച്ചു. "നന്മനിറഞ്ഞവളേ" എന്നു് അദ്ദേഹം അവളെ അഭിവാദ്യം ചെയ്തു. അവൾ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കുമെന്നും, അവൻ് ഈശോ എന്നു് പേരു വിളിക്കണമെന്നും ഉള്ള സ്വർഗ്ഗീയസന്ദേശം അദ്ദേഹം അവളെ അറിയിച്ചു. പരിശുദ്ധ മറിയത്തിന്റെ മറുപടിയെ ആശ്രയിച്ചായിരുന്നു ലോകത്തിന്റെ രക്ഷ തൽസമയം സ്ഥിതിചെയ്തിരുന്നതു്. എന്നാൽ, "ഇതെങ്ങിനെ സംഭവിക്കും? ഞാൻ

പുഷ്പത്തെ അറിയുകയില്ലല്ലോ'' എന്നു് മറിയം ആ ദൂത നോടു് ചോദിച്ചു. മാലാഖാ പറഞ്ഞു:- ''പരിശുദ്ധാത്മാവു് നിന്റെ മേൽ എഴുന്നെള്ളും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിക്കും. തന്മൂലം നിന്നിൽനിന്നു് ജനിക്കുന്നവൻ പരിശുദ്ധനാകുന്നു, ദൈവത്തിന്റെ പുത്രൻ എന്നു് അവൻ വിളിക്കപ്പെടുകയും ചെയ്യും.'' കന്യകയായിത്തന്നെ അവൾ ദൈവത്തിന്റെ മാതാവാകും എന്നു സാരം. ഉടനെ മറിയം പ്രതിവചിച്ചു:- ''ഇതാ, ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുകൾക്കനുസരണമായി എന്നിൽ സംഭവിക്കട്ടെ.'' അങ്ങനെ ദൈവവചനം മാംസമായി.

ദൈവത്തിന്റെ ആജ്ഞയനുസരിച്ചു് സ്വർഗ്ഗവും ഭൂമിയും സൃഷ്ടിക്കപ്പെട്ടതുപോലെയും, വൈദികന്റെ വചനം വഴി അപ്പവും വീഞ്ഞും മിശിഹായുടെ മാംസരക്തങ്ങളായി മാറുന്നതുപോലെയും, പരിശുദ്ധ മറിയത്തിന്റെ സമ്മതം ലഭിച്ചതോടെ, അത്യുന്നതന്റെശക്തി അത്ഭുതകരമായി അവളുടെ പാവനരക്തത്തിൽനിന്നു് ഒരു ശരീരം രൂപവൽക്കരിച്ചു. അതായിരുന്നു അവതീർണ്ണമായ നിത്യവചനം സ്വീകരിച്ച മനുഷ്യശരീരം. ഇങ്ങനെ സമയം സമാഗതമായപ്പോൾ ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചു; കന്യക ഗർഭം ധരിച്ചു; പരിശുദ്ധ മറിയം ദൈവത്തിന്റെ മാതാവായിത്തീരുകയും ചെയ്തു.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, മംഗളവാർത്തയുമായി നിന്നെ സമീപിച്ച അതിഥിതന്റെ അഭിവാദ്യം

ശ്രവിച്ചപ്പോൾ ആനന്ദിക്കേണ്ടതിനു പകരം ആകുലചിത്തയായിത്തീരുകയാണല്ലോ ചെയ്തത്. ശൈശവത്തിൽ ദൈവത്തിനു കാഴ്ചയർപ്പിച്ച നിന്റെ കന്യാത്വം എത്ര വിലയേറിയതായി നീ കരുതിയിരുന്നുവെന്നു ഞങ്ങൾ അറിയുന്നു. എത്രയും ഉന്നതമായ സ്ഥാനം ലഭിക്കുന്നതിനുവേണ്ടിപ്പോലും അതിനു ഭംഗം വരുത്തുന്നതിനു സമ്മതിക്കാതിരിക്കത്തക്കവിധം ചാരിത്രശുദ്ധിയെ നീ വിലമതിച്ചുവല്ലോ. എന്നാൽ, സ്നേഹമുള്ള അമ്മേ, എത്രയോ നിസ്സാരകാരണങ്ങളാൽ ഞങ്ങളുടെ ചാരിത്രം ഞങ്ങൾ അപകടത്തിലാക്കിയിരിക്കുന്നു. അശുദ്ധി എന്ന പാപമാണല്ലോ ഞങ്ങളുടെ ജീവിതത്തിൽ സർവ്വസാധാരണമായിക്കാണുന്നതു്. അതിനാൽ, പരിശുദ്ധ കന്യകേ, നിന്റെ ജീവിതമാതൃക അനുകരിച്ചു് ചാരിത്രം രക്ഷിച്ചുകൊണ്ടു് നിന്റെ വാത്സല്യമുള്ള മക്കളായിത്തീരാനുള്ള അനുഗ്രഹം ഞങ്ങൾക്കു് നീ നേടിത്തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ദൈവപ്രസാദവരത്തിന്റെ മാതാവേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

അശുദ്ധ പരീക്ഷകളോടു് എതിർക്കുന്നതിനുള്ള ശക്തി ലഭിക്കാൻ മാതാവിന്റെ സഹായം അർത്ഥിക്കുക.

ഏഴാം ദിവസം.

സന്ദർശനം.

പരിശുദ്ധ കന്യകാമറിയം മിശിഹായുടെ മാതാവായിത്തീർന്നു. അതിഥിതനായ ഗബ്രിയേലിന്റെ മംഗളവാർത്തയ്ക്കുശേഷം, അവളുടെ ഇളയമ്മയും, ആറുമാസം ഗർഭിണിയുമായിരുന്ന എലിസബത്തിനെ സന്ദർശിക്കുവാൻ വേണ്ടി അവൾ ദ്രുതഗതിയിൽ പുറപ്പെട്ടു. യൂദായിലെ വനപ്രദേശങ്ങളിൽക്കൂടി ഉദ്ദേശം നൂറുമൈൽ സഞ്ചരിക്കേണ്ടിവന്ന ആ യാത്ര, തികച്ചും ദുഷ്കരമായിരുന്നു. പക്ഷേ പരിശുദ്ധ മറിയത്തിന്റെ പരസ്നേഹം, കുന്നുകളെയും കുഴികളെയും നിരപ്പുള്ള ഭൂമിപോലെയും, പരുപരുത്ത പാതകളെ മൃദുലമായ പട്ടുപോലെയും വീക്ഷിക്കുന്നതിനു പ്രേരണ നല്കി. അവതീർണ്ണനായ ദൈവപുത്രന്റെ പ്രേഷിതവൃത്തിയുടെ പ്രഥമരംഗമായിരുന്നു അതു്. സുദീർഘവും ക്ലേശപൂർണ്ണവുമായ ആ യാത്ര നിമിത്തം പരിശുദ്ധ മറിയം വിവശയായി, സക്കറിയാസിന്റെ ഭവനത്തിൽ ചെന്നുചേർന്നു. വിനയപൂർവ്വം ഇളയമ്മയെ അവൾ അഭിവാദ്യം ചെയ്തു. അവളുടെ അധരങ്ങളിൽനിന്നും അടർന്നുവീണ വാക്കുകളോടുകൂടി, പ്രസാദവരത്തിന്റെ ഒരു പ്രവാഹം, എലിസബത്തിന്റെ ഗർഭത്തിൽ സ്ഥിതിചെയ്തിരുന്ന ശിശുവിനെ സ്പർശിച്ചു, ഉത്ഭവപാപത്തിൽനിന്നു അതിനെ കഴുകി ശുദ്ധമാക്കി. ആ ശിശു ആനന്ദത്തുന്ദിലനായി, സ്വമാതാവിന്റെ ഉദരത്തിൽ കിടന്നുകൊണ്ടുതന്നെ തുള്ളിച്ചാടി. അവന്റെ അമ്മയായ എലിസബ

ത്തു് പരിശുദ്ധാത്മാവിനാൽ പരിപൂരിതയുമായി. അപ്പോൾ അവൾ, പരിശുദ്ധ മറിയം സ്ത്രീകളിൽ ശ്രേഷ്ഠയെന്നും, അവളുടെ ഉദരഫലം അനുഗ്രഹീതനെന്നും, ഉച്ചൈസ്വരം ഉദ്ഘോഷിച്ചു. അതേ, മാലാഖായുടെ മംഗളവാത്ത വിശ്വസിച്ചതുകൊണ്ടു് അവൾ അനുഗ്രഹീതയും, ദൈവമാതൃസ്ഥാനം ലഭിച്ചതുകൊണ്ടു് അവൾ അതിലുപരി ധന്യയുമായിത്തീർന്നു. ഇങ്ങനെ പരിശുദ്ധ മറിയം ഒരു സൃഷ്ടിയ്ക്കു് പ്രാപിക്കാവുന്നതിൽ ഏറ്റവും ഉന്നതമായ സ്ഥിതിയ്ക്കു് പാത്രമായി. എന്നാൽ, അതെല്ലാം ദൈവത്തിന്റെ കാരുണ്യം കൊണ്ടുമാത്രം സംഭവിച്ചതാണെന്നു് ഏറ്റവുപറഞ്ഞുകൊണ്ടു് അവൾപാടി:— "എന്റെ ആത്മാവു് കർത്താവിനെ വാഴ്ത്തുന്നു. അത്യുന്നതൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു." കണ്ടാലും! നമ്മുടെ അമ്മയുടെ അനുപമമായ സത്യബോധവും തജ്ജന്യമായ എളിമയും!

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, നിന്റെ ഇളയമ്മയായ എലിസബത്തിനെ സന്ദർശിച്ചപ്പോൾ നീ നല്കിയ പരസ്നേഹമാതൃക ഞങ്ങളെ എത്രയധികം ലജ്ജിപ്പിക്കുന്നു! എന്തുകൊണ്ടെന്നാൽ അവശതയനുഭവിക്കുന്ന അയൽക്കാരെ, എന്നുവേണ്ടാ, സ്വന്തം സഹോദരങ്ങളെത്തന്നെ സഹായിക്കുന്നതിനു് സ്വല്പംപോലും ക്ലേശം സഹിക്കാനുള്ള സന്നദ്ധത ഞങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല. അയല്ക്കാരനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹി

ക്കാൻ സാധിക്കയില്ലെന്നു് ഞങ്ങളറിയുന്നു. അതുകൊണ്ടു് സ്നേഹമുള്ള അമ്മേ, ഇനിയെങ്കിലും പരോപകാരകൃത്യങ്ങളും ചെയ്യുകൊണ്ടു് അയൽക്കാരെ സഹായിക്കാനും, കുടുംബാംഗങ്ങളെ കൂടുതൽ സ്നേഹിക്കാനും വേണ്ട അനുഗ്രഹം ദൈവത്തിൽനിന്നു് പ്രാപിച്ചു തരണമെന്നു് നിന്നോടു് ഞങ്ങളും പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

രോഗികളുടെ ആരോഗ്യമേ! ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിയ്ക്കായി ഒരു രോഗിയെ സന്ദർശിച്ചു് സമാശ്വസിപ്പിക്കണം.

എട്ടാം ദിവസം.

വി. യൗസേപ്പിന്റെ സന്ദേഹം.

മൂന്നുമാസത്തോളം പരിശുദ്ധ മറിയം അവളുടെ ഇളയമ്മയുടെ വസതിയിൽ താമസിച്ചു. അനന്തരം സ്വഭവനത്തിലേയ്ക്കു് മടങ്ങിവന്നപ്പോൾ ഒരു ഭയങ്കര പരീക്ഷണഘട്ടമാണു് അവൾക്കു് തരണംചെയ്യേണ്ടിവന്നതു്. ഒരു അഗ്നിപരീക്ഷണത്തിനുതന്നെ അവൾ അധീനയായി. ഏലിസബത്തു് അവളെ ദൈവത്തിന്റെ മാതാവെന്നു് പരസ്യമായി അഭിവാദ്യംചെയ്തിരുന്നു. എന്നാൽ, കന്യകയായ പരിശുദ്ധ മറിയത്തിന്റെ സംരക്ഷകനും

പ്രാണനാഥനുമായിരുന്ന വിശുദ്ധ യൗസേപ്പ്, അവളിൽ സംഭവിച്ച മഹൽകാര്യത്തെപ്പറ്റി യാതൊന്നും അറിഞ്ഞിരുന്നില്ല; അപ്പോൾ അറിയണ്ടായെന്നായിരുന്നു ദൈവചിത്തം. കന്യക ഗർഭം ധരിച്ചിരിക്കുന്നുവെന്നു് മനസ്സിലായപ്പോൾ അദ്ദേഹം സംശയാലുവും സന്താപചിത്തനുമായിത്തീർന്നു. പരിശുദ്ധ മറിയത്തിന്റെ ചാരിത്രശുദ്ധിയിൽ സംശയിക്കുവാൻ അദ്ദേഹത്തിനു് സാദ്ധ്യമായിരുന്നില്ല. കാരണം വിശുദ്ധിയുടെ നവംനവങ്ങളായ മാതൃകകളാണു് ദിനംപ്രതി അവൾ പ്രദർശിപ്പിച്ചിരുന്നതു്. എങ്കിലും കൺമുമ്പിൽ സ്ഥിതിചെയ്യുന്ന യാഥാർത്ഥ്യത്തെ എങ്ങനെ അദ്ദേഹം അവിശ്വസിക്കും? തനിക്കു് അജ്ഞാതവും അവൾക്കു് മാത്രം അറിവുള്ളതുമായ എന്തോ രഹസ്യം ഇതിൽ അടങ്ങിയിട്ടുണ്ടെന്നു് അദ്ദേഹത്തിനു് തോന്നി. അവളെ രഹസ്യമായി പരിത്യജിച്ചു്, വിദൂരമായ വല്ല ദേശത്തേയ്ക്കും പൊയ്ക്കോള്ളാമെന്നതന്നെ നീതിമാനും വിശുദ്ധനുമായ അദ്ദേഹം തീർച്ചപ്പെടുത്തി. പരിശുദ്ധ മറിയം ഭർത്താവിന്റെ ഹൃദയവ്യഥ മനസ്സിലാക്കാതിരുന്നില്ല. എന്നാൽ അവൾ എന്തുചെയ്യും? ദൈവത്തിന്റെ രഹസ്യം പാലിക്കുവാൻ അവൾ ബാദ്ധ്യസ്ഥയാണു്. അവളിൽ ഈ അത്ഭുതം സംഭവിച്ചതു് ദൈവത്തിന്റെ പ്രവൃത്തിമൂലമായിരുന്നതിനാൽ ഈ രഹസ്യം വെളിപ്പെടുത്തി അവളുടെ അഭിമാനം സംരക്ഷിക്കേണ്ടതും, ദൈവത്തിന്റെ കടമയാണെന്നു് അവൾ പൂർണ്ണമായി വിശ്വസിച്ചിരുന്നു. തന്മൂലം ഭർത്താവിനോടു് ഈ രഹസ്യം വെളിപ്പെടുത്താതെ, എളിമയോടെ മൗനമായും സ്ഥിരമായും അവൾ പ്രാർത്ഥിച്ചുപോന്നു. ഒടുവിൽ, ദൈ

വ്വംതന്നെ ഒരു ദൂതനെ വി. യൗസേപ്പിന്റെ പക്കലയച്ചു. ആ ദൂതൻ വിശുദ്ധ യൗസേപ്പിനോടു് "മറിയത്തെ നിന്റെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കരുതു്. അവൾ ഗർഭം ധരിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവു് മൂലമാണു്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവനെ ഈശോ എന്നു പേർ വിളിക്കണം. "അവൻ തന്റെ ജനത്തെ പാപങ്ങളിൽനിന്നു് മോചിപ്പിക്കും" എന്നുപറഞ്ഞു. ദൈവദൂതിയുടെ വചനം ശ്രവിച്ചപ്പോൾ വിശുദ്ധ യൗസേപ്പിന്റെ സംശയം മുഴുവൻ തിരോഭവിച്ചു. അദ്ദേഹം ആനന്ദവും ആശ്വാസവും പ്രാപിക്കയുംചെയ്തു.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, ഇളയമ്മയുടെ ഭവനത്തിൽനിന്നും തിരിയെ വന്നപ്പോൾ നീ ഗർഭിണിയാണെന്നുള്ള വസ്തുത ഗ്രഹിച്ചിട്ടു് വിശുദ്ധ യൗസേപ്പു് സംശയഗ്രസ്തനാകയും തന്മൂലം നീ ആശ്വാസരഹിതയായിത്തീരുകയും ചെയ്തുവല്ലോ. എങ്കിലും സംഗതിയുടെ യാഥാർത്ഥ്യം ആരെയും ധരിപ്പിക്കാതെ ദൈവതിരുമനസ്സിനു് വിധേയയായി ക്ഷമാപൂർവ്വം നീ അതെല്ലാം സഹിക്കയാണല്ലോ ചെയ്തതു്. സ്നേഹമുള്ള മാതാവേ, ഞങ്ങളുടെ കുടുംബജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളൊന്നും അന്യരെ ഗ്രഹിപ്പിക്കാതെയും, ഞങ്ങളെ സംബന്ധിച്ചു് മറ്റുള്ളവർക്കുണ്ടാകുന്ന സംശയങ്ങളും തെറ്റിദ്ധാരണകളും ക്ഷമാപൂർവ്വം സഹിച്ചും, സമാധാനപരമായ കുടുംബജീവിതം പുലർത്തിക്കൊണ്ടു് പോകുന്നതിനുള്ള അനുഗ്രഹം പ്രാപിച്ചു തരണമെന്നു് നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ഏറ്റവും പരിശുദ്ധയായ മാതാവേ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

ദൈനംദിന ജീവിതത്തിൽ നമുക്കനുഭവപ്പെടുന്ന അധിക്ഷേപങ്ങളേയും നിന്ദകളേയും മാതാവിന്റെ സ്തുത്യർത്ഥം ക്ഷമാപൂർവ്വം സഹിക്കുക.

ഒൻപതാം ദിവസം.

പ്രജാപ്രതീക്ഷ

ശതാബ്ദങ്ങളോളം കഴിയുംതോറും പ്രതീക്ഷിതനായിരുന്ന രക്ഷകന്റെ പ്രതിച്ഛായ പ്രവാചകന്മാരുടെ വർണ്ണനകളിലൂടെ ജനതാമദ്ധ്യേ കൂടുതൽ കൂടുതൽ തെളിഞ്ഞു പ്രതിബിംബിച്ചു വന്നു. എന്നാൽ പരിശുദ്ധ മറിയത്തിന്റെ ഉദാരമായ സ്നേഹവും ഉന്നതമായ ജ്ഞാനവും നിമിത്തം, മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷ അവളിൽ തീവ്രമായി ജ്വലിച്ചുകൊണ്ടാണിരുന്നതു്. മിശിഹാ എല്ലാ മനുഷ്യരിലുംവച്ചു് സുന്ദരനാണെന്നും, അവളാൽ നിരന്തരം ചുംബിക്കപ്പെടുവാൻ പോകുന്ന ആ മധുരാധരങ്ങളിൽനിന്നു് കൃപാവരം നിരർഗ്ഗളമായി ലോകത്തിലേയ്ക്കു് ചൊരിയപ്പെടുമെന്നും, ഏതൊരു പ്രവാചകനേക്കാളും കൂടുതലായി അവൾ ഗ്രഹിച്ചിരുന്നു. ശ്രവണമാത്രയിൽ പാപമാകുന്ന മലിനതയെ കഴുകിക്കളയുന്നതിനും, അ

ബ്രാഹത്തിന്റെ മടിയിൽ സ്ഥിതിചെയ്തിരുന്ന ആത്മാക്ക ൾക്കു് പ്രതീക്ഷയുടെ കവാടം തുറന്നു കൊടുക്കുന്നതിനും, നാരകീയശക്തികളെ ബന്ധിക്കുന്നതിനും തികച്ചും പര്യാ പ്തവും, സകല നാമധേയങ്ങളേയുംകാൾ ശ്രേഷ്ഠവുമായ ഒരു നാമധേയം അവനു് നല്കുന്നതിനു് അവൾ അതി യായി ആഗ്രഹിച്ചു. നീതിസൂര്യനായ മിശിഹായുടെ ഉദ യം ദർശിക്കുന്നതിനു് പ്രവാചകന്മാർ ഓരോരുത്തരും ദീർഘകാലം കാത്തിരുന്നതുപോലെ, ഗർഭിണിയായ പരി ശുദ്ധ മറിയം ദിവസങ്ങളും മണിക്കൂറുകളും ഉൽക്കണ്ഠയോ ടെ എണ്ണി നീക്കിക്കൊണ്ടിരുന്നു. മിശിഹാ ആഗമിച്ച പ്പോൾ സ്നാപകയോഹന്നാൻ സന്തോഷാധിക്യത്താൽ മാതാവിന്റെ ഉദരത്തിൽ തുള്ളിച്ചാടിയെന്നുള്ള വസ്തുത അവൾക്കജ്ഞാതമായിരുന്നില്ല. ദിവ്യശിശുവിന്റെ ഹൃ ദയത്തിലെ ഓരോ മിടിപ്പും ദിനംപ്രതി അവളെ അധിക മധികം പരിശുദ്ധയാക്കിത്തീർത്തു. ആസന്നഭാവിയിൽ മിശിഹായെ, വിശ്വാസവെളിച്ചത്തിൽ മാത്രമല്ല, പ്രത്യ ക്ഷ, നഗ്നദൃഷ്ടികൊണ്ടുതന്നെ കാണാമെന്നുള്ള പ്രതീ ക്ഷയിൽ അവൾ ആനന്ദംപൂണ്ടു. മാതാവെന്ന നിലയിൽ മിശിഹായെ കാണുന്നതിനും, ഒരു സൃഷ്ടിയെന്ന നില യിൽ മിശിഹായെ ആരാധിക്കുന്നതിനും മാത്രമെ അവ ൾക്കാഗ്രഹമുണ്ടായിരുന്നുള്ളൂ. വളരെ ജാഗ്രതയോടെ അ വൾ മിശിഹായുടെ ജനനം പ്രതീക്ഷിച്ചിരുന്നു. നിത്യ നും അപരിമേയശക്തനുമായ രക്ഷകനെ ചുമക്കേണ്ടുന്ന തിനുള്ള പിള്ളക്കച്ച അവൾ സ്വയമാക്കി. യുഗയുഗാന്ത രങ്ങളിലെ മഹാരഹസ്യം പൂർത്തിയാക്കപ്പെടുന്നതിനും, ചിരപ്രതീക്ഷിതനായ പരിത്രാതാവിനെ മനുഷ്യരാശി

ക്കു് പ്രദാനം ചെയ്യുന്നതിനും അവൾ അക്ഷമയായി കാത്തിരിക്കയും പ്രാർത്ഥിക്കയും ചെയ്തു.

ജപം.

ദൈവജനനിയായ പരിശുദ്ധ മറിയമേ, ദൈവപുത്രനായ മിശിഹാ നിന്നിൽനിന്നു് പിറക്കാറായിരിക്കുന്ന എന്നുള്ള വസ്തുത ഏതെല്ലാം വിചാരവീചികളാണു് നിന്റെ ഹൃദയത്തിൽ തിരതല്ലുന്നതിനിടയാക്കിയതു്? ഏതെല്ലാം തരത്തിലുള്ള നല്ലനല്ല ആഗ്രഹങ്ങളാണു് നിന്നിൽ കൂടികൊണ്ടിരുന്നതു്? എന്നാൽ, അയ്യോ കഷ്ടം! അതിൽനിന്നും എത്ര വ്യത്യസ്തങ്ങളായ വിചാരങ്ങളും വികാരങ്ങളുമാണു് ഞങ്ങളിൽ സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. പരിശുദ്ധ സ്ഥലമായ ദേവാലയത്തിലും ദിവ്യബലിയുടെ സമയത്തുപോലും ഞങ്ങളിൽ ഉദിച്ചുയർന്നിട്ടുള്ള വിചാരങ്ങളും ആഗ്രഹങ്ങളും ചിലപ്പോൾ എത്രയോ ഹീനങ്ങളായിരുന്നു. അശ്രദ്ധത, അഹങ്കാരം, ആഡംബരപ്രിയം ഇവ ഞങ്ങളിൽ തിരയടിച്ചിരുന്നല്ലോ. ഇനിയെങ്കിലും സദ്വിചാരങ്ങളും നല്ല ആഗ്രഹങ്ങളും മാത്രം ഞങ്ങളിൽ വളരുന്നതിനും, വിശുദ്ധമായ ഒരു ജീവിതം ഞങ്ങൾ നയിക്കുന്നതിനും വേണ്ട അനുഗ്രഹം ഞങ്ങൾക്കു് നീ നേടിത്തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

പ്രവാചകന്മാരുടെ രാജ്ഞി! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിയ്ക്കായി ദുർവിചാരങ്ങളെ തള്ളിക്കളഞ്ഞു് സദ്വിചാരങ്ങളെക്കൊണ്ടു് ആത്മസന്തുഷ്ടി നേടാൻ ശ്രമിക്കുക.

പത്താം ദിവസം.

ബേസ്‌ലഹമിലേയ്ക്കുള്ള യാത്ര.

കാനേഷുമാരിക്കണക്കെടുക്കുന്നതിനു് ഓരോരുത്തരും അവരവരുടെ ജന്മദേശത്തു് ഹാജരായിക്കൊള്ളണമെന്നു് റോമാചക്രവർത്തിയായ അഗസ്റ്റസ് സീസർ വിളംബരം പ്രസിദ്ധപ്പെടുത്തിയതനുസരിച്ചു്, പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും അവരുടെ ജന്മനാടായ ബേസ്‌ലഹമിലേയ്ക്കു് യാത്രചെയ്യേണ്ടിവന്നു. ഡിസംബർ മാസത്തിലെ മരം കോച്ചുന്ന മഞ്ഞുകാലത്തു് പൂർണ്ണഗർഭിണിയായിരുന്ന പരിശുദ്ധ മറിയം, വിശുദ്ധ യൗസേപ്പിനോടുകൂടി നസറസ്സിൽനിന്നു് ഉദ്ദേശം 80 മൈൽ ദൂരമുള്ള ബേസ്‌ലഹമിലേയ്ക്കു് അതായതു്, അവരുടെ രണ്ടുപേരുടെയും പൂർവ്വികനായിരുന്ന ദാവീദിന്റെ ദേശത്തേയ്ക്കു്-കാൽനടയായി പുറപ്പെട്ടു. യാത്രയിൽ, ഓരോ ദേശവും പല പൂർവ്വസ്മരണകൾ അവരിൽ തട്ടിയുണർത്തിക്കൊണ്ടിരുന്നു. ഇസ്രായേൽക്കാരുടെ പ്രതാപവും, സ്വന്തം ജനതയുടെ സന്തോഷവിഷയവും, ധീരയുമായ 'ജൂഡിത്തു്' സ്വയം വെട്ടിത്തുറന്ന മലയിൽക്കൂടിയുള്ള പാതയും, അബ്രാഹത്തിന്റെ സന്താനങ്ങൾക്കു് വാഗ്ദാനം ചെയ്യ

പ്പെട്ട ഭൂമിയിൽ അയാൾ ആദ്യമായി ബലിപീഠം നിർമ്മിച്ച സ്ഥലവും, യാക്കോബിന്റെ കിണർ അപ്പോഴും സ്ഥിതിചെയ്തിരുന്ന 'സിക്കം' എന്ന താഴ്വരയും അവർ കണ്ടു. യഥാർത്ഥത്തിൽ ദൈവത്തിന്റെ ആലയവും, സത്യത്തിന്റെ കവാടവുമായ 'ബഥേൽ' എന്ന സ്ഥലവും അവർ കടന്നുപോയി. കൊയ്ത്തുകാർ ഉപേക്ഷിച്ചുപോയ ധാന്യം 'റൂത്ത്' പെറുക്കിയെടുത്ത വയലുകളിൽക്കൂടിയും, ദാവീദ് ആടുകളെ മേച്ചിരുന്ന സ്ഥലത്തുകൂടിയും, സഞ്ചരിച്ച ശേഷമാണ് ഒരു കുന്നിൻപുറത്ത് സ്ഥിതിചെയ്തിരുന്ന 'ബേത്ലഹേം' ഗ്രാമത്തിൽ അവർ ചെന്നുചേർന്നത്. അന്നവിടെ അന്യോന്യം അപരിചിതരായ അനേകം പേർ തടിച്ചുകൂടിയിരുന്നു. വിനോദരംഗങ്ങളിൽ നിന്നുളവായിരുന്ന ശബ്ദകോലാഹലംകൊണ്ട് അന്തരീക്ഷം മുഖരിതമാക്കപ്പെട്ടു. പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും യാത്രാക്ലേശംകൊണ്ട് വിവശരായിരുന്നു. പൂർണ്ണഗർഭിണിയായിരുന്ന പരിശുദ്ധ മറിയത്തിന്റെ ദയനീയാവസ്ഥ ആരിലും അനുകമ്പ ജനിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. പക്ഷെ അവർ ദരിദ്രരും അപ്രസിദ്ധരും ആയിരുന്നതുകൊണ്ട് ആരും അവരെ സ്വീകരിച്ചില്ല. ദാവീദിന്റെ പുത്രനും അയാളുടെ മാതാപിതാക്കൾക്കും നിന്ദാപൂർവ്വമായ തിരസ്ക്കരണമാണ് അവിടെ ലഭിച്ചത്. ആ രാത്രി കഴിച്ചുകൂട്ടുവാൻ ഒരു സങ്കേതം തേടി അവർ വീടുതോറും നടന്നു. ഒടുവിൽ ഗത്യന്തരമില്ലെന്നുകണ്ട്, ഗ്രാമത്തിനുവെളിയിലുള്ള ഒരു കുന്നിലേയ്ക്ക് അവർ കയറിച്ചെന്നു. അതിന്റെ ഒരു വശത്തുള്ള ഒരു കാലിത്തൊഴുത്തിലാണ് അവർക്ക് വിശ്രമസ്ഥാനം ലഭിച്ചത്. അവി

ടെ കഴുതയുടെയും കാളയുടെയും മദ്ധ്യേ, മിശിഹായുടെ മാതാവു് ദൈവപുത്രന്റെ ജനനം പ്രതീക്ഷിച്ചു് വസിക്കേണ്ടിവന്നു.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, ബെസ്ല ഹത്തേയ്ക്കുള്ള യാത്രയിൽ നീ അനുഭവിച്ച അവശതയും അവഗണനയും അവാച്യമായിരുന്നല്ലോ. ഗ്രാമത്തിലുള്ളവർ ആരും നിന്നെ സ്വീകരിക്കാതിരുന്നപ്പോഴും, രാത്രിയിൽ വസിക്കുന്നതിനു് സത്രത്തിൽപ്പോലും സ്ഥലം കിട്ടാതിരുന്നപ്പോഴും നീ അനുഭവിച്ച ദുഃഖം ഉസ്സഹം തന്നെയായിരുന്നു. എന്നാൽ ഈ പ്രതികൂല സാഹചര്യങ്ങളെ നീ സന്തോഷപൂരസ്സരം സഹിക്കയാണല്ലോ ചെയ്തതു്! സ്നേഹമുള്ള അമ്മേ, ഞങ്ങൾ നിന്നെ അനുകരിച്ചു്, ഞങ്ങൾക്കു് നേരിടുന്ന അധിക്ഷേപങ്ങളും അവഗണനയും അത്യുൽക്കൃഷ്ടങ്ങളായ അനുഗ്രഹങ്ങൾക്കു് നിദാനമെന്നു് കരുതി അവയെല്ലാം സമചിത്തതയോടെ സഹിക്കുന്നതിനുള്ള അനുഗ്രഹം നീ ഞങ്ങൾക്കു് നേടിത്തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ദാവീദിന്റെ കോട്ടയേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

അധിക്ഷേപങ്ങളെ സന്തോഷപൂർവ്വം സഹിച്ചു് മാതാവിനു് കാഴ്ചവയ്ക്കുക.

പതിനൊന്നാം ദിവസം.

അർദ്ധരാത്രിയിലെ അജ്ഞാതഗ്രഹം.

നിശാവേളയിലെ നിശ്ശബ്ദതയിൽ മറിയത്തിന്റെ ആത്മാവു് അവാച്യമായ ആനന്ദംകൊണ്ടു് നിറഞ്ഞു. അവളുടെ സ്നേഹപാരവശ്യത്തിൽ, ദൈവപുത്രനായ മിശിഹാ അവളിൽനിന്നു പിറന്നു. എല്ലാ സൃഷ്ടികളിലുംവച്ചു് മറിയമായിരുന്ന അവതരിച്ച മിശിഹായുടെ മുഖം പ്രഥമമായി ദർശിച്ചതു്. അപ്പോൾ അവൾ അനുഭവിച്ച ആനന്ദം അനുപമമായിരുന്നു. നിരാശ്രയനായും നിസ്സഹായനായും ശയിക്കുന്ന ആ ശിശുവിനെ അവൾ സ്രഷ്ടാവും ദൈവവുമായി ആരാധിച്ചു. കുളിരുകൊണ്ടു് വിറച്ചിരുന്ന ദിവ്യകുഞ്ഞിനെ അവൾ മാറോടടുപ്പിച്ചു് ചൂടുപിടിപ്പിച്ചു. വിറയ്ക്കുന്ന പിഞ്ചുകൈകാലുകളെ അവൾ പിള്ളക്കച്ചകൊണ്ടു് ചുറ്റിക്കെട്ടി അവനെ കാലിത്തൊഴുത്തിലെ വൈക്കോലിൽ കിടത്തി. ആ അടയാളംകൊണ്ടു് മിശിഹായെ തിരിച്ചറിഞ്ഞു് ആരാധിക്കുന്നതിനു് വാനഭൂതന്മാർ ആട്ടിടയരെ പഠിപ്പിച്ചു. പൗരസ്ത്യദേശങ്ങളിൽനിന്നു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ബേസ്‌ലഹമിൽ വന്നു. അവർ ഹേറോദേസു് രാജാവിന്റെ അരമനയിൽ പ്രവേശിച്ചെങ്കിലും, അവിടെ താമസിക്കാതെ നേരെ മിശിഹാ ശയിച്ചിരുന്ന ഗ്രഹയിലേയ്ക്കാണു് പുറപ്പെട്ടതു്. അവിടെ അവർ ദിവ്യശിശുവിനെ ദർശിക്കയും അവർ കൊണ്ടുവന്നിരുന്ന സ്വർണ്ണം, മീറാ, കുന്തിരിക്കം എന്നീ രാജോചിതമായ സമ്മാനങ്ങൾ മിശിഹായ്ക്കു് തിരുമുൽ

ക്കാഴ്ചയായി സമർപ്പിക്കയും ചെയ്തു. ഈ സമ്മാനങ്ങൾ മിശിഹായ്ക്ക് തികച്ചും സമുചിതമായിരുന്നു. എന്തുകൊണ്ടെന്നാൽ ദിവ്യശിശുവിന്റെ രാജത്വത്തെ സ്വർണ്ണവും, മനുഷ്യത്വത്തെയും ദൈവത്വത്തെയും മീറയും കുന്തിരിക്കവും ദ്യോതിപ്പിച്ചു. എങ്കിലും സ്വന്തം ജീവിതത്തിനു് അത്യന്താപേക്ഷിതങ്ങളായിരുന്ന വസ്തുവകകൾപോലും മിശിഹായ്ക്കുണ്ടായിരുന്നില്ല. മറിയം മനസ്സിലാക്കി, ഈ ഗതികേടും ദാരിദ്ര്യവും മിശിഹാ സ്വമനസ്സാലെ തെരഞ്ഞെടുത്തതാണെന്നു്. അതേ, വിശുദ്ധ പൗലോസു് പ്രസ്താവിക്കുന്നതുപോലെ "സർവ്വസമ്പന്നനായ ദിവ്യരക്ഷകൻ തന്റെ ദാരിദ്ര്യംമൂലം നമ്മെ ധനികരാക്കുന്നതിനു് നമ്മെക്കുറിച്ചു് സ്വയം നിർധനനായിത്തീർന്നു."

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, ബേത്ലഹം ഗ്രഹയിലെ കാലിത്തൊഴുത്തിൽ നീ ദിവ്യശിശുവിനെ പ്രസവിക്കുകയും ദാരിദ്ര്യത്തിന്റെ മൂർദ്ധന്യത്തിലും ആ തൊഴുത്തു് നിനക്കു് കനകക്കൊട്ടാരംപോലെ ഭവിക്കുകയും ചെയ്തതുകണ്ടു് ഞങ്ങൾ വിസ്മയിക്കുന്നു. മഹാദരിദ്രനായി ജീവിച്ചുമരിച്ച മിശിഹായുടെ മഹനീയ മാതൃകയാണു് ദാരിദ്ര്യത്തെ സ്നേഹിക്കുന്നതിനു് നിന്നെ പ്രേരിപ്പിച്ചതെന്നു് ഞങ്ങളറിയുന്നു. സ്നേഹമുള്ള അമ്മേ, ഞങ്ങൾ അനുഭവിക്കേണ്ടി വരുന്ന ദാരിദ്ര്യക്ലേശംമൂലം ദൈവത്തെയോ, വിശ്വാസാനുഷ്ഠാനങ്ങളെയോ കൈവെടിയാതെ ദൈവത്തിൽമാത്രം ശരണപ്പെട്ടുകൊണ്ടു് ജീവിക്കാനുള്ള അനുഗ്രഹം ഞങ്ങൾക്കു് നീ നേടിത്തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ഏറ്റവും ദരിദ്രയായി ജീവിച്ച മാതാവേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിക്കായി ഒരു ഭിക്ഷുവിനു് ധമ്മം കൊടുക്കുക.

പന്ത്രണ്ടാം ദിവസം.

ശുദ്ധീകരണം.

ദിവ്യശിശുവിന്റെ തിരുപ്പിറവിയുടെ നാല്പതാം ദിവസം, മൂശയുടെ പ്രമാണമനുസരിച്ചു്, പരിശുദ്ധ മറിയം പുത്രനെയുംകൊണ്ടു് ദേവാലയത്തിലേയ്ക്കുപോയി. അവനെ അവൾ ദൈവത്തിനുകാഴ്ചവച്ചു. പഴയനിയമത്തിലെ മാതാക്കൾക്കു് നിശ്ചയിക്കപ്പെട്ടിരുന്ന ശുദ്ധീകരണകർമ്മം നിർവ്വഹിച്ചുകൊണ്ടു് അവൾ സ്വയം എളിമപ്പെട്ടത്തി. ആ ദേവാലയത്തിലായിരുന്ന അവൾ പന്ത്രണ്ടു വർഷം പാപരഹിതമായ ഒരു ജീവിതം നയിച്ചതു്. അവളുടെ കന്യാത്വത്തെ ദൈവത്തിനു കാഴ്ചവച്ചതു് അവിടെവച്ചായിരുന്നു. ഇപ്പോൾ അവൾ അങ്ങോട്ടു ചെന്നതു് കന്യകയായിത്തന്നെ ആയിരുന്നെങ്കിലും, ദൈവത്തിന്റെ അത്ഭുതകരമായ ശക്തിമൂലം ഒരു ശിശുവിനെ കൈയിലേന്തിയ മാതാവായിട്ടത്രെ. പരിശുദ്ധ സ്ഥലത്തു് പ്രവേശിച്ചു് ശിശുവിനെ ശെമയോന്റെ കരങ്ങ

ളിൽ ഏല്പിച്ചപ്പോൾ മറിയത്തിന്റെയും മിശിഹായുടെയും ബാഹ്യവേഷത്തിൽ ഒരു പ്രത്യേകതയും ഉണ്ടായിരുന്നില്ല. എന്നാൽ ശിശുവിനെ ദർശിച്ച മാത്രയിൽത്തന്നെ അവൻ ദൈവപുത്രനാണെന്നു് ശെമയോൻ ഗ്രഹിച്ചു കഴിഞ്ഞു. ആ ശിശുവായിരുന്ന അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെയും, പ്രതീക്ഷയുടെയും, ജീവിതാഭിലാഷത്തിന്റെയും ഏക വിഷയം. ശെമയോനു് ഈ കാഴ്ച സചൂം തന്നെയായിരുന്നുവെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. അതിന്റെ ആനന്ദാനുഭൂതിയിൽ അദ്ദേഹം മതിമറന്നു്, സന്തോഷാധിക്യത്താൽ സ്വരം ഉയർത്തി "ദൈവത്തിന്റെ രക്ഷയും, വിജാതീയർക്കു് വെളിപാടിന്റെ വെളിച്ചവും, ഇസ്രായേൽക്കാരുടെ മഹത്വവും യാതൊന്നാണോ അതു് എന്റെ നയനങ്ങൾ ദർശിച്ചു. ഞാൻ ഇനി സമാധാനത്തിൽ മരിക്കും." എന്നു പ്രസ്താവിച്ചു. അദ്ദേഹം അനേക കാലങ്ങളായി അന്വേഷിച്ചുകൊണ്ടിരുന്ന രക്ഷകൻ അങ്ങനെ തന്റെ ദേവാലയത്തിൽ ചെന്നു ചേർന്നു. പരിശുദ്ധ മറിയം അത്യുൽകൃഷ്ടവും അത്യഗാധവുമായ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിച്ചു് അത്ഭുതപ്പെട്ടു. എന്തെന്നാൽ തന്മൂലം അവളുടെ ശിശുവിന്റെ ഭാവിമഹത്വം പ്രഖ്യാപിതമായി. അങ്ങനെ ഏറ്റവും അപ്രസിദ്ധമെന്നു് വിചാരിക്കപ്പെട്ടിരുന്ന അവളുടെ പ്രകാശവും സർവത്ര പ്രചരിച്ചു.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, ദിവ്യശിശുവിനെ പ്രസവിച്ചതിന്റെ നാല്പതാം ദിവസം ശുദ്ധീക

രണം നിർവഹിക്കുന്നതിനായി അവനെയുംകൊണ്ടു് നീ ദേവാലയത്തിലേയ്ക്കു് പോയല്ലൊ. ഇങ്ങനെ മതപരമായ കർമ്മാനുഷ്ഠാനത്തിൽ നീ പ്രദർശിപ്പിച്ച മഹാജാഗ്രതയും കൃത്യനിഷ്ഠയും ഞങ്ങളെ വിസ്മയിപ്പിക്കതന്നെ ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നിസ്സാര കാരണങ്ങൾകൊണ്ടും അല്പമായ അസൗകര്യം നിമിത്തവും ഞങ്ങൾ മതാചരണങ്ങളിൽനിന്നു് വ്യതിചലിക്കാറുണ്ടു്. എന്നാൽ സ്നേഹമുള്ള അമ്മേ, ഇനി മേൽ നിന്റെ മാതൃക അനുസരിച്ചു് ഞങ്ങൾ മതാനുഷ്ഠാനങ്ങളെ മുറുകെപ്പിടിക്കാനും, ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ പാദങ്ങളെ അനുഗമിച്ചു്, നയനങ്ങളുടെ അന്ധതയേക്കാൾ ജീവിതത്തിന്റെ അന്ധതയെ കൂടുതൽ ഭയപ്പെട്ടു്, മാതൃകായോഗ്യമായ ഒരു ജീവിതം നയിക്കാനും വേണ്ട ദൈവാനുഗ്രഹം ഞങ്ങൾക്കു നീ പ്രാപിച്ചുതരണമെന്നു് നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

നീതിയുടെ സൂര്യനേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിക്കായി ഒരു കർബ്ബാന കണ്ടു് കാഴ്ചവയ്ക്കുക.

പതിമൂന്നാം ദിവസം.

ശെമയോന്റെ പ്രവചനം.

(മാതാവിന്റെ ഒന്നാമത്തെ വ്യാകുലം)

ദിവ്യശിശുവിനെ ദർശിച്ച മാത്രയിൽ അവന്റെ പുകഴ്ചകളെ ശെമയോൻ വർണ്ണിക്കാൻതുടങ്ങി. മിശിഹാ ആഗമിച്ചിരിക്കുന്നുവെന്നു് ദൈവത്തിന്റെ ആലയത്തിൽവച്ചു് ആരാധകരോടു് അദ്ദേഹം പ്രഖ്യാപിച്ചു. ആ വാക്കുകൾ കേട്ടു് പരിശുദ്ധ മറിയം ആനന്ദം പൂണ്ടു. എന്നാൽ അടുത്ത ക്ഷണത്തിൽ അദ്ദേഹം അവളെസ്സംബന്ധിച്ചു് പ്രസ്താവിച്ച വാക്കുകൾ ശ്രവിച്ചപ്പോൾ അവളുടെ സന്തോഷം സന്താപമായിപ്പരിണമിക്കുകയാണുണ്ടായതു്. ലോകത്തിന്റെ പ്രകാശവും ഇസ്രായേലിന്റെ പ്രതാപവുമായ ആ ശിശു സ്വന്തം പീഡകളാലും മരണത്താലും അവളുടെ ഹൃദയത്തെ ഭേദിക്കുന്ന ഒരു വാളായിത്തീരുമെന്നായിരുന്നു ആ വാക്കുകൾ. വിശുദ്ധ ലിഖിതങ്ങളിൽനിന്നു് അവൾ ഗ്രഹിച്ചിരുന്നു, ലോകരക്ഷകൻ മനുഷ്യരാശിക്കുവേണ്ടി പീഡകൾ സഹിക്കണമെന്നു്. എന്നാൽ ആ പീഡകൾ ഏതു വിധത്തിലുള്ളവയായിരിക്കുമെന്നുള്ള വിപുലവും വിശദവുമായ ജ്ഞാനം ഇതു മുതലാണു് അവൾക്കു് ലഭിച്ചതു്. നരവർഗ്ഗത്തിലും നാരകീയ വർഗ്ഗത്തിലും പെട്ടവരുടെ ദുഷ്ടതയ്ക്കും ആക്ഷേപത്തിനും മിശിഹാ വിഷയമായിത്തീരുമെന്നും അവനെ ജനങ്ങൾ വിദ്ധ്വിയെന്നും, ഭോജനപ്രിയനെന്നും, പാഷണ്ഡിയെന്നും, പിശാചു് ബാധിതനെന്നും, ദൈവദൂഷണക്കാരനെന്നും,

ഭ്രാന്തനെന്നും, വിളിക്കുമെന്നും, സ്വന്തം ജനങ്ങൾതന്നെ അവന്റെ നിഷ്ക്കന്മഷമായ രക്തം ഊറ്റിക്കുടിക്കാനാഗ്രഹിക്കുമെന്നും, ഒടുവിൽ അവർ അവനെ അധിക്ഷേപിക്കുകയും, അടിക്കുകയും, അവന്റെ മുഖത്ത് തുപ്പുകയും ചെയ്തശേഷം അതിഭാരുണമായ മരണമേല്പിച്ച് വധിക്കുന്നതിനായി, കൊണ്ടുപോകുമെന്നും വി. ഗ്രന്ഥത്തിലെ പ്രവചനങ്ങൾനിന്നും കൂടുതലായി അവളറിഞ്ഞു. അതിനുശേഷം ഈ ദർശനം പരിശുദ്ധ മറിയത്തിന്റെ കൺമുൻപിൽ എപ്പോഴും സജീവമായിത്തന്നെ സ്ഥിതി ചെയ്തിരുന്നു. തന്മൂലം അവർക്ക് ആ ശിശുവിനോടുള്ള വാത്സല്യവും സ്നേഹവും തീക്ഷ്ണതരമായ കലർന്നതായിത്തോന്നി. ദിവ്യശിശുവിനെ പുറത്തിക്കെട്ടിയിരുന്ന പിള്ളക്കച്ചകൾ പിന്നീട് ഗദ്സമൻ തോട്ടത്തിൽവച്ച് മിശിഹായെ കെട്ടാനുപയോഗിച്ച കയറുകളായും, അവർ നല്കിയ സ്തന്യം കുരിശിൽ കിടന്നുകൊണ്ട് മിശിഹാ കുടിച്ച മുന്തിരിച്ചാറായും, ദിവ്യശിശുവിന്റെ കരച്ചിൽ മരണനേരത്തെ ദീനരോദനമായും അവർക്ക് തോന്നി. ഇങ്ങനെ ഒരു വാൾ പരിശുദ്ധ മറിയത്തിന്റെ ഹൃദയത്തിൽ തുളഞ്ഞു കയറുകയും, അതോടുകൂടി സന്താപപൂർണ്ണമായ അവളുടെ ജീവിതം സമാരംഭിക്കയുംചെയ്തു. ഇതായിരുന്നു പരിശുദ്ധ മറിയത്തിന്റെ ഒന്നാമത്തെ വ്യാകുലം.

തന്റെ പുത്രൻ മരിക്കുമെന്നു ദാവീദു രാജാവും, തന്റെ ഏകപുത്രനായ ഇസഹാക്കിനെ ദൈവത്തിനു ബലിയർപ്പിക്കേണ്ടതു തന്റെ കടമയാണെന്നു ഗോത്രപിതാവായ അബ്രാഹവും മനസ്സിലാക്കിയപ്പോൾ

അവർ രണ്ടുപേരും എത്രയധികം സങ്കടമാണനുഭവിച്ചതെന്നു് പ്രസ്താവിക്കാൻ പ്രയാസം. എന്നാൽ പരിശുദ്ധ മറിയം സ്വപുത്രന്റെ ഭാവിപീഡകളെയും മരണത്തെയുംപറ്റി അറിഞ്ഞതിനുശേഷം മുപ്പത്തിമൂന്നുവർഷം അനുഭവിച്ച വ്യാകുലം അവർണ്ണ്യമത്രേ.

ജപം.

വ്യാകുലമാതാവേ, പരിശുദ്ധ മറിയമേ, ദൈവാലയത്തിൽവച്ചു് ശെമയോൻ എന്ന പുണ്യാത്മാവു്, മിശിഹാ അനുഭവിക്കുന്ന പീഡകളം നിമിത്തം നീ ഉടനെ ദുഃഖാഗ്നിയിൽ ആഴ്ത്തപ്പെടുമെന്നു് പ്രവചിച്ചപ്പോൾ, നിന്റെ ഹൃദയം സന്താപചിന്തയാൽ വെന്തു നീറിയല്ലോ. ഞങ്ങളുടെ പാപങ്ങൾക്കു് പരിഹാരമായിട്ടാണു് മിശിഹാ പീഡകളം സഹിച്ചതു്. അതിനാൽ നിന്റെ അതികഠിനമായ വ്യാകുലതകൾക്കും ഞങ്ങളുടെ പാപം കാരണമായി എന്നതിനു സംശയമില്ല. ആകയാൽ, സ്നേഹമുള്ള അമ്മേ, നിന്റെ തിരുക്കുമാരന്റെ പീഡകളുടെ സ്മരണയിൽ, പാപരഹിതരായി ജീവിച്ചു് നിത്യരക്ഷ പ്രാപിക്കുന്നതിനുള്ള പ്രസാദവരം ഞങ്ങൾക്കു് ലഭിക്കുന്നതിനായി പ്രാർത്ഥിക്കണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

രക്ഷിതാവിന്റെ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സൽക്കൃത്യം.

കുറച്ചു സമയം മിശിഹായുടെ പീഡാനുഭവങ്ങളെപ്പറ്റി ധ്യാനിക്കുക.

പതിനാലാം ദിവസം.

ഈജിപ്തിലേയ്ക്കുള്ള പലായനം.
(മാതാവിന്റെ രണ്ടാമത്തെ വ്യാകുലം)

ശെമയോന്റെ പ്രവചനം കേട്ട് സന്തപ്തചിത്തയായ പരിശുദ്ധ മറിയം, ശുദ്ധീകരണത്തിനുശേഷം ബേസ്‌ലഹത്തേയ്ക്കു മടങ്ങി. എന്നാൽ, ഹേറോദേസ് രാജാവ് ദിവ്യശിശുവിനെ വധിക്കുവാൻ യത്നിക്കുന്നതിനാൽ ശിശുവിനെയും മാതാവിനെയും കൂട്ടിക്കൊണ്ട് ഉടനെ ഈജിപ്തിലേയ്ക്ക് പലായനം ചെയ്യണമെന്ന് ഒരു ദിവസം ദൈവദൂതൻ നിദ്രയിലാണ്ടിരുന്ന യൗസേപ്പിനോടാജ്ഞാപിച്ചു. പരിശുദ്ധ മറിയത്തിന്റെ നാമത്തിൽ മഹാനായ അൽബത്തോസ് ചോദിക്കുന്നു:- 'ഹാ, ദൈവമേ, മനുഷ്യരെ പരിത്രാണം ചെയ്യാൻ വന്നവൻ അവരിൽ നിന്ന് പലായനം ചെയ്യണമെന്നോ?' യാത്രയിൽ സുരക്ഷിതമായിരിക്കാനുള്ള മാർഗ്ഗത്തെപ്പറ്റിയോ, അവരുടെ ആഹാരകാര്യത്തെക്കുറിച്ചോ, വിദേശവാസത്തിന്റെ ദൈർഘ്യത്തെസ്സംബന്ധിച്ചോ ആ ദൂതൻ യാതൊന്നും വെളിപ്പെടുത്തിയുമില്ല. വിശുദ്ധ യൗസേപ്പുമൂലം അറിയിക്കപ്പെട്ട ദൈവത്തിന്റെ തിരുമനസ്സു മാത്രമേ പരിശുദ്ധ മറിയം ആരാഞ്ഞിട്ടുള്ളൂ. തൽക്ഷണം ആവലാതിയും പി

റചിറപ്പും കൂടാതെ, ദിവ്യശിശുവിനെയും വഹിച്ചുകൊ
ണ്ടു് പരിശുദ്ധ മറിയം യാത്രയായി. ഈജിപ്തിലെത്താൻ
ഉദ്ദേശം നാനൂറുമൈൽ സഞ്ചരിക്കണം. അവിടെ ചെ
ന്നെത്തുന്നതിനു് മുപ്പതുദിവസത്തെ യാത്രയും ആവശ്യ
മായിരുന്നു. സഞ്ചാരയോഗ്യമല്ലാത്ത വഴികളും, മണല
രണ്യവും അവർക്കു് തരണം ചെയ്യേണ്ടിവന്നു. ആ അവസ
രത്തിൽ പരിശുദ്ധ മറിയം ഏറെക്കുറെ പതിനഞ്ചുവയ
സ്സുള്ള ഒരു യുവതിയും, ക്ഷീണിതഗാത്രയുമായിരുന്നതു
നിമിത്തം, അവർക്കു് ഭക്ഷണവും ഭവനവും വിശ്രമവും
അപരിത്യാജ്യങ്ങളായിരുന്നു. എന്നാൽ ഉണ്ണിഈശോയു
ടെ ജീവൻ അപകടത്തിലായിരുന്നതുകൊണ്ടു് ഇവയെ
ല്ലാം അവഗണിച്ചു് അവർ യാത്രചെയ്തു. യുഗങ്ങൾക്കു്
മുൻപു് ഇസ്രായേൽ ജനതതി അവർക്കു് ദൈവത്താൽ
വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിയിലേയ്ക്കുള്ള പ്രയാണമദ്ധ്യേ,
ദൈവത്തിന്റെ പേടകവും വഹിച്ചുകൊണ്ടു് യാത്രചെ
യ്ത മരുഭൂമിയിൽക്കൂടിയാണു്, ഇപ്പോൾ ദൈവത്തിന്റെ
സജീവപേടകമായ ഉണ്ണിഈശോയെ കരങ്ങളിൽ സംവ
ഹിച്ചുകൊണ്ടു് പരിശുദ്ധ മറിയം യാത്രചെയ്തതു്. ഇങ്ങ
നെ അഭയാർത്ഥികളായി അലഞ്ഞുനടന്ന തിരുക്കുടുംബം
ഒടുവിൽ ഈജിപ്തിലെ 'ഹെലിയോപ്പൊളീസു്' എന്ന
സ്ഥലത്തു് അഭയം പ്രാപിക്കയും, ഹേറോദേസു രാജാവു്
മരിച്ചുവെന്നു് മാലാഖാ വീണ്ടും അറിയിച്ചതുവരെ അവി
ടെത്തന്നെ താമസിക്കയും ചെയ്തു.

എന്നാൽ യാത്രയിൽ തിരുക്കുടുംബം സഹിച്ചക്ലേശം
തികച്ചും അവർണ്ണ്യമായിരുന്നു. വന്യമൃഗങ്ങളും, ക്രൂരമോ

ഷ്ടാക്കളും വിഹരിച്ചിരുന്ന സ്ഥലങ്ങളിൽക്കൂടിയും, ഇരു ന്നൂറനാഴികയോളം നീണ്ടുനിവർന്നു കിടന്നിരുന്ന മണല രണ്യത്തിൽക്കൂടിയും, അവക്കു് സഞ്ചരിക്കേണ്ടിയിരുന്നു.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, സ്വർഗ്ഗത്തി ൽനിന്നുള്ള ദൈവദൂതന്റെ കല്പന കേട്ട ക്ഷണത്തിൽ, അതു് പ്രായോഗികമാക്കുന്നതിനുള്ള പ്രയാസങ്ങളെപ്പ റ്റി ചിന്തിക്കാതെ, അർദ്ധരാത്രിയിൽത്തന്നെ നീ യാത്ര യാരംഭിച്ചുവല്ലോ. ദിവ്യശിശുവിന്റെ പ്രാണനെ ഹേ രോദേസു് രാജാവിന്റെ വാളിൽനിന്നു് രക്ഷിക്കുന്നതി നുവേണ്ടി വിദേശത്തേയ്ക്കു് ചെയ്ത ആ പലായനം തിക ച്ചും ദുരിതപൂർണ്ണമായിരുന്നു. ഈ സംഭവത്താൽ നീ നല്കു ന്ന അനുസരണത്തിന്റെ ദൃഷ്ടാന്തം എത്ര അമൂല്യമാ കുന്നു! സ്നേഹമുള്ള അമ്മേ, ഞങ്ങളും, ധീരതയോടെ അ ധികാരികളെ അനുസരിച്ചും, പാപഹേതുക്കളെ പരിത്യ ജിച്ചും, പരിശുദ്ധമായ ജീവിതം നയിക്കുന്നതിനുള്ള അ നുഗ്രഹം ഞങ്ങൾക്കു് നേടിത്തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

വാഗ്ദാനത്തിന്റെ പേടകമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

നമ്മെ വലയം ചെയ്യുന്ന പാപഹേതുക്കൾ ഏവയാ ണെന്നു് പര്യാലോചിച്ചു കണ്ടുപിടിച്ചു് അവയെ പരി ത്യജിക്കുക.

പതിനഞ്ചാം ദിവസം.

മിശിഹായുടെ തിരോധാനം.

(മാതാവിന്റെ മൂന്നാമത്തെ വ്യാകുലം)

തിരുക്കുടുംബം മാലാഖായുടെ നിർദ്ദേശമനുസരിച്ച്, ഈജിപ്തിൽനിന്ന് നസറസ്സിലേയ്ക്ക് മടങ്ങി. അവിടെ വന്നിട്ട് ഇപ്പോൾ അഞ്ചുവർഷം കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ മിശിഹാ ശൈശവം കഴിഞ്ഞ് ഒരു ബാലനായിത്തീർന്നു. ഇപ്പോൾ സംസാരിക്കുന്നതിനും, പ്രവർത്തിക്കുന്നതിനുമുള്ള ശക്തി മിശിഹായ്ക്കു ലഭ്യമായിട്ടുണ്ട്. സ്വപുത്രന്റെ ആരോഗ്യപൂർണ്ണമായ ഈ വളർച്ച പരിശുദ്ധ മറിയത്തിന്റെ മാതൃഹൃദയത്തിനു വളരെ പ്രിയംകരമായിരുന്നുവെന്നു് പറയേണ്ടതില്ലല്ലോ. അക്കൊല്ലവും, പെസഹാതിരുനാളിനു് അവരെല്ലാവരും കൂടി മുൻപതിവനുസരിച്ച് ജറുസലത്തേയ്ക്കുപോയി. എട്ടു ദിവസത്തേയ്ക്കായിരുന്ന തിരുനാളാഘോഷം. ഏഴാം ദിവസം സന്ധ്യയോടുകൂടി പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും വ്യത്യസ്തങ്ങളായ വഴികളിൽക്കൂടി സ്വഭവനത്തിലേയ്ക്കു് യാത്രതിരിച്ചു. ആ യാത്രയിൽ അവർ പരസ്പരം കണ്ടുമുട്ടിയതു്, എല്ലാവരും ഒരുമിച്ചു കൂടുന്നതിനു് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരുന്ന ഒരു സ്ഥലത്തു് വച്ചായിരുന്നു. പിതാവിന്റെ കൂടെ മിശിഹാ ഉണ്ടായിരിക്കുമെന്നു് മാതാവും, മാതാവിന്റെ കൂടെ ഉണ്ടായിരിക്കുമെന്നു് പിതാവും കരുതിയിരുന്നു. രാത്രിയിൽ അവർ തമ്മിൽ കണ്ടുമുട്ടിയപ്പോഴാണു്, മിശിഹാ അവരോടുകൂടെയില്ലെന്നു് അ

വർ ഗ്രഹിച്ചതു്. മനുഷ്യരിൽവച്ചു് ഏറ്റവും അനുസരണയുള്ള മിശിഹാ അങ്ങനെ കൈവിട്ടുപോയതിനു് ഒരു കാരണവും അവർ കണ്ടില്ല. തന്റെ വേർപാടു് മാതാപിതാക്കൾക്കു് മഹാസങ്കടത്തിനു് കാരണമാകുമെന്നു് മിശിഹായ്ക്കറിയാമായിരുന്നു. എന്നിട്ടും, അവരോടു് ഒരു വാക്കുപോലും പറയാതെയാണു് മിശിഹാ അവരിൽനിന്നു് പിരിഞ്ഞുനിന്നതു്.

ഇനി എന്താണു് ചെയ്യേണ്ടതെന്നു് അവർ പരസ്പരം ആലോചിച്ചു. മടങ്ങിച്ചെന്നു് ബന്ധുമിത്രാദികളുടെ ഇടയിൽ പുത്രനെ അന്വേഷിക്കുന്നതുമാത്രമേ കരണീയമായിക്കണ്ടുള്ളൂ. മൂന്നുദിവസം രാവും പകലും ജറുസലം പട്ടണത്തിൽ അവർ അലഞ്ഞു തിരിഞ്ഞു് മിശിഹായെ അന്വേഷിച്ചു. എല്ലാം വിഫലമായതേയുള്ളൂ. കൂടാതെ, അനവധി വ്യാകുലചിന്തകൾ അവരെ, പ്രത്യേകിച്ചു്, മാതാവിനെ, നിരന്തരം അലട്ടിക്കൊണ്ടുമിരുന്നു. അദ്ധ്യാപനവൃത്തിക്കായി മിശിഹാ സ്വഭവനത്തെ എന്നേയ്ക്കുമായി ഉപേക്ഷിച്ചോ? അർക്കലാവൂസു് അവനെപ്പിടിച്ചു കുരിശിൽ തൂക്കിയിരിക്കുമോ? ഈവക പ്രശ്നങ്ങൾക്കു് മറുപടി കാണാതെ പരിശുദ്ധ മറിയം ആശ്വാസരഹിതയായി, അന്ധകാരത്തിൽ തപ്പുകയായിരുന്നു. സ്വപുത്രനാൽ പരിത്യക്തയായ ഒരു മാതാവു്! ആ പുത്രനോ, അവളുടെ ദൈവം തന്നെ. അവളുടെ കാലടികളെ നേർവഴിയ്ക്കു് നയിയ്ക്കാൻ യാതൊരു സഹായവും സ്വർഗ്ഗത്തിൽനിന്നു് അവൾക്കു ലഭിച്ചില്ല. എങ്കിലും അവൾ ആവലാതിപ്പെട്ടില്ല. ദൈവം അവൾക്കു സഹായം നല്കിയതുവരെ

പ്രാർത്ഥനയിലും അന്വേഷണത്തിലുംനിന്നു് അണുപോലും അവർ വിരമിച്ചതുമില്ല.

മാതാവിന്റെ മറ്റു വ്യാകുലങ്ങളെ അപേക്ഷിച്ചു് ഇതായിരുന്നിരിക്കണം ഏറ്റവും കഠിനം എന്നാണു് ചിലർ പ്രസ്താവിക്കുന്നതു്. അതിനുകാരണവും ഇല്ലാതില്ല. മറ്റെല്ലാ സന്ദർഭങ്ങളിലും കഠിനമായ വ്യാകുലത്തിനു് കാരണങ്ങളുണ്ടായിരുന്നെങ്കിലും അപ്പോഴെല്ലാം ആശ്വാസദായകനായ മിശിഹാ അവളുടെ കൂടെ ഉണ്ടായിരുന്നു. തന്നെയല്ല, മറ്റെല്ലാ വ്യാകുലങ്ങളിലും അവയുടെ കാരണം അവർക്കറിയാമായിരുന്നു. എന്നാൽ ദിവ്യകുമാരൻ അവളെ വിട്ടുമാറിയതിനുള്ള കാരണം അവർക്കജ്ഞാതമായിരുന്നു. തന്മൂലമാണു് ഈ വ്യാകുലം ഏറ്റവും കർശമായിരുന്നുവെന്നു് പറയുന്നതു്.

പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ, ജോബിനു് ലോകത്തിലുണ്ടായിരുന്ന സകലതും—സമ്പത്തും, സന്താനവും, സ്വാസ്ഥ്യവും, സല്പീർത്തിയും—നഷ്ടപ്പെട്ടു. എങ്കിലും അയാൾ ഹതഭാഗ്യനായിരുന്നില്ല. കാരണം, ദൈവം അയാൾക്കു് നല്കിയിരുന്നതെല്ലാം നഷ്ടപ്പെട്ടെങ്കിലും, ദൈവം അയാൾക്കു് നഷ്ടീഭവിച്ചിരുന്നില്ല. എന്നാൽ പരിശുദ്ധ മറിയത്തിനു് സർവ്വസ്വവുമായ ദൈവം തന്നെയാണു് നഷ്ടപ്പെട്ടതു്. തന്നിമിത്തം അവർ മഹാവ്യാകുലംതന്നെ അനുഭവിച്ചു.

ജപം.

വ്യാകുലങ്ങളനുഭവിച്ച പരിശുദ്ധ മറിയമേ, നിന്റെ തിരുക്കുമാരൻ മൂന്നുദിവസത്തേയ്ക്കു് കാണാതെ പോയ

പ്പോൾ നീ അനുഭവിച്ച ദുഃഖം ദുസ്സഹം തന്നെയായിരു ന്നല്ലോ. എന്നാൽ പാവുദോഷം നിമിത്തം പലപ്പോഴും മിശിഹാ ഞങ്ങൾക്കു് നഷ്ടപ്പെട്ട പോയിട്ടും, പശ്ചാത്താ പത്താൽ തന്നെ വീണ്ടും കണ്ടെത്തുന്നതിനുള്ള മാർഗ്ഗം അവലംബിക്കാതെ ഞങ്ങൾ അലസരായി ജീവിച്ചുപോ യി. ഇനിമേൽ മിശിഹാ ഞങ്ങളിൽനിന്നകന്നുപോ യാൽ, തന്നെ കണ്ടെത്തുന്നതിനുള്ള അനുഗ്രഹം, ദയയു ള്ള മാതാവേ, ദൈവത്തിൽനിന്നു് നീ ഞങ്ങൾക്കു് വാ ങ്ങിത്തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

നിർമ്മല ഉത്തംകൊണ്ടുള്ള കോട്ടയേ, ഞങ്ങൾക്കു്വേ ണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

പശ്ചാത്താപത്താലോ പാപസങ്കീർത്തനത്താലോ, നഷ്ടീഭവിച്ച വരപ്രസാദം വീണ്ടും പ്രാപിക്കാൻ ശ്രമി ക്കുക.

പതിനാറാം ദിവസം.

ദേവാലയത്തിലെ പുനസ്സമ്മേളനം.

പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും മൂന്നുദിവ സം മിശിഹായെ ബന്ധുമിത്രാദികളുടെയിടയിൽ അന്വേ ഷിച്ചശേഷം, വീണ്ടും ദേവാലയത്തിലേയ്ക്കുതന്നെ പോ യി. അപ്പോൾ അവിടെ നടന്നുകൊണ്ടിരുന്ന ഒരു സംഭ

വം അവരെ അത്യന്തം ആശ്ചര്യഭരിതരാക്കി. വിശ്വോവി
നിമയത്തിനായി നിയോഗിക്കപ്പെട്ടിരുന്ന വിശാലമായ
മുറിയുടെ ഉറന്ന ജാലകങ്ങളിൽക്കൂടി അവർ കണ്ട, ഇ
സ്രായേൽക്കാരായ മഹാപണ്ഡിതന്മാരും നിയമജ്ഞന്മാ
രും മിശിഹായുടെ ചുറ്റുംകൂടി, പന്ത്രണ്ടു വയസ്സു മാത്രം
പ്രായമുണ്ടായിരുന്ന ആ ബാലനിൽനിന്നു് നിഗ്ഗളിച്ചി
രുന്ന നവീന സിദ്ധാന്തങ്ങളിൽ ഭ്രമശ്രദ്ധരായി, നിശ്ച
ലരായി, സ്ഥിതി ചെയ്തിരുന്നതു്. മരണശേഷം ഉയിർ
ത്തെഴുന്നേറ്റ ഒരുവനെപ്പോലെയാണു് മിശിഹായെ അ
പ്പോൾ പരിശുദ്ധ മറിയം വീക്ഷിച്ചതു്. ആ സമയത്തു്
അവൾ അനുഭവിച്ച ആനന്ദവും ആശ്ചര്യവും അവർണ്ണ്യ
മായിരുന്നു. പുത്രനെ കാണാതെ കടുനഭാരത്താൽ തള
ർന്നിതചിത്തയായ ആ തരുണീമണി പണ്ഡിതന്മാരുടെ
ഇടയിൽക്കൂടി ഉത്തരക്ഷണം പുത്രനെ സമീപിച്ചു്,
വാത്സല്യപൂർവ്വമായ ആവലാതിയോടുകൂടിപ്പറഞ്ഞു:-
"മകനേ, എന്തുകൊണ്ടു് നീ ഞങ്ങളോടിപ്രകാരംചെയ്തു?
ഞാനും നിന്റെ പിതാവും ദുഃഖപൂർവ്വം നിന്നെ അന്വേ
ഷിച്ചു നടക്കേണ്ടി വന്നല്ലോ." ഈ അവസരത്തിൽ പ
രിശുദ്ധ മറിയം വിശുദ്ധ യൗസേപ്പിനെ ദിവ്യകുമാരന്റെ
പിതാവെന്ന വിളിക്കയാണു് ചെയ്തതു്. ദൈവത്തിന്റെ
തെരഞ്ഞെടുപ്പുമൂലം വിശുദ്ധ യൗസേപ്പു് വളർത്തുപിതാ
വായിരുന്നു. എന്നാൽ പരിശുദ്ധ മറിയത്തിന്റെ സ
ന്താപത്തിലും സന്തോഷത്തിലും അദ്ദേഹം ഭാഗഭാക്കായ
തുകൊണ്ടു് പിതാവെന്ന നാമത്തെ അദ്ദേഹം അർത്ഥവ
ത്താക്കിക്കഴിഞ്ഞിരുന്നു. പരിശുദ്ധ മറിയത്തിന്റെ വാ
ക്കുകൾക്കു് മറുപടിയായി "എന്റെ പിതാവിന്റെ ജോ

ലിയിൽ ഞാൻ വ്യാപൃതനാകേണ്ടതാണെന്നു് നിങ്ങൾക്കറിയാൻ പാടില്ലായിരുന്നോ?'' എന്നു് മിശിഹാ ചോദിച്ചു. അവിടുന്നു് ആദ്യമായി അരുൾചെയ്തതും, വിശുദ്ധ ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ മേലുദ്ധരിച്ച വാക്കുകളിൽനിന്നു്, പരിശുദ്ധ മറിയത്തിന്റെ പുത്രനായ മിശിഹായുടെ പിതാവു് നിത്യനായ ദൈവമാണെന്നും, ആ പിതാവിന്റെ ഉദ്ദേശനിവൃത്തിക്കായി മാതാവിൽനിന്നും താൻ പിരിഞ്ഞു പോയതാണെന്നും വിശദമാകുന്നുണ്ടല്ലൊ. അനന്തരം അമ്മയുടെ അഭിലാഷങ്ങൾക്കു് വിധേയനായി, വിസ്മയഭരിതരായ യഹൂദപണ്ഡിതന്മാരോടു് വിടവാങ്ങി, പരിശുദ്ധ മറിയത്തോടുകൂടി മിശിഹാ നസറസ്സിലേയ്ക്കു് മടങ്ങി. അവിടെ അവളുടെ ആനന്ദസമ്പൂർണ്ണമായി ജീവിക്കയും ചെയ്തു.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, കാണാതെ പോയ ദിവ്യപൈതലിനെ ദേവാലയത്തിൽവച്ചു് കണ്ടപ്പോൾ നീയനുഭവിച്ച ആനന്ദം അവാച്യമായിരുന്നല്ലോ. ആ ദിവ്യബാലനെത്തന്നെയാണു് ഇന്നു് ഞങ്ങൾ എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബ്ബാന എന്ന കൂടാശയിൽ കാണുന്നതു്. ഞങ്ങൾക്കു നേരിടുന്ന ദുഃഖാനന്ദങ്ങളിൽ ഇനിമേൽ മനുഷ്യരിൽ ആശ്രയം തേടാതെ, പരിശുദ്ധ കുർബ്ബാനയിൽ ഞങ്ങളുടെ സ്നേഹിതനെപ്പോലെ വർത്തിക്കുന്ന മിശിഹായിൽ ആശ്രയിക്കുന്നതിനും, തന്മൂലം ആശ്വാസം പ്രാപിക്കുന്നതിനും വേണ്ട അനുഗ്രഹം പ്രാപിച്ചുതരണമെന്നു നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

സ്വർഗ്ഗാലയമേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിയ്ക്കായി ഒരു ജപമാല ചൊല്ലി കാഴ്ചവയ്ക്കുക.

പതിനേഴാം ദിവസം.

തിരുക്കുടുംബം.

യഹൂദന്മാക്കു നസ്രസിൽ ഒരു പ്രാർത്ഥനാലയമുണ്ടായിരുന്നു. അവിടെ മതകാര്യങ്ങളെപ്പറ്റിയുള്ള പ്രഭാഷണങ്ങളും ചർച്ചകളും നടക്കും. ചർച്ചാവേളയിൽ, മിശിഹായുടെ വിജ്ഞാനത്തിലും വൈഭവത്തിലും ജനങ്ങൾ വിസ്മയംപൂണ്ടു. എന്നിരുന്നാലും അവർ മിശിഹായെ വിശ്വസിച്ചില്ല. കാരണം, പാവപ്പെട്ട ഒരു തൊഴിലാളിയുടെ മകനായ മിശിഹായെ, ശൈശവം മുതൽ ദിവസം തോറും എന്നപോലെ അവരുടെ മദ്ധ്യേ അവർ കണ്ടുകൊണ്ടിരുന്നതാണ്. തന്നെയുമല്ല, 'മറിയത്തിന്റെ മകനായ ഇവൻ മരപ്പണിക്കാരനല്ലേ?' എന്നാണ് അവർ ദിവ്യബാലനെപ്പറ്റി സംസാരിച്ചിരുന്നതു്. ഇങ്ങനെ മിശിഹായുടെ അപ്രസിദ്ധിയിൽ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും പങ്കുകൊണ്ടു.

പരിശുദ്ധ മറിയം ഗൃഹജോലികളിൽമാത്രം വ്യാപൃത യായിരുന്നു. പരസ്നേഹത്താൽ പ്രേരിതയായി മാത്രമേ അ വൾ സ്നേഹിതരെ സന്ദർശിച്ചിരുന്നുള്ളൂ. ആഘോഷദിവ സങ്ങളിൽ അവൾ ദേവാലയത്തിൽ പോയിരുന്നെങ്കി ലും, പുരോഹിതന്മാരിലും പ്രവാചകന്മാരിലും ഒരുവൻ പോലും അവളെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിച്ചതായി രേഖയില്ല. മനുഷ്യദൃഷ്ട്യാ അവൾ കേവലം പാവപ്പെട്ട ഒരു ആശാരിയുടെ ഭാര്യയായിരുന്നുവെങ്കിലും, ഇക്കാലമ ത്രയും മഹാസംഭവവികാസങ്ങളാണ് അവളിൽ ഉണ്ടാ യിക്കൊണ്ടിരുന്നത്. ഓരോ ദിവസവും പുതിയതും വിസ്മ യകരവുമായ ഓരോ സത്യങ്ങൾ അവൾക്കു് സ്പഷ്ടമായി ക്കൊണ്ടിരുന്നു. മിശിഹായുടെ ചേഷ്ടകൾ വീക്ഷിച്ചും, വാക്കുകൾ ഹൃദയത്തിൽ സംഗ്രഹിച്ചുംകൊണ്ട്, ദൈവ ത്തിന്റെ പ്രസാദവരത്തോടു് അവൾ പൂർണ്ണമായി സഹ കരിച്ചു. ഒരു മഹാരഹസ്യമായിരുന്നു, മിശിഹായുടെ ജീവിതം മുഴുവൻ. ദിവ്യനാഥന്റെ പ്രവൃത്തികളിലും മൗ നത്തിലും ഏകാന്തതയിലും വിശ്രമത്തിലും ഒരു പ്രത്യേ കശക്തി പ്രകാശിച്ചിരുന്നു. മിശിഹാ ലോകത്തിന്റെ പ്രകാശമായിരുന്നെങ്കിലും ഇപ്പോൾ ആ പ്രകാശം പരി ശുദ്ധ മറിയത്തിന്റെ ഹൃദയവേദിയിൽ മാത്രമേ പതി ഞ്ഞിരുന്നുള്ളൂ. പരിശുദ്ധ മറിയത്തിന്റെ ഭവനം നസറ സ്സിലെ ഒരു പാഴ്ക്കുടിലായിരുന്നു. എന്നാൽ അതായി രുന്ന ഭൂമിയിൽ ദൈവത്തിന്റെ സാക്ഷാൽ ആലയം. ജീവിക്കുന്ന ദൈവത്തിന്റെ പ്രത്യക്ഷമായ സാന്നിദ്ധ്യം നിമിത്തം നിത്യമായ വിശുദ്ധിക്കു് നിലയനമായ ആ

പെറാക്കടിൽ മണിമന്ദിരങ്ങളെയുംകാൾ മഹത്വമുള്ള തായിരുന്നു.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, നസറസ്സി ലെ തിരുക്കുടുംബനായികയായി നീ നയിച്ച ജീവിതം കേവലം സാധാരണമായ ഒന്നായിരുന്നു. അങ്ങനെയുള്ള ഒരു ജീവിതം ഹേതുവായി നീ അത്യൽക്കൃഷ്ടമായ പുണ്യ പദവി പ്രാപിച്ചുവല്ലോ. ലോകത്തിൽ പേരും പെരുമയും സമ്പാദിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഞങ്ങൾ നയിക്കുന്ന അഹങ്കാരപരമായ ജീവിതം നിന്റെ ജീവി തരീതിയിൽനിന്നു് എത്ര വ്യത്യസ്തമാണു്. സാമാന്യ രീതിയിലുള്ള കുടുംബജീവിതംകൊണ്ടും പുണ്യപൂർണ്ണത പ്രാപിക്കാമെന്നുള്ള തത്വം മനസ്സിലാക്കി, ഞങ്ങളുടെ കുടുംബത്തിലെ സാധാരണകൃത്യങ്ങൾ സദുദ്ദേശത്തോടെ ചെയ്തുകൊണ്ടു് നിന്നെ അനുകരിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു് നീ പ്രാപിച്ചുതരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

വിവേകവതിയായ കന്യകേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

ദൈവമാതാവിന്റെ ഒരു ചിത്രം സന്ദർശിച്ചു് ആവശ്യമുള്ള അനുഗ്രഹങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

പതിനെട്ടാം ദിവസം.

നസറസ്സിലെ മിശിഹാ.

മിശിഹാ തന്റെ രാജ്യത്തിന്റെ രഹസ്യങ്ങളും പരിശുദ്ധമറിയത്തെ മനസ്സിലാക്കിയിരുന്നു. അനന്തജ്ഞാനിയായ ദിവ്യരക്ഷകൻ അനുദിനജീവിതഭൂഷ്ടാന്തത്താൽ അനുസരണം എത്ര വിശിഷ്ടമായ ഒരു ഗുണമാണെന്നു് സ്പഷ്ടമാക്കി. "അവൻ അവർക്കു് അനുസരണയുള്ളവനായിരുന്നു" എന്നാണു് നസറസ്സിൽ മിശിഹാ നയിച്ച അപ്രസിദ്ധ ജീവിതത്തെസ്സംബന്ധിച്ചു് സുവിശേഷകർ നല്കിയിട്ടുള്ള സമൃക്കായ വിവരണം. ആരുടെ മുൻപിൽ മാലാഖാമാർപോലും ഭയവിഹ്വലരായി വർത്തിക്കുന്നുവോ, ആ ദൈവമായിരുന്നു പരിശുദ്ധ മറിയത്തിനും വിശുദ്ധ യൗസേപ്പിനും വിധേയനായി വർത്തിച്ചിരുന്നതു്. വിശുദ്ധ ബർനാർഡു് ചോദിക്കുന്നു:— 'ഏതാണു് കൂടുതൽ വിസ്മയാവഹം? ദൈവമാതാവിന്റെ ഔന്നത്യമോ ദൈവപുത്രന്റെ വിനയമോ.' അടിമയുടെ വേഷം ധരിച്ചു്, വളർത്തുപിതാവിന്റെ കടയിൽ വേല ചെയ്തു്, നെററിയിലെ വിയർപ്പുകൊണ്ടു് ഇക്കാലമത്രയും മിശിഹാ കാലയാപനം ചെയ്തിരുന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ മിശിഹായുടെയും പരിശുദ്ധ മറിയത്തിന്റെയും പാവനകരങ്ങളിൽ തലചായിച്ചുകൊണ്ടു് വിശുദ്ധ യൗസേപ്പു് ഏറ്റം ഭാഗ്യകരമായ മരണം പ്രാപിച്ചു. അനന്തരം മിശിഹാ തിരുക്കുടുംബത്തിന്റെ നായകനായിത്തീർന്നു. ദിവ്യരക്ഷകൻ അപ്പോൾ കൗമാരത്തിൽനിന്നു് യൗവന

ത്തിലേയ്ക്ക് കാലൂന്നിയിരുന്നു; മാതാവിന്റെ ശിക്ഷണത്തിലും ഭരണത്തിലും നിന്നു് സ്വതന്ത്രനായി യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള പ്രായവും പ്രാപ്തിയും കൈവന്നു കഴിഞ്ഞിരുന്നു. എന്നാലും മാതാവിനെ അനുസരിച്ചു കൊണ്ടുള്ള ജീവിതമാണു് മിശിഹാ സ്വയം തെരഞ്ഞെടുത്തതു്. ഒന്നും ചെയ്യാതെ എല്ലാ കാര്യങ്ങളിലും അമ്മയുടെ ആജ്ഞയനുസരിച്ചു് പ്രവർത്തിക്കുന്നതിനും, നിന്ദിതമായ നസറസ്സിൽ അമ്മയോടു് സഹവസിച്ചു ജീവിക്കുന്നതിനും താൻ തിരുമനസ്സായി. സ്വർഗ്ഗസ്ഥപിതാവിന്റെ തിരുച്ചിത്തം പൂർത്തിയാക്കുവാനായിരുന്നു മിശിഹാ ലോകത്തിലെഴുന്നള്ളിയതു്. പരിശുദ്ധ മറിയമാകട്ടെ ദൈവത്തിന്റെ അഭിലാഷങ്ങളിൽനിന്നു് അണുപോലും വ്യതിചലിക്കാതെ പരിശുദ്ധാത്മാവിന്റെ പ്രേരണകളോടു് സദാ സഹകരിച്ചുപോന്നു. അതുകൊണ്ടു് അവളുടെ പുത്രനായ മിശിഹായോടു് അകാരണം ഒന്നും കല്പിക്കാതെ, മിശിഹാ ജ്ഞാനത്തിലും, പ്രായത്തിലും, വരപ്രസാദത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപിൽ അഭിവൃദ്ധി പ്രാപിക്കത്തക്ക വിധത്തിൽ മാതൃമേ അവൾ അധികാരം ഉപയോഗിച്ചിരുന്നുള്ളൂ.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, നിന്റെ തിരുക്കുമാരൻ നസറസ്സിൽ നയിച്ച അനുസരണയുടെ ജീവിതം ആധുനിക ലോകത്തിനു മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു. മിശിഹാ മുപ്പതു വർഷത്തോളം മാതാപിതാക്കൾക്കു മാത്രമല്ല, അനീതിമാന്മാരായ രാഷ്ട്രീയാധി

കാരികൾക്കും, ശത്രുക്കൾക്കും ഘാതകന്മാർക്കുംപാലും അനുസരണയുള്ളവനായി ജീവിച്ചു. ഇന്നും അനുസരണയുടെ ആ ജീവിതം പരിശുദ്ധ കർബ്ബാനയിൽ ദിവ്യരക്ഷകൻ നയിച്ചുപോരുന്നുണ്ട്. ഈ അസാധാരണമായ അനുസരണയുടെ ആദർശം എന്നെ ലജ്ജിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ എന്റെ മാതാപിതാക്കന്മാരെയും മറ്റധികാരികളെയും അനുസരിച്ചു ജീവിക്കുന്നതിൽ ഞാൻ പ്രകടിപ്പിച്ച അനാസ്ഥ അത്രയധികമാണു്. അതുകൊണ്ടു് ഇനിമേൽ എല്ലാ അധികാരികൾക്കും വിധേയനായി ജീവിക്കാൻ ആവശ്യമായ അനുഗ്രഹം നീ എനിക്കു പ്രാപിച്ചു തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ഏറ്റവും സ്നേഹയോഗ്യയായ മാതാവേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

ഇന്നു് എല്ലാവർക്കും നീ പ്രത്യേകവിധം അനുസരണയുള്ളവനായിരിക്കാൻ ശ്രമിക്കുക.

പത്തൊൻപതാം ദിവസം.

കാനായിലെ കല്യാണവിരുന്നു്.

കാനായിലെ കല്യാണത്തെപ്പറ്റി വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഗലീലായിലെ ഒരു പട്ടണമായ കാനാ

യിൽ ഒരു കല്യാണവിരുന്നു നടന്നു. ഈശോയുടെ അമ്മയും അവിടെ ഉണ്ടായിരുന്നു. ഈശോയും അവന്റെ ശിഷ്യന്മാരും കൂടി ആ വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു.''

മനുഷ്യരാശിയുടെ സന്താപസന്തോഷങ്ങളെ അനുഗ്രഹിക്കാൻ വന്ന ദിവ്യരക്ഷകനും ക്ഷണം അനുസരിച്ച് അവിടെ ആഗതനായി. വിരുന്നു നടന്നുതുടങ്ങി. പക്ഷെ, വിരുന്നിനായി ശേഖരിച്ചിരുന്ന വീഞ്ഞു പെട്ടെന്നു തീർന്നുപോയി. അപ്പോൾ പരിശുദ്ധ മറിയം ''അവർക്കു വീഞ്ഞില്ല'' എന്നു പറഞ്ഞു് ആ വീട്ടുടമസ്ഥന്റെ വിഷാദമനഃസ്ഥിതി മിശിഹായ്ക്കു വെളിപ്പെടുത്തി. കാരണം, ക്രിസ്തുവിന്റെ ആർദ്രചിത്തവും, അനന്തശക്തിയും മറ്റാരെയുംകാൾ മാതാവിനു് അറിയാമായിരുന്നു. അതിനു മറുപടിയായി ഈശോ അവളോടു പറഞ്ഞു:- 'സ്ത്രീയേ, എനിക്കും നിനക്കും എന്തു''? എന്റെ സമയം സമാഗതമായിട്ടില്ല'. (വി. യോഹന്നാൻ II-4) ഇവിടെ മിശിഹാ പരിശുദ്ധ മറിയത്തെ 'സ്ത്രീയേ' എന്നാണു് സംബോധന ചെയ്തതു്. കാരണം, പറുദീസായിൽവച്ചു് മനുഷ്യന്റെ അവശതകൾക്കെല്ലാം ആരംഭമിട്ട ശത്രുവായ സർപ്പത്തിന്റെ തല തകർക്കാനിരിക്കുന്ന മഹാസ്ത്രീയാണവൾ. ഇതേ ന്യായത്താൽ, ഈ കാര്യത്തിൽ, താൻ ഇടപെടേണ്ടതാണു് എന്ന സൂചനയോടെയും, അചഞ്ചലമായ വിശ്വാസത്തോടും പ്രതീക്ഷയോടും കൂടിയും, മിശിഹാ അരുളിച്ചെയ്യുന്നതുപോലെ പ്രവർത്തിക്കാൻ അവൾ വേലക്കാരോടു പറഞ്ഞു. അമ്മയുടെ അഭിലാഷം അനുസരിച്ചു് ഈശോ കല്പിച്ചു. കല്പിച്ചതുപോലെ, വേലക്കാർ

ഒഴിഞ്ഞ ഭരണികളിൽ വെള്ളം നിറച്ചു. പിന്നീടു് അവർ അവയിൽനിന്നു കോരിക്കൊടുത്തു. പച്ചവെള്ളത്തിനുപകരം അതു് ഏറ്റവും വില പിടിച്ച ഒന്നാംതരം വീഞ്ഞായിരുന്നു.

ഇങ്ങനെ മാതാവിന്റെ അഭിലാഷം അറിയിക്കപ്പെട്ടപ്പോൾ, മിശിഹായുടെ സമയം സമാഗതമായി. സമയം സമാഗതമാകുന്നതിനു് അമ്മയുടെ അഭിലാഷപ്രകടനം ആവശ്യമായിരുന്നുവെന്നു് സാരം. ഇങ്ങനെ, ആദ്യമായി ഒരു മഹാ അത്ഭുതം പ്രവർത്തിച്ചുകൊണ്ടു് തന്റെ മഹത്വവും തന്റെ പ്രവർത്തനങ്ങളിൽ മാതാവിനുള്ള സ്ഥാനവും മിശിഹാ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. അവിശ്വാസികളെ ബോദ്ധ്യപ്പെടുത്തുവാനല്ല, പിന്നെയോ അമ്മയുടെ ആപ്തമിത്രങ്ങളെ ആത്മശരീരങ്ങളിൽ ആനന്ദഭരിതരാക്കുവാനായിരുന്ന ദിവ്യരക്ഷകൻ ഇപ്രകാരം ചെയ്തതു്.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, കാനായിലെ കല്ല്യാണവിരുന്നിൽവച്ചു് അവർക്കു് വീഞ്ഞില്ലാ എന്നറിഞ്ഞപ്പോൾ, നിന്റെ തിരുക്കുമാരൻ ഒരു മഹാ അത്ഭുതം പ്രവർത്തിച്ചു്, വിഷാദം പൂണ്ടിരുന്ന ആതിഥേയനെ ആശ്വസിപ്പിക്കയും നിന്റെ ആഗ്രഹം പൂർത്തിയാക്കയും ചെയ്തല്ലോ. ഹാ! സ്നേഹമുള്ള അമ്മേ, അവശതയനുഭവിക്കുന്ന ഞങ്ങളുടെ അയൽക്കാരനോടു് അനുകമ്പതോന്നി അവനെ സഹായിക്കാനും, ഞങ്ങളുടെ എല്ലാ ആവശ്യ

ങ്ങളിലും നിന്റെ ആശ്രയം തേടാനും വേണ്ട അനുഗ്രഹം നിന്റെ തിരുക്കുമാരനിൽനിന്നു് പ്രാപിച്ചുതരണമെന്നു് നിന്നോടു് ഞങ്ങളപേക്ഷിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

വല്ലഭമുള്ള കന്യകേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിയ്ക്കുവേണ്ടി 'രാജകന്യകേ' എന്ന നമസ്ക്കാരം ഭക്തിപൂർവ്വം ചൊല്ലുക.

ഇരുപതാം ദിവസം.

പരസ്യജീവിതം.

മിശിഹായുടെ പരസ്യ ജീവിതകാലത്തു് പരിശുദ്ധ മറിയം 'കഫാർണവും' എന്ന സ്ഥലത്തു് താമസിച്ചിരുന്നോ അഥവാ ഇതര ഭക്തസ്ത്രീകളോടുകൂടെ, സപുത്രനെയും ശിഷ്യരെയും പരിചരിച്ചുകൊണ്ടു്, ഗലീലാ, യൂദയാ മുതലായ സ്ഥലങ്ങളിൽ ചുറ്റിസ്സഞ്ചരിച്ചിരുന്നോ എന്നുള്ളകാര്യം, സുവിശേഷങ്ങളിൽനിന്നും സുവ്യക്തമല്ല. എന്നാൽ ഒരു കാര്യം തീർച്ചയാണു്. പരിശുദ്ധ മറിയം അപ്പോഴും ആഗ്രഹിച്ചിരുന്നതു്, പൊതുജനദൃഷ്ടിയിൽ നിന്നു് മറഞ്ഞു ജീവിക്കണമെന്നായിരുന്നു. ക്രിസ്തുനാഥൻ ഒരിക്കൽ ഒരു പിശാചുബാധിതനെ ഒറ്റവാക്കുകൊണ്ടു് സുഖപ്പെടുത്തിയതും, പ്രീശന്മാരുടെ ശകാരവർഷങ്ങൾക്കു

തക്കമറുപടി കൊടുത്തതും കണ്ടു് ആശ്ചര്യഭരിതയായ ഒരു സ്ത്രീ സ്വരം ഉയത്തി, മിശിഹായെ വഹിച്ച ഉദരവും, മാതൃസ്തന്യം നല്കിയ മാറിടവും അനുഗ്രഹീതങ്ങളെന്നു വിളിച്ചുപറഞ്ഞു. (വി. ലൂക്കാ xi 27) മിശിഹാ, ആ സ്ത്രീയെ ശകാരിച്ചില്ല; എന്നാൽ, മാതൃസ്ഥാനത്തേക്കാൾ ഏറാറം മഹത്തായ ഒരു അനുഗ്രഹം ഉണ്ടെന്നും, അതിനുംകൂടി പരിശുദ്ധ മറിയം അർഹയാണെന്നും അവളെ ധരിപ്പിച്ചു. മിശിഹാ അരുളിച്ചെയ്തു:— "ദൈവത്തിന്റെ വചനം ശ്രവിക്കയും അതനുസരിക്കയും ചെയ്യുന്നവരെല്ലാം ഭാഗ്യവാന്മാരാകുന്നു' (വി. ലൂക്കാ xi 28)

അതുകൊണ്ടാണു് വിശുദ്ധ ആഗ്രസ്തീനോസു് പ്രസ്താവിക്കുന്നതു്:— "മിശിഹായുടെ ശരീരം ഉൽപ്പാദിപ്പിച്ചതിനെക്കാൾ മിശിഹായുടെ വിശ്വാസം സ്വീകരിച്ചതുകൊണ്ടു് അവൾ കൂടുതൽ അനുഗ്രഹീതയായി" എന്നു്. ദൈവവചനത്തിന്റെ മാതാവു് എന്ന നിലയിൽ പരിശുദ്ധ മറിയം മറെറല്ലാ സൃഷ്ടികളെയും അപേക്ഷിച്ചു് ഔന്നത്യമേറിയ ഒരു സ്ഥാനം അലങ്കരിക്കുന്നതെന്തെന്നാൽ തന്നെയത്രേ. എങ്കിലും, അവൾ ദൈവത്തിനു് കൂടുതൽ പ്രിയമുള്ളവളായിത്തീർന്നതു്, അവർ തമ്മിലുള്ള മാതൃപുത്രബന്ധത്തെക്കാൾ, പൂർണ്ണമായ അനുസരണത്തോടും, വിരക്തിയോടും, ശുദ്ധതയോടുംകൂടി, ദൈവവാക്യത്തെ കാത്തുസൂക്ഷിച്ചു എന്നതുകൊണ്ടായിരുന്നു. ഇങ്ങനെ എല്ലാ തലമുറകളും ഭാഗ്യവതി എന്നു വിളിച്ചുവാഴ്ത്തുന്നവളെ, നിത്യദൈവത്തിന്റെ ഏകജാതൻതന്നെയാണു് ആദ്യമായി അനുഗ്രഹീത എന്നു വിളിച്ചതു്.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ, നീ ദൈവപുത്രനെ വഹിച്ചതുകൊണ്ട് എന്നതിനേക്കാൾ ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിച്ചതുകൊണ്ട് കൂടുതൽ അനുഗ്രഹീതയായിത്തീർന്നല്ലോ. ഈ മഹാഭാഗ്യം ഞങ്ങൾക്കും ലഭിക്കാവുന്നതാണെങ്കിലും, ഞങ്ങൾ പലപ്പോഴും ദൈവവാക്യം ശ്രവിക്കുന്നതിൽ അലസതയും അശ്രദ്ധയുമാണ് പ്രദർശിപ്പിച്ചിട്ടുള്ളത്. ഇതിനെക്കുറിച്ച് ഞങ്ങൾ ഹൃദയപൂർവ്വം പശ്ചാത്താപിക്കുന്നു. സ്നേഹമുള്ള അമ്മേ, ഇനിമേൽ ദൈവവാക്യം ഭക്തിപൂർവ്വം ശ്രവിച്ച് അതനുസരിച്ച് ഞങ്ങളുടെ ജീവിതം നന്നാക്കുവാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്ക് പ്രാപിച്ചു തരണമെന്ന് നിന്നോട് ഞങ്ങളപേക്ഷിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

അതീവസ്തുതിയ്ക്ക് അർഹയായ കന്യകേ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിക്കുവേണ്ടി ദൈവവാക്യം ഭക്തിയോടും ശ്രദ്ധയോടുംകൂടി കേൾക്കുക.

ഇരുപത്തിരണ്ടാം ദിവസം.

കുരിശു വഹിച്ചുകൊണ്ടു പോകുന്ന മിശിഹായെ പരിശുദ്ധ മറിയം കാണുന്നു.

(മാതാവിന്റെ നാലാമത്തെ വ്യാകുലം)

പരിശുദ്ധ മറിയത്തിനു നന്നായി മനസ്സിലായിട്ടുണ്ടായിരുന്നു, മിശിഹായുടെ മരണം ഹേതുവായിട്ടേ, മനുഷ്യരാശിക്കു രക്ഷ നേടിക്കൊടുക്കുവാൻ സാധിക്കൂ എന്നു്. ഗദസമൻ തോട്ടത്തിൽവച്ചു് മിശിഹാ മാനസിക പീഡ സഹിച്ചപ്പോഴും, കുറക്കാരനായി വിസ്തരിക്കപ്പെട്ടപ്പോഴും, ആക്ഷേപവഷ്ത്താൽ നിന്ദിക്കപ്പെട്ടപ്പോഴും, അവിടത്തോടു് അവൾ ആത്മനാ സഹകരിച്ചിരുന്നു. എന്നാൽ കാൽവരിമലയിലേയ്ക്കുള്ള യാത്രാമദ്ധ്യേ ആയിരുന്നു അവൾ മിശിഹായെ അഭിമുഖമായി ദർശിച്ചതു്.

കൊലക്കളത്തിലേയ്ക്കു കൊണ്ടുപോകപ്പെട്ട വിശുദ്ധ തോമസു് മൂറിനെ അദ്ദേഹത്തിന്റെ പുത്രിയായ മർഗ്ഗരീത്താ മാർഗ്ഗമദ്ധ്യേ കണ്ടപ്പോൾ 'ഹാ, പിതാവേ! പിതാവേ!' എന്നു വിളിച്ചു പറയാനല്ലാതെ മറെറാന്നും സംസാരിക്കാൻ അവൾക്കു കഴിഞ്ഞില്ല. തൽക്ഷണം അവൾ പിതൃപാദങ്ങളിൽ മൂർച്ഛിച്ചുവീഴുകയും ചെയ്തു.

എന്നാൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു് ഗാഗുൽത്താ മലയിലേയ്ക്കു പോകുന്ന മിശിഹായെ മാതാവു കണ്ടപ്പോൾ, അവൾ അത്യധികം ദുഃഖിച്ചുവെന്നല്ലാതെ മൂർച്ഛിച്ചു വീഴുകയോ ചരമം പ്രാപിക്കയോ ചെയ്തില്ല. ഇതിലധികം അവൾ സഹിക്കണമെന്നായിരുന്നു ദൈവത്തി

ന്റെ തിരുച്ചിത്തം. ഒരുദിവസം മൻപു് ആകൃതിയിലും പ്രകൃതിയിലും സകലരുടേയും അഭിനന്ദനവും ആരാധനയും അർഹിക്കുന്ന ഒരു പൂർണ്ണമനുഷ്യനായി പ്രശോഭിച്ചിരുന്ന, മിശിഹാ. അദ്ദേഹത്തിന്റെ രക്തത്തിനുവേണ്ടി ഇന്നു് യഹൂദജനം നിലവിളിക്കയും ക്രൂരാട്ടഹാസം മുഴക്കുകയും ചെയ്യുകയാണു്. കുരിശിന്റെ ഭാരത്താൽ കാലിടറിയും, മുഖം തുപ്പൽകൊണ്ടു മൂടിയും, മുൾമുടി മൂലം തല വേദനിച്ചും, ജീർണ്ണിച്ച ധൂമ്രവസ്ത്രം ധരിച്ചും, കാൽവരിയിലേയ്ക്കു യാത്രചെയ്യുന്ന മകനെ അമ്മ സമീപിക്കുന്നു. മാതൃനയനങ്ങൾ പുത്രന്റെ നയനങ്ങളുമായിടഞ്ഞു. രക്തവും കണ്ണുനീരും കൊണ്ടു് മങ്ങിപ്പോയിരുന്ന മിശിഹായുടെ നേത്രങ്ങൾ തുടച്ചു വെടിപ്പാക്കുന്നതിനോ, കുരിശു താങ്ങി അവിടത്തെ സഹായിക്കുന്നതിനോ, അവൾക്കു കഴിഞ്ഞില്ല. സമീപവത്തികളായ സ്ത്രീജനങ്ങൾ സന്താപസമനപിതം അവരുടെ നെഞ്ചത്തടിച്ചു് കരഞ്ഞു് പ്രലപിക്കത്തക്കവിധം അത്ര ഹൃദയഭേദകമായിരുന്നു ആ രംഗം. പരിശുദ്ധ മറിയം കരഞ്ഞു് പ്രലപിച്ചില്ലെങ്കിലും മറെറല്ലാവരേയുംകാൾ അധികമായി അവൾ ദുഃഖസാഗരത്തിൽ നിമഗ്നയായി. ആ ഭയങ്കരമായ വ്രണങ്ങളിൽ പാപത്തിന്റെ ഭയാനകതയും ദുരാശകളുടെ ദുഷ്ടതയും, മനുഷ്യഹൃദയത്തിന്റെ കാഠിന്യവും അവൾ കണ്ടു. അന്ധകാരമയമായ ആ സമയത്തു് അവൾ സ്വഹൃദയത്തെ മിശിഹായുടേതിനോടു് യോജിപ്പിച്ചുകൊണ്ടു് പാപികൾക്കുവേണ്ടി ഒരു ബലിയായി കാഴ്ചവച്ചു. പിന്നെയും സഹിക്കുന്നതിനുവേണ്ടി അവൾ മിശിഹായെ പിന്തുടരുകയും ചെയ്തു.

ജപം.

വ്യാകുലമാതാവായ പരിശുദ്ധ മറിയമേ, മനുഷ്യരാശിയുടെ നേർക്കുള്ള അതിരറ്റ സ്നേഹംനിമിത്തം, അവക്കുവേണ്ടി പീഡകളും സഹിക്കുന്നതിനു് നിന്നോടു് വിടവാങ്ങിയ നിന്റെ തിരുക്കുമാരനെ ഗാഗുൽത്തായിലേയ്ക്കുള്ള വഴിയിൽവച്ചു കണ്ടപ്പോൾ, നീ അനുഭവിച്ച വ്യാകുലത എത്രയോ കഠിനതരമായിരുന്നു. നിന്റെ വ്യാകുലതകൾക്കു് കാരണം എന്റെ പാപങ്ങളായിരുന്നു എന്നു ഞാനറിയുന്നു. നിങ്ങൾ നിരപരാധികളായിരുന്നു. ഞാനോ മഹാ അപരാധി. പാപത്തിനു് ശിക്ഷയായിട്ടോ, പുണ്യത്തിനുള്ള നിദാനമായിട്ടോ, ദൈവം നിയോഗിച്ചയയ്ക്കുന്ന കഷ്ടപ്പാടുകളാകുന്ന കുരിശുകളെ സന്മനസ്സോടെ വഹിക്കുവാൻ വേണ്ട അനുഗ്രഹം സ്നേഹമുള്ള അമ്മേ, നീ എനിക്കു് പ്രാപിച്ചു തരണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

പാപികളുടെ സങ്കേതമേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

പാപത്തെക്കുറിച്ചു് പശ്ചാത്താപമുണ്ടാകുന്നതിനു് പരിശുദ്ധ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുക.

ഇരുപത്തിരണ്ടാം ദിവസം.

മിശിഹായുടെ കുരിശുമരണം.

(മാതാവിന്റെ അഞ്ചാമത്തെ വ്യാകുലം)

പരിശുദ്ധ കന്യകാമറിയമാണല്ലൊ അവളുടെ പാവനകരങ്ങൾകൊണ്ട് മിശിഹായെ ജെറുശലം ദേവാലയത്തിൽവച്ച് ആദ്യമായി ദൈവത്തിനു കാഴ്ചവച്ചതു്. അവസാനമായി മിശിഹായെ സ്വർഗ്ഗസ്ഥപിതാവിനു കാഴ്ച സമർപ്പിക്കുന്നതും അവൾ വഴിയായിട്ടതന്നെ വേണ്ടിയിരുന്നു. അതിനാൽ ഗാഗുൽത്താമലയിലും, അവൾ സന്നിഹിതയാകണമെന്നു് ദൈവം തിരുച്ചിത്തമായി. ലോകപാപത്തിനു് പരിഹാരമായിട്ടത്രേ മിശിഹാ സ്വയം ബലിയർപ്പിച്ചതു്. പരിശുദ്ധ കന്യകാമറിയം ലോകപരിത്രാതാവിന്റെ അമ്മ എന്ന നിലയിൽ ഈ ബലിയർപ്പണത്തിൽ പങ്കുകൊള്ളേണ്ടവളായിരുന്നു. അതുകൊണ്ട് കുരിശിൽ തറയ്ക്കപ്പെട്ട മിശിഹായോടുകൂടെ അവളും പീഡകളും സഹിച്ചു. ചുറവികയുടെ ഓരോ അടിയും അവൾ എണ്ണി; മിശിഹായുടെ ജീവനുള്ള ശരീരത്തോടുകൂടെ ഉയർത്തപ്പെട്ട കുരിശിനെ അവൾ വീക്ഷിച്ചു; ഒരു വൻപിച്ച ജനക്കൂട്ടത്തിന്റെ അധിക്ഷേപങ്ങളുടേയും ശാപവാക്കുകളുടേയും ദൈവദൂഷണങ്ങളുടേയും മദ്ധ്യേ ആ കഴമരം പാറമുകളിൽ ഒരു കുഴിയിലേക്കു് ഇടിച്ചിറക്കുന്നതും അവൾ ദർശിച്ചു. ഇവയെല്ലാം കണ്ട് പ്രകൃതി തന്നെയും വിലാപം പൂണ്ടു. ഭൂമി ഭൂമിച്ചു; പ്രഭാകരൻ പ്രകാശരഹിതനായി; പാറകൾ പിളർക്കപ്പെട്ടു. എന്നാൽ പരിശുദ്ധ

മറിയം അചഞ്ചലയായും, ഏകാഗ്രതയോടുകൂടിയും കുരിശിൻ ചുവട്ടിൽ നിന്നിരുന്നു. മദ്ധ്യാഹ്നസമയത്തു് ഈ മഹായജ്ഞം അർപ്പിക്കപ്പെടുന്നതും, അവളുടെ തിരുക്കുമാരൻ ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേ സപ്രമനസാ തൂങ്ങിക്കിടക്കുന്നതും, അവിടുത്തെ ജീവരക്തം നിർഗ്ഗളമായി പ്രവഹിക്കുന്നതും കണ്ടു് അവൾ അവിടെത്തന്നെ നിലകൊണ്ടു.

മിശിഹായുടെ ശരീരത്തെ പീഡിപ്പിച്ച യാതനകൾ പരിശുദ്ധ മറിയത്തിന്റെ ആത്മാവിനേയും പീഡിപ്പിച്ചു. അതുകൊണ്ടു് വി. യോഹന്നാൻ ക്രിസോസ്തോം പറയുന്നു:- "അപ്പോൾ ഗാഗുൽത്താമലയിൽ സന്നിഹിതനായിരുന്ന ഏതൊരുവനും, അവിടെ രണ്ടു മഹാബലികൾ അർപ്പിക്കുന്നതിനുവേണ്ടി പണിയപ്പെട്ട രണ്ടു പീഠങ്ങൾ കാണുവാൻ കഴിയുമായിരുന്നു; ഒന്നു് മിശിഹായുടെ ശരീരവും മറ്റേതു് മറിയത്തിന്റെ ആത്മാവും." അല്ലാ, കുരിശാകുന്ന ബലിപീഠത്തിൽവച്ചു് ബലിസാധനമായ മിശിഹായോടുകൂടി തന്റെ അമ്മയും ഹോമിക്കപ്പെട്ടു. ഇങ്ങനെ ക്ലേശിതനായ മിശിഹായോടുകൂടെ പരിശുദ്ധ മറിയവും ക്ലേശിതയായി. ഇതിൽനിന്നു് തത്സമയം പരിശുദ്ധ മറിയം അനുഭവിച്ച വ്യാകുലതയുടെ ആധിക്യം നമുക്കു് ഗ്രഹിക്കാൻ സാധിക്കും.

മിശിഹാ തന്റെ മാതാവിനെക്കണ്ടു് അവളോടു് പറഞ്ഞു "അമ്മേ, നിന്റെ മകനെ കണ്ടാലും." തന്റെ ശിഷ്യനോടു് പറഞ്ഞു:- "മകനേ, നിന്റെ അമ്മയേ കണ്ടാലും." (വി. യോഹന്നാൻ xix 26, 27) ഇങ്ങ

നെ പരിശുദ്ധ മറിയം ഒരു മാലാഖായുടെ ഭൗത്യം ഹേതു വായിട്ടല്ല; പ്രത്യുത, ദൈവപുത്രനായ മിശിഹായുടെ നിണമണിഞ്ഞ അധരങ്ങൾ മൂലമാണ് ഒരു മാതാവാ യി—അതേ, സകല മനുഷ്യർക്കും അമ്മയായി—പ്രഖ്യാ പിക്കപ്പെട്ടതു്.

ജപം.

വ്യാകുലമാതാവെ! പരിശുദ്ധ മറിയമേ! നിന്റെ തിരുക്കുമാരനായ മിശിഹാ ഗാഗുൽത്താമലയിലെ യാഗ വേദിയായ കുരിശിൽക്കിടന്നു, അതികഠിനമായ വേദനെ സഹിച്ചു, മരണമടയുന്നതു് കണ്ടപ്പോൾ നീ അപാര മായ ദുഃഖം അനുഭവിച്ചുവല്ലൊ. ദിവ്യപുത്രൻ ആ കുരി ശിൽക്കിടന്നു "എനിക്കു ദാഹിക്കുന്നു' എന്നരുൾചെയ്തു. തൽസമയം അവിടത്തേയ്ക്കു് അന്തിമ ശുശ്രൂഷയായി ഒരു തുള്ളി വെള്ളംപോലും കൊടുക്കാൻ സാധിക്കാഞ്ഞതി നാൽ, നിന്റെ ഹൃദയം വെന്തുനീറിയല്ലൊ. മിശിഹായു ടെ മരണത്തിനും നിന്റെ വ്യാകുലതകൾക്കും കാരണ മായ എന്റെ പാപങ്ങളെക്കുറിച്ചു് പശ്ചാത്തപിക്കാ നും, ക്രിസ്തുവിന്റെ ബലിയുടെ ആവർത്തനമായ കുർബ്ബാ ന എന്ന ബലിയിൽ കൂടെക്കൂടെ സംബന്ധിക്കുവാനും അനുഗ്രഹം പ്രാപിച്ചുതരണമേ എന്നു് നിന്നോടു് ഞ ങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

അതുല്യഭക്തിയുടെ പാത്രമേ! ഞങ്ങൾക്കു് വേണ്ടി അ പേക്ഷിക്കണമേ.

സൽകൃത്യം.

ദേവമാതാവിന്റെ സ്തുതിക്കായി ഒരു കർമ്മാനുഷ്ഠാനം കണ്ടു് കാഴ്ചവയ്ക്കുക.

ഇരുപത്തിമൂന്നാം ദിവസം.

മിശിഹായുടെ മൃതശരീരം കുരിശിൽ നിന്നിറക്കുന്നതു്.

(മാതാവിന്റെ ആറാമത്തെ വ്യാകുലം)

എല്ലാം പൂർത്തിയായി; മിശിഹാ മരണമടഞ്ഞു. എന്നിട്ടും ദിവ്യരക്ഷകന്റെ നിർജ്ജീവജഡം മർദ്ദനങ്ങൾക്കു് വിധേയമായി. മൃതശരീരത്തെ കുത്തിമുറിപ്പെടുത്തുന്നതു് അതിഹീനമായ ക്രൂരകൃത്യമാണല്ലൊ. വിശുദ്ധ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ "പടയാളികളിൽ ഒരുവൻ വന്നു് കുന്തംകൊണ്ടു് രക്ഷകന്റെ പാർശ്വഭാഗത്തു് കുത്തി." (വി. യോഹന്നാൻ XIX 34) ദുർഭഗനായ ആ ഭടൻ ദുഷ്ടതയാൽ പ്രേരിതനായിട്ടത്രേ അപ്രകാരം ചെയ്തതു്. കുത്തേറ്റതു് മിശിഹായുടെ ശരീരത്തിലായിരുന്നു. അതേസമയം പരിശുദ്ധ മറിയത്തിന്റെ ആത്മാവിലും ആ കുന്തം തുളഞ്ഞുകയറി. ജെറുസലം ദേവാലയത്തിൽവച്ചു് ശിമയോൻ പ്രവചിച്ച വ്യാകുലതയുടെ വാൾ ഇതായിരുന്നു എന്നാണു് സഭാപിതാക്കന്മാരുടെ അഭിപ്രായം.

അന്നു് ആഘോഷിക്കാനിരുന്ന പെസഹാത്തിരുനാൾ അലങ്കോലപ്പെടുത്താതിരിക്കുന്നതിനു് മിശിഹാ

യുടെ മൃതശരീരം കുരിശിൽ നിന്നിറക്കുന്നതിനു് യഹൂദ ജനം തയ്യാറെടുത്തു. എന്നാൽ ക്രൂശിതർ അന്തരിച്ച ശേഷമേ ഇതു് ചെയ്യാവൂ എന്നായിരുന്നു നിയമം. ഭടന്മാർ ഭാരമേറിയ ഇരുമ്പുലക്കയുമായി മിശിഹായുടെ കാലുകൾ തകർക്കുന്നതിനു് അവിടെ വന്നു. തസ്കരന്മാരുടെ കാലുകൾ തല്ലിത്തകർത്തശേഷം മിശിഹായെ സമീപിച്ച ഘാതകരെക്കണ്ടപ്പോൾ മറിയം പരിഭ്രാന്തചിത്തയായി. മിശിഹാ അതിനകം മരിച്ചുവെന്നുകണ്ടു്, അവർ അവിടത്തെ കാലുകൾ തകർത്തില്ല. എങ്കിലും അവിടത്തെ വിലാവിൽ കുന്തംകൊണ്ടു് കുത്തി.

ഈ സമയംകൊണ്ടു് ജനക്കൂട്ടം പിരിഞ്ഞു് പൊയ്ക്കഴിഞ്ഞിരുന്നു. ഒടുവിൽ യൗസേപ്പും നിക്കൊദെമൂസും മിശിഹായുടെ ശരീരം സംസ്കരിക്കുന്നതിനു് പീലാത്തോസിന്റെ അനുവാദത്തോടുകൂടി കുരിശിനെ സമീപിച്ചു. അവർ മിശിഹായുടെ കരചരണങ്ങളിൽ തുളഞ്ഞുകയറിയിരുന്ന ആണികളെ ഓരോന്നായി വലിച്ചെടുത്തു. അപ്പോൾ ഭാരമേറിയ ആ ശരീരം അവരുടെ കരങ്ങളിലേയ്ക്കു് ചരിഞ്ഞു. അതീവ ഭക്തിബഹുമാനത്തോടുകൂടി അവർ അതിനെ പരിശുദ്ധ മറിയത്തിന്റെ മടിയിലേക്കിറക്കി. ശൈശവദശയുടെ പ്രഥമ ഘട്ടത്തിൽ എന്നപോലെ ഇപ്പോൾ മിശിഹായുടെ ശരീരം അവിടെ ശയിച്ചു. ആ തിരുശരീരം കഴുകി വൃത്തിയാക്കുന്നതിനും അതിനു് ഒരു വിശ്രമസ്ഥലം സജ്ജീകരിക്കുന്നതിനും മാതൃശ്രേഷ്ഠ ഒരിക്കൽക്കൂടി അത്യന്താപേക്ഷിതമായിത്തീർന്നു. തിരുമേനിയിലെ ഓരോ വ്രണവും, മൌനഭാഷയിൽ വി

വരിച്ചുകൊടുത്ത പീഡാനുഭവചരിത്രം, ആ ദിവ്യമാതാവിന്റെ ഹൃദയവേദനയെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. പത്രോസിനെ മാനസാന്തരപ്പെടുത്തിയ ആ നയനങ്ങളും, പൈതങ്ങളെ ആശീർവ്വദിച്ച ആ അനുഗ്രഹം നിറഞ്ഞ കരങ്ങളും, യോഹന്നാൻ ചാരിക്കിടന്ന ആ മാറിടവും, മഗ്ദലനമറിയം പശ്ചാത്താപത്താൽ കെട്ടിപ്പിടിച്ച ആ തൃപ്പാദങ്ങളും, എല്ലാം വ്രണപ്പെട്ട് വിരൂപമായിരുന്നു. നിക്കൊദെമൂസ് കൊണ്ടുവന്നിരുന്ന സുഗന്ധദ്രവ്യങ്ങൾകൊണ്ട് പരിശുദ്ധ മറിയം അവയെ ഭക്ത്യാദരപൂർവ്വം അഭിഷേകം ചെയ്തു. അങ്ങനെ തിരുപ്പുത്രനുവേണ്ടിയുള്ള അവളുടെ ശുശ്രൂഷകളെല്ലാം അവസാനിച്ചു. അവൾ മൃതശരീരത്തെ യഥോചിതം ഉടുപ്പിച്ച് ലോകത്തിന്റെ സ്രഷ്ടാവും നാഥനുമായ മിശിഹായോട് മനുഷ്യവർഗ്ഗം പ്രദർശിപ്പിച്ച കൃതഘ്നതയെ മറവു ചെയ്തു.

ജപം.

വ്യാകുലമാതാവായ പരിശുദ്ധ മറിയമേ, നിന്റെ തിരുക്കുമാരൻ മരണം പ്രാപിച്ചശേഷം ഒരു പടയാളി അവന്റെ തിരുശരീരത്തിന്റെ പാർശ്വഭാഗം ഒരു കുന്തത്താൽ കുത്തിത്തുറക്കുന്നതു കണ്ടപ്പോൾ നീ അനുഭവിച്ച വ്യാകുലത നിസ്സീമമായിരുന്നുവല്ലോ. ഹാ! സ്നേഹമുള്ള അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഭേദിക്കപ്പെട്ട ആ തിരുഹൃദയത്തോടുള്ള ഭക്തി ഞങ്ങളിൽ ഉത്തരോത്തരം വർദ്ധിച്ചു വരുന്നതിനും, ഐഹികജീവിതം അവസാനിക്കുമ്പോൾ ഞങ്ങളെല്ലാവരും ആ തിരുഹൃദയത്തിൽ അഭയം പ്രാപിക്കുന്നതിനും ആവശ്യമായ അനുഗ്രഹം ഞങ്ങൾ

ക്കു് പ്രാപിച്ചു തരണമെന്നു് നിന്നോടു് ഞങ്ങളപേക്ഷിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

രക്തസാക്ഷികളുടെ രാജ്ഞി, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിയ്ക്കായി ഒരു തിരുഹൃദയക്കൊന്ത ചൊല്ലി കാഴ്ചവയ്ക്കുക.

ഇരുപത്തിനാലാം ദിവസം.

മിശിഹായുടെ ശവസംസ്കാരം.

(മാതാവിന്റെ ഏഴാമത്തെ വ്യാകുലം)

പീഡകളനുഭവിച്ചു് മരണം പ്രാപിക്കുന്ന പുത്രന്റെ സമീപം നില്ക്കുന്ന മാതാവു് അവന്റെ പീഡകളെല്ലാം സ്വന്തം പീഡകളായി കരുതുക സ്വാഭാവികമാണു്. എന്നാൽ, അവന്റെ മൃതശരീരം സംസ്കരിക്കുന്നതിനു് കൊണ്ടുപോകുന്നതിനുമുമ്പു് ദുഃഖിതയായ മാതാവു് മകനോടു് അന്ത്യയാത്ര പറയണം. ഇനി അവനെ കാണാൻ സാദ്ധ്യമല്ലല്ലോ എന്നുള്ള ചിന്തയാണു് അവളുടെ ജീവിതത്തിലെ ഏറ്റവും ശോകാത്മകമായ രംഗം. പരിശുദ്ധകന്യകാമറിയം അതുപോലുള്ള ഒരു പതനത്തിലെത്തിയിരുന്നു. ഇതായിരുന്നു അവളുടെ ഒടുവിലത്തെ വ്യാകുലം.

കാൽവരിക്കുന്നിനു സമീപം ഒരു പുതിയ പ്രേതാലയം ഉണ്ടായിരുന്നു. അരമെത്തയാക്കാരൻ യൗസേപ്പിന്റേതായിരുന്നു അതു്. അവിടെ ആരും ഇതിനുമുൻപു് സംസ്ക്കരിക്കപ്പെട്ടിരുന്നില്ല. സന്ധ്യാസമയത്തു് മിശിഹായുടെ തിരുശരീരം സംസ്ക്കരിക്കുന്നതിനു് അവിടെയ്ക്കാണു് അവിടത്തെ സ്നേഹിതർ കൊണ്ടുവന്നതു്. അവിടെ പാറവെട്ടിയുണ്ടാക്കിയ കല്ലറയിൽ അവർ മഹാഭക്തിവണക്കത്തോടുകൂടി തിരുശരീരം നിക്ഷേപിക്കുകയും, പീഡാനുഭവത്തിന്റെ സാമഗ്രികളെ സമീപത്തുതന്നെ സൂക്ഷിച്ചു വയ്ക്കുകയുംചെയ്തു. ഭാരമേറിയ ഒരു കല്ലുരുട്ടി പ്രേതാലയത്തിന്റെ പ്രവേശനദ്വാരത്തിൽവച്ചു് അവർ അതു് ഭദ്രമായി അടച്ചു.

പരിശുദ്ധ മറിയത്തിന്റെ അനന്തരജീവിതം ഈശോയെക്കൂടാതെ നയിക്കേണ്ടതായിത്തീർന്നു. ഇതായിരുന്നു അവളുടെ ഏറ്റവും കഠിനമായ വ്യാകുലചിന്ത. ഗാഗുൽത്താമലമുകളിൽവച്ചു് അവളനുഭവിച്ച വ്യാകുലം അതിഭയങ്കരമായിരുന്നു എന്നതു് ശരിതന്നെ. എന്നാൽ അവളുടെ പുത്രൻ അന്ത്യശ്വാസം വലിക്കുന്നതുവരെ അർദ്ധപ്രാണനായിട്ടെങ്കിലും അവളോടുകൂടി ഉണ്ടായിരുന്നു. പ്രാർത്ഥനയ്ക്കോ പ്രസാദവരത്തിനോ വേണ്ടി മിശിഹായുടെ അടുത്തിയിരുന്ന സ്വരം, വെന്തുനീറിയിരുന്ന അവളുടെ ഹൃദയത്തെ തെല്ലൊന്നു് ശാന്തമാകുവാൻ കാരണമാക്കിയിരുന്നു. കുരിശിൽനിന്നിറക്കിയ മൃതശരീരത്തെ ദർശിക്കുന്നതും, ചുംബിക്കുന്നതും, ആശ്ലേഷിക്കുന്നതും അവൾക്കു് ആശ്വാസപ്രദമായിരുന്നു. എന്നാൽ ഇപ്പോൾ അവൾ

ഏകയായി ഭവിച്ചിരിക്കുന്നു. ആശ്രയരഹിതയായി, ആശ്വാസമില്ലാത്തവളായി. അവളുടെ ആസ്തിക്യം തന്നെയും മിശിഹായ്ക്കുവേണ്ടിയായിരുന്നു. ചിരംജീവിയായ ആ മിശിഹാ ചരമമടഞ്ഞു. ഇനി ആക്കുവേണ്ടി അവൾ ജീവിച്ചിരിക്കുന്നു? അയ്യോ നമുക്കു് വേണ്ടിയാണു്. മിശിഹായുടെ മൗതികശരീരത്തിന്റെ അവയവങ്ങളും തന്റെ സഹോദരരുമായ നമുക്കുവേണ്ടി അവൾ ഏകാകിയായി. അവൾ അനുഭവിച്ച വ്യാകുലങ്ങളുടെ കാഠിന്യം നിമിത്തം പാപികളായ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുവാനും നമ്മെ പ്രസാദവരത്തിന്റെ സന്താനങ്ങളായി പ്രസവിക്കുവാനും വേണ്ടിയായിരുന്നു അവൾ പിന്നെയും ജീവിച്ചിരിക്കാൻ ദൈവം തിരുമനസ്സായതു്.

ജപം.

വ്യാകുലമാതാവായ പരിശുദ്ധ മറിയമേ, നിന്റെ തിരുക്കുമാരന്റെ മൃതശരീരം അങ്ങേ ശിഷ്യർ ചുമലിൽ വഹിച്ചുകൊണ്ടു് മഹാഭക്തിബഹുമാനത്തോടുകൂടി സംസ്ക്കരിക്കുന്നതിനു് കൊണ്ടുപോയപ്പോൾ നീയും അവരെ അനുയാത്ര ചെയ്തല്ലോ. മിശിഹായുടെ ശരീരം യഥാവിധി സംസ്ക്കരിക്കപ്പെട്ടശേഷം നിന്റെ തിരുക്കുമാരനോടു് അന്ത്യയാത്രപറഞ്ഞു പിരിഞ്ഞപ്പോൾ നീ അനുഭവിച്ച വ്യാകുലത എത്ര കഠിനതരമായിരുന്നു! സ്നേഹമുള്ള അമ്മേ, പാപകരമായ ഞങ്ങളുടെ പഴയ ജീവിതരീതി പരിത്യജിച്ചു്, അതിനോടു് എന്നേയ്ക്കുമായി യാത്ര പറഞ്ഞു പിരിയുന്നതിനുവേണ്ട നൽവരം നീ ദൈവത്തി

ൽനിന്നു് ഞങ്ങൾക്കു് പ്രാപിച്ചുതരണേയെന്നു് നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

അവശതയനുഭവിക്കുന്നവരുടെ ആശ്വാസമേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിക്കായി ഒരു ശവസംസ്ക്കാരത്തിൽ സംബന്ധിക്കുക; അല്ലെങ്കിൽ ഏതെങ്കിലും ഒരു പരോപകാരപ്രവൃത്തി ചെയ്യുക.

ഇരുപത്തഞ്ചാം ദിവസം.

പരിശുദ്ധ മറിയം മിശിഹായുടെ ശിഷ്യരോടുകൂടെ.

മിശിഹായുടെ മൃതശരീരം സംസ്ക്കരിക്കപ്പെട്ടശേഷം, പാതാളത്തിലേക്കിറങ്ങിയ അവിടുത്തെ ദേഹിയേയും, പ്രേതാലയത്തിലായിരുന്ന അവിടുത്തെ ദേഹത്തേയും, മൌനമായി ധ്യാനിക്കുവാൻ മറിയം അഭിലഷിച്ചു. എന്നാൽ അവൾ മനുഷ്യരാശിയുടെ മാതാവായി നിയോഗിക്കപ്പെട്ടിരുന്നതുകൊണ്ടു്, മിശിഹായുടെ വിരഹം നിമിത്തം സന്താപചിത്തരും, സന്ദേഹബാധിതരുമായ ശിഷ്യർക്കു്, അവളുടെ മാതൃസംരക്ഷണം അപരിത്യാജ്യമായിരുന്നു. വാത്സല്യമേറിയ മാതാവിന്റെ അടുക്കൽ ഓടിക്കൂടുന്ന മക്കളെപ്പോലെ ശിഷ്യർ ഓരോരുത്തരും അവ

ളെ സമീപിച്ചിരിയ്ക്കുണം. അവളുടെ അധരങ്ങളിൽനി
ന്നും പുറപ്പെട്ടിരുന്ന വാക്കുകളിൽ ആരാണ് ദൈവിക
ശക്തിയും സാന്ത്വനവും കണ്ടെത്താതിരിക്കുക!

അനുതാപിയായ പത്രോസും, സ്നേഹഭാജനമായ യോ
ഹന്നാനും, ചിന്താശീലനായ അന്ത്രയോസും മറവ് ശ്ലീഹ
ന്മാരും മറിയത്തിന്റെ ചുറവുംകൂടി കുരിശിന്റെ രഹ
സ്യത്തെപ്പറ്റിയുള്ള ധ്യാനത്തിൽ മുഴകിയിരുന്നപ്പോൾ,
മിശിഹായുടെ ആത്മാവ് പാതാളങ്ങളിലിറങ്ങി, അനേ
കവർഷമായി രക്ഷകനെ പാർത്തിരുന്ന ആദിപിതാവായ
ആദത്തിനും, വിശ്വാസികളുടെ പിതാവായ അബ്രാഹ
ത്തിനും, അദ്ദേഹത്തിന്റെ സന്തതികളായ ഇസഹാക്കി
നും, യാക്കോവിനും, പ്രവാചകപ്രമുഖരായ മൂശയ്ക്കും, ദാ
വീദിനും, ഏശയ്യാ, ജെറമിയാ, എസക്കിയേൽ, ദാനി
യേൽ മുതലായവർക്കും രക്ഷാകർമ്മം പൂർത്തിയായെന്ന ആ
ഹ്ലാദവാർത്ത വെളിപ്പെട്ടുത്തുകയായിരുന്നു. ഇങ്ങനെ കുരി
ശിന്റെ രഹസ്യത്തിന്റെ ആഴവും, ഉയരവും, നീളവും,
വീതിയും ധ്യാനിച്ചു പഠിക്കുന്ന ശ്ലീഹന്മാരോടും, കുരിശി
ന്റെ മഹത്വം ശ്ലീഹകുവാൻ തുടങ്ങിയ പൂർവ്വപിതാക്കന്മാ
രോടുംകൂടി, വത്സലമാതാവായ മറിയത്തിന്റെ ചുറവും
സാധിക്കുന്നിടത്തോളം ചെലവഴിക്കുക എന്നതു് നമ്മു
ടെ ആദ്ധ്യാത്മിക ജീവിതത്തിൽ ആശ്വാസം കണ്ടെത്തു
വാൻ സഹായമായിരിക്കും.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ! നിന്റെ തി
രുക്കുമാരന്റെ മരണശേഷം, അവിടുത്തെ ശിഷ്യഗണം

നിന്നിലത്രെ ആശ്രയവും ആശ്വാസവും ദർശിച്ചതു്. ഉപദേശത്താലും ഉൽകൃഷ്ടാദർശങ്ങളാലും നീ അവരെ ആദ്ധ്യാത്മിക ജീവിതത്തിൽ ധൈര്യപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തവല്ലൊ. ഹാ! സ്നേഹമുള്ള അമ്മേ! മിശിഹായുടെ മൃതികശരീരത്തിന്റെ അവയവങ്ങളും, നിന്റെ അയോഗ്യമക്കളുമാകുന്ന ഞങ്ങളും, ജീവിതപ്രയാണത്തിൽ ശക്തിയും ധൈര്യവും പ്രാപിക്കുന്നതിനുള്ള അനുഗ്രഹം, നീ വഴിയായി ഞങ്ങൾക്കു് ലഭിക്കുവാൻ ഇടയാക്കണമെന്നു് നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ബോധജ്ഞാനത്തിന്റെ സിംഹാസനമേ! ഞങ്ങൾക്കു്വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

ദുഃഖിതക്കു് സദുപദേശം നല്കി, സമാശ്വസിപ്പിക്കുന്നതിനു് പരിശ്രമിക്കുക.

ഇരുപത്താറാം ദിവസം.

മിശിഹായുടെ ഉയർപ്പു്.

ആഴ്ചവട്ടത്തിലെ ഒന്നാം ദിവസമായ ഞായറാഴ്ച അതിരാവിലെ, മിശിഹായുടെ ശരീരത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശുവാൻ, വിശുദ്ധ സ്ത്രീകൾ പ്രേതാലയത്തിൽ വന്നു. മറിയം മാത്രം വീട്ടിൽ ഇരുന്നു. ക്ലേശഭാരത്താൽ ആശ്വാസരഹിതയായി, അവൾ രണ്ടാമത്തെ ആ കാള

രാത്രിയിലെ അവസാന വിനാഴികകൾ തള്ളിവിട്ടുകൊണ്ടിരിക്കുമ്പോൾ, ഇതാ! പെട്ടെന്ന് ആ മുറി വിറച്ചു. അപ്പോൾ അവിടെ പ്രത്യക്ഷപ്പെട്ട പ്രഭാപ്രളയത്തിൽ അവളുടെ ദിവ്യപുത്രൻ അവളുടെ മുൻപാകെ നിലകൊണ്ടു. പരിശുദ്ധ മറിയം സാഷ്ടാംഗം പ്രണമിച്ച് അവിടുത്തെ ആരാധിച്ചു. ഇപ്പോൾ ദൈവികസത്തയോട് സംയോജിച്ച സുന്ദരമേറിയ ആ ശരീരത്തേയും ആത്മാവിനേയും അവൾ ഉറ്റുസൂക്ഷിച്ചു. അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിൽനിന്ന്, ദിവ്യകുമാരന്റെ മാധുര്യമേറിയ സ്വരം ശ്രവിച്ച് അവൾ ആനന്ദത്താൽ പുളകിതഗാത്രയായി. അതുപോലുള്ള ആനന്ദം ആരും അനുഭവിച്ചിട്ടില്ല. ഈ സംഭവം വി. ഗ്രന്ഥത്തിൽ നാം കാണുന്നില്ല. പക്ഷെ, വിശുദ്ധരുടെ അഭിപ്രായം ഇതു് തീച്ചയായും നടന്നിരിക്കണമെന്നാണ്. മഹിമയോടുകൂടിയ മിശിഹായുടെ ശരീരം മറിയത്തിൽനിന്നുണ്ടായതും, അവളുടെ ജീവനെക്കൊണ്ട് പരിപോഷിപ്പിക്കപ്പെട്ടതും, ശൈശവത്തിൽ അവൾതന്നെ പോറ്റിയതും, മരണശേഷം കച്ചകൊണ്ട് കെട്ടിയതുമായിരുന്നു. അവിടുന്ന് അരുൾ ചെയ്തതുപോലെ പുനരുത്ഥാനം ചെയ്തു. അവിടുത്തെ വാശാനത്തിന്റെ പൂർത്തീകരണമായിരുന്നു, അവളുടെ വിശ്വാസത്തിന്റെ മഹാവിജയം. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി കുരിശാകുന്നുവെന്നും, മരിക്കുന്നതു് ഉയിർക്കുവാൻ വേണ്ടിയാകുന്നുവെന്നും, അവിടുന്ന് പ്രസംഗിച്ചതു് മറിയം അവളുടെ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നു. പീഡാനുഭവത്തിന്റെ അന്ധകാരപൂർണ്ണമായ നിമിഷങ്ങളിൽ എല്ലാവരും മിശിഹായിൽനിന്ന് പലായനം ചെയ്ത

പ്പോൾ, മറിയം ദിവ്യരക്ഷകനെ അവളുടെ സ്രഷ്ടാവായി ആരാധിക്കുന്നതിൽനിന്നു് വിരമിച്ചില്ല. ഇപ്പോൾ അവിടുത്തെ ദൈവത്വം പ്രഖ്യാപിതമായിരിക്കുന്നു. പുണ്യാത്മാക്കളും ശ്ലീഹന്മാരും അവരുടെ പരമനാഥനായി അവിടുത്തെ വണങ്ങുവാൻ പോകുന്നു. എന്നാൽ മിശിഹായുടെ അധിക്ഷേപങ്ങളിലും ദുഃഖത്തിലും അവൾ ഏറ്റവും വലിയ പങ്കുവഹിച്ചതിനാൽ ഉയർപ്പിന്റെ മഹാസന്തോഷത്തിലും അവൾ തന്നെയായിരുന്ന പ്രഥമമായും പ്രധാനമായും പങ്കുകൊണ്ടതു്. മിശിഹായുടെ മഹാവിജയത്തിലും അവൾ തന്നെയായിരുന്ന പ്രഥമസ്ഥാനം കരസ്ഥമാക്കിയതും.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ! മരിച്ചവരിൽനിന്നുയർത്തെഴുന്നേറ്റ മിശിഹായുടെ പ്രതാപമേറിയ മഹത്വം കണ്ടപ്പോൾ, നീ അനുഭവിച്ച ആനന്ദം അവാച്യമായിരുന്നല്ലൊ. മിശിഹായോടുകൂടെ ക്ലേശങ്ങളാകുന്ന കുരിശുകളെ നീ ആയിരുന്ന കൂടുതൽ സഹിച്ചതെന്നും, തന്നിമിത്തം നീ സ്വർഗ്ഗത്തിൽ ഉപരിമഹത്വം അനുഭവിക്കുന്നതിനു് ഇതു് കാരണമായെന്നും ഞങ്ങൾ അറിയുന്നു. ഹാ! സ്നേഹമുള്ള മാതാവേ, നിന്റെ ജീവിതമാതൃകയ്ക്കനുസരണമായി, ദൈവം ഞങ്ങൾക്കു് നല്കുന്ന കുരിശുകൾ വരുവാനിരിക്കുന്ന മഹത്വത്തിന്റെ നാന്ദിയാണെന്നു് ഓർത്തുകൊണ്ടു്, അവയെ സന്തോഷപൂർവ്വം സഹിക്കുന്നതിനുവേണ്ട അനുഗ്രഹം നീ ഞങ്ങൾക്കു് പ്രാപിച്ചു തരണേയെന്നു് നിന്നോടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ഞങ്ങളുടെ ആനന്ദത്തിന്റെ കാരണമേ! ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

ദൈനംദിനജീവിതത്തിൽ നേരിടുന്ന ക്ലേശങ്ങൾ ക്ഷമാപൂർവ്വം സഹിച്ചു് മാതാവിന്റെ സ്തുതിയ്ക്കായി കാഴ്ച വയ്ക്കുക.

ഇരുപത്തേഴാം ദിവസം.

മിശിഹായുടെ സ്വർഗ്ഗാരോഹണം.

മിശിഹാ ഉയർത്തെഴുന്നേറ്റശേഷം തന്റെ ശിഷ്യർക്കു് പലപ്പോഴും പ്രത്യക്ഷനായി. അവർ നിർവ്വഹിയ്ക്കേണ്ട ജോലി സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കി. സ്വർഗ്ഗത്തിലേയ്ക്കു് എഴുന്നെള്ളുന്നതിനു് മുൻപുള്ള നാല്പതു ദിവസത്തെ താമസത്തിനിടയ്ക്കു് തെരഞ്ഞെടുക്കപ്പെട്ടവരുടെ അമ്മ എന്ന നിലയിൽ, അവളുടെ കർത്തവ്യനിർവ്വഹണത്തിനാവശ്യമായ നിർദ്ദേശങ്ങൾ മറിയത്തിനും നല്കിക്കാണണം. ദിവ്യഗുരു തന്റെ ശിഷ്യരെ ഒലിവുമലയിലേയ്ക്കു് നയിച്ചപ്പോൾ, തന്റെ അമ്മയേയുംകൂടെ കൊണ്ടുപോയിയെന്നു് പറയേണ്ടതില്ലല്ലൊ. അവിടുന്നു് സ്വശക്തിയാൽ സ്വർഗ്ഗത്തിലേയ്ക്കു് ആരോഹണം ചെയ്തപ്പോൾ, അവളുടെ അക്ഷികൾ മിശിഹായെ അനുയാത്ര

ചെയ്തു. കാഴ്ചയിൽനിന്നു് മേഘപടലങ്ങൾ ആച്ഛാദനം ചെയ്തുവരെ, നിന്നിമേഷയായി നോക്കിനിന്നപ്പോൾ, അവൾ അനുഭവിച്ച ആനന്ദം നിസ്സീമമായിരുന്നു. അതിനുശേഷം സ്വർഗ്ഗസ്ഥപിതാവിന്റെ വലത്തുഭാഗത്തു് സ്ഥിതിചെയ്യുന്ന സ്വപുത്രനെ അവൾ വിശ്വാസവെളിച്ചത്തിൽ വീക്ഷിച്ചു. പുത്രന്റെ ഈ മഹിമാവു് അവിടത്തെ സാന്നിദ്ധ്യത്തെക്കാൾ അവൾക്കു് പ്രിയംകരമായിത്തോന്നി. മാത്രമല്ല നമ്മിൽ അവൾ ആ പുത്രന്റെ പ്രതിച്ഛായ ദർശിക്കുവാൻ തുടങ്ങി. ഒരു മാതാവിന്റെ കടമ വിശുദ്ധ യോഹന്നാനോടും മറ്റു ശിഷ്യന്മാരോടും അവൾ നിർവ്വഹിക്കുവാൻ ആരംഭിച്ചു. അങ്ങനെ മിശിഹായുടെ മൃതികശരീരത്തിന്റെ രക്ഷ കന്യകാമറിയത്തിന്റെ കരുത്തേറിയ കരങ്ങളിലായിരുന്നു. അവളുടെ തിരുക്കുമാരനായ മിശിഹാ അവൾക്കു് നിർദ്ദേശം നല്കിയതുപോലെ കത്തോലിക്കാസഭയാകുന്ന ആ ശിശുവിനു് ദൈവികസ്തന്യം കൊടുത്തു്, ഭൂമിയിൽ വളർത്തുന്നതിനും, സ്വർഗ്ഗത്തിലേയ്ക്കുള്ള അതിന്റെ പ്രയാണത്തിൽ മാർഗ്ദർശിനിയാകുന്നതിനുംവേണ്ടി അവൾ സന്തോഷപൂർവ്വം തന്നെ ലോകത്തിൽ താമസിച്ചു.

ജപം.

ദൈവമാതാവായ പരിശുദ്ധ മറിയമേ! നിന്റെ തിരുക്കുമാരൻ സ്വർഗ്ഗത്തിലേക്കു് ആരോഹണം ചെയ്തശേഷം തിരുസ്സഭയാകുന്ന സജീവസ്ഥാപനത്തിന്റെ സംരക്ഷണം, നിന്നിലാണല്ലോ അർപ്പിതമായതു്. ഗൗരവമേറിയ ആ ജോലി വിജയപൂർവ്വം നീ നിർവ്വഹിച്ചു; ഇപ്പോഴും

നിവ്വഹിച്ചുപോരുന്നു. ഹാ! സ്നേഹമുള്ള അമ്മേ, നിന്റെ മക്കളും, തിരുസ്സുഭാമാതാവിന്റെ അരുമസന്താനങ്ങളുമാകുന്ന ഞങ്ങളുടെ ആത്മശരീരങ്ങളുടെ സംരക്ഷണയും നീ തന്നെ ഏറ്റെടുത്തു് നടത്തിക്കൊള്ളണമെന്നു് നിന്നോടു് ഞങ്ങൾ പ്രാത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

സ്വർല്ലോകത്തിന്റെ കവാടമേ, ഞങ്ങൾക്കു് വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

നമ്മെത്തന്നെ മുഴുവനും പരിശുദ്ധ കന്യകാമറിയത്തിനു് കാഴ്ചയായി സമർപ്പിക്കുക.

ഇരുപത്തെട്ടാം ദിവസം.

പരിശുദ്ധാത്മാവിന്റെ ആഗമനം.

ദിവ്യരക്ഷകന്റെ ആജ്ഞയനുസരിച്ചു് ശ്ലീഹന്മാർ ഒലീവു് മലപ്പുറത്തുനിന്നും ജെറുസലത്തേയ്ക്കു് മടങ്ങിവന്നു. അനന്തരം അവർ സെഹിയോൻ ഭക്ഷണശാലയിൽ സമ്മേളിച്ചു. മനുഷ്യദൃഷ്ടിയിൽനിന്നും ശബ്ദകോലാഹലങ്ങളിൽനിന്നും വിരമിച്ചു, അവർ പരിശുദ്ധാത്മാവിന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടു് ധ്യാനത്തിലും പ്രാത്ഥനയിലും ദിവസങ്ങൾ ചെലവഴിച്ചു. പരിശു

ദ്ധ കന്യകയുടെ നേതൃത്വത്തിലാണ് അവർ സമ്മേളിച്ചിരുന്നത്. ഭൂമിയിൽ സ്ഥിതിചെയ്യുന്ന സഭയിൽ നടത്തപ്പെട്ട ആദ്യത്തെ നവനാളായിരുന്നു അത്. പത്താം ദിവസം ശക്തിയേറിയ ഒരു കൊടുങ്കാറ്റുണ്ടായി. പരിശുദ്ധാത്മാവ് പിളർക്കപ്പെട്ട തീനാക്കുകളുടെ രൂപത്തിൽ അവിടെ സന്നിഹിതരായിരുന്നവരുടെ മേൽ ആവസിച്ചു. ആ സുദിനത്തിലായിരുന്നു, സജീവസ്ഥാപനമായ കത്തോലിക്കാസഭ സത്യത്തിന്റെയും കൃപാവരത്തിന്റെയും പൂർണ്ണതപ്രാപിച്ചത്. പരിശുദ്ധ കന്യകാമറിയം, അവളുടെ തിരുക്കുമാരനാ അവിടുത്തെ ആദ്ധ്യാത്മിക വിളവിന്റെ ആദ്യഫലമായ കതിർക്കറ്റകളെ കാഴ്ചവച്ചു. ശ്ലീഹന്മാർ രൂപാന്തരം പ്രാപിച്ചു. തീവ്രമായ വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടി, അവർ പുതിയ മനുഷ്യരെപ്പോലെ, പ്രസംഗിക്കുന്നതിനും പീഡകൾ സഹിക്കുന്നതിനുംവേണ്ടി പുറപ്പെട്ടു. അന്ന് അവരിൽ പ്രോജ്വലിച്ചിരുന്ന മതതീക്ഷ്ണത ഇന്നും ദൈവത്തിന്റെ സഭയെ ഭരിക്കുന്നവരിൽ കുടികൊള്ളുന്നുണ്ട്. മനുഷ്യരെ പരിശുദ്ധാത്മാവിയുടെ ആഗമനത്തിനായി ഒരുക്കുന്നതിൽ പരിശുദ്ധ കന്യകയുടെ സ്ഥാനം ഈ ആദ്യനവനാൾ സ്പഷ്ടമാക്കുന്നുണ്ട്. അവളുടെ നേതൃത്വത്തിൽ, ധ്യാനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കുന്ന നിമിഷങ്ങൾ എത്രയോ അമൂല്യങ്ങൾ! ദിവസേന വൈകീട്ട് ഈ അമ്മയുടെ ചുറ്റുംകൂടി നാം ജപിക്കാറുള്ള സന്ധ്യാപ്രാർത്ഥനകളുടെ അവസാനം പരിശുദ്ധാത്മാവ് നമ്മുടെ മേലും ഇറങ്ങിവരത്തക്കവണ്ണം, അവയുടെ നേതൃത്വം അവൾക്ക് നല്കുവാൻ നമുക്ക് ശ്രമിക്കാം.

ജപം.

ദൈവജനനിയായ പരിശുദ്ധ മറിയമേ! നിന്റെ തിരുക്കുമാരൻ സ്വർഗ്ഗത്തിലേയ്ക്ക് എഴുന്നള്ളിപ്പോയശേഷം സെഹിയോൻ എന്ന ഊട്ടുശാലയിലെ ഏകാന്തതയിലും, നിന്റെ നേതൃത്വത്തിലും, ക്രിസ്തുശിഷ്യരെല്ലാവരും പ്രാർത്ഥനാനിരതരായിരിക്കെ, പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ ഇറങ്ങി അവിടുത്തെ ദാനങ്ങൾകൊണ്ട് നിങ്ങളെ അനുഗ്രഹിച്ചുവല്ലൊ. തൽഫലമായി, നിങ്ങളെല്ലാവരും ശ്ലൈഹാന്തരം പ്രാപിക്കുന്നതിനും ഭൂമിയുടെ മുഖം പുതുതാക്കപ്പെടുന്നതിനും, കത്തോലിക്കാമതം സർവ്വത്ര പ്രചരിപ്പിക്കുന്നതിനും കാരണമായെന്ന് ഞാനറിയുന്നു. ഹാ! സ്നേഹമുള്ള അമ്മേ, നിന്റെ മക്കളായ ഞങ്ങളും പരിശുദ്ധാത്മാവിന്റെ പ്രേഷണകർമ്മത്തിന് വിധേയരായി പുണ്യത്തിൽ പുരോഗമിക്കുന്നതിനുവേണ്ട അനുഗ്രഹം പ്രാപിച്ചുതരണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

ശ്ലീഹന്മാരുടെ രാജ്ഞി, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

മാതാവിന്റെ സ്തുതിക്കായി വേദപ്രചാരത്തെ യഥാശക്തി സഹായിക്കുക.

ഇരുപത്തിഒമ്പതാം ദിവസം.

സ്വർഗ്ഗത്തിലേയ്ക്ക്.

ജന്മപാപം കൂടാതെ ജനിച്ച്, ദൈവവരപ്രസാദത്തിൽ വളർന്ന്, ദൈവസുതന് സംപ്രീതയായ മാതാവായിത്തീർന്ന്, അവിടത്തേയ്ക്ക് പുൽത്തൊട്ടിൽ മുതൽ കഴുമരം വരെയും—കാൽവരി മുതൽ സ്വർഗ്ഗമഹിമവരെയും, മാതൃശുശ്രൂഷ ചെയ്ത്, അവിടത്തെ മൗതികശരീരമാകുന്ന തിരുസഭയെ, അതിന്റെ ശൈശവദശയിൽ പാലൂട്ടി വളർത്തി, അമലമനോഹരയായ മറിയം, ഈ ലോകജീവിതത്തിന്റെ അവസാനത്തിലെത്തിയപ്പോൾ, ആത്മശരീരത്തോടെ സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെടുകയാണുണ്ടായത്. കണ്ണഞ്ചിക്കുന്ന ശോഭയോടെ മേഘങ്ങളെ തുളച്ചുകയറി മറിയം സ്വർഗ്ഗാരോപണം ചെയ്യുന്ന രംഗം ആരെയാണ് അപഹൃതചിത്തരാക്കാതിരിക്കുക!

കലാകാരന്മാരും, സാഹിത്യകാരന്മാരും ആ മനോഹരരംഗം ചിത്രീകരിക്കുന്നതിനായി, അഹമഹമികയാ പരിശ്രമിച്ചിട്ടുണ്ട്. ദൈവമാതാവിനു് അനുയോജ്യമായ സ്വീകരണം നല്കാൻ സ്വർഗ്ഗം മുഴുവൻ താഴോട്ടിറങ്ങിയ മഹൽഘട്ടം! സൂര്യനെപ്പോലെ ശോഭിച്ചും, ചന്ദ്രനെ പാദപീഠമാക്കിയും നക്ഷത്രങ്ങളാൽ ആവൃതയായും ആരോഹണം ചെയ്യുന്ന മഹോന്നതയായ ഈ സ്ത്രീരത്നത്തിനു് അകമ്പടി സേവിക്കുവാൻ, ഗാനാലാപത്തോടുകൂടി, സാഘോഷം താഴോട്ടിറങ്ങിയ സ്വർഗ്ഗീയഗണങ്ങളെ അനുകരിച്ച് നമുക്കും അവളെ അനുമോദിക്കാം: "നന്മ നിറ

ഞാവളെ, നിനക്കു സ്വസ്തി!" അങ്ങ്, ഞങ്ങളുടെ വംശത്തിന്റെ അഭിമാനമാകുന്നു. ഹാവാ ഞങ്ങൾക്കു് നഷ്ടപ്പെട്ടതിയതു്, അങ്ങ് വഴിയായി ഞങ്ങൾക്കു് തിരിച്ചു കിട്ടി! എന്നും എന്നേയ്ക്കും അങ്ങയെ ഭാഗ്യവതിയെന്നു് ഞങ്ങൾ പ്രഘോഷിക്കും! ആമ്മേൻ.

ജപം.

സ്വർഗ്ഗാരോപിതയായ ഞങ്ങളുടെ അമ്മേ, അങ്ങയുടെ നിസ്തുലഭാഗ്യത്തിൽ ഞങ്ങൾ അങ്ങയെ അനുമോദിക്കുന്നു. മക്കളായ ഞങ്ങളെ സ്വർഗ്ഗത്തിലേയ്ക്കു് സ്വീകരിക്കുവാനായി അങ്ങ് വരുന്ന നിമിഷം ഞങ്ങൾ പാത്തിരിയ്ക്കുന്നു. അങ്ങയെപ്പോലെ സ്വർഗ്ഗീയപിതാവിനും് എന്നും പ്രീതരായി ജീവിക്കുവാൻ പ്രിയമാതാവെ, അങ്ങ് ഞങ്ങളെ സഹായിക്കണമേ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

സ്വർഗ്ഗാരോപിതയായ മാതാവെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

സൽകൃത്യം.

അടുത്ത രണ്ടു ദിവസവും മാതാവിന്റെ പീഠം ധാരാളം പുഷ്പങ്ങൾകൊണ്ടും തിരികൾകൊണ്ടും അലങ്കരിക്കുക.

മുപ്പതാം ദിവസം.

മറിയം നമ്മുടെ അമ്മ.

നഷ്ടപ്പെട്ട അതിസ്വാഭാവികജീവൻ നമുക്കു് വീണ്ടും നല്കുന്നതിനായി ദൈവസുതൻ ലോകത്തിലേയ്ക്കിറങ്ങി. ആ ദൌത്യം പീഡാനുഭവവും മരണവും കൊണ്ടാണു് അവിടുന്നു് നിർവ്വഹിച്ചതു്. അതിലെല്ലാം അനിതരസാധാരണമായവിധം, മറിയം, തന്റെ വിശ്വാസത്താലും ശരണത്താലും, തീക്ഷ്ണതയേറിയ സ്നേഹത്താലും സഹകരിച്ചു. ഇങ്ങനെ, നമുക്കു്, അതിസ്വാഭാവികജീവൻ നല്കുന്നതിൽ അടുത്തു് സഹകരിച്ചതുകൊണ്ടു്, അവൾ, അതിസ്വാഭാവികതലത്തിൽ, നമ്മുടെ മാതാവായിത്തീർന്നു.

സ്വർഗ്ഗാരോപിതയായതിനുശേഷവും ഈ മാതൃകർത്തവ്യം അവൾ നിർവ്വഹിച്ചു കൊണ്ടാണിരിക്കുന്നതു്. നാം തന്നോടടുക്കുടി, എന്നേയ്ക്കുമായി, സ്വർഗ്ഗത്തിൽ ആനന്ദിക്കുവാൻ തുടങ്ങുന്ന നിമിഷംവരെ, അതിസ്വാഭാവികജീവൻ നമ്മിൽ തഴച്ചു വളരുന്നതിനായി മറിയം പ്രയത്നിച്ചുകൊണ്ടിരിക്കും. അതുകൊണ്ടാണു് അവളെ "മാതാവു്, മാദ്ധ്യസ്ഥ, നമ്മുടെ ആശ്രയം, സങ്കേതം" എന്നെല്ലാം അഭിസംബോധനചെയ്യുവാൻ തിരുസഭാമാതാവു് നമ്മെ പഠിപ്പിക്കുന്നതു്. മിശിഹാ മാത്രമാകുന്ന നമ്മുടെ മദ്ധ്യസ്ഥൻ എന്ന വസ്തുതയെ, മറിയത്തിന്റെ മാദ്ധ്യസ്ഥ ഉദ്യോഗം ഭോദ്യം ചെയ്യുന്നില്ല. ക്രിസ്തു തന്റെ പൌരോഹിത്യത്തിൽ മനുഷ്യരെ ഭാഗഭാക്കുകളാക്കുന്നതുപോലെ,

അവിടത്തെ മാദ്ധ്യസ്ഥ ഉദ്യോഗത്തിൽ, അവിടത്തെ മാതാവിനെയും ഭാഗഭാക്കാക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഈ വസ്തുത, തിരുസ്സഭ, യാതൊരു സംശയവും, സങ്കോചവും കൂടാതെ പഠിപ്പിക്കുന്നു.

തിരുസ്സഭ എന്തിനായി സ്ഥാപിതമായിരിക്കുന്നുവോ, ആ പരിപൂർണ്ണതയെല്ലാം പ്രാപിച്ചുകഴിഞ്ഞ മഹൽവ്യക്തിയെന്ന നിലയിൽ നമ്മുടെ അമ്മ എന്നും പരിലസിയ്ക്കും. പരിപൂർണ്ണതയ്ക്കായി, ഭഗീരഥയത്നം ചെയ്തുകൊണ്ടിരിക്കുന്ന നമുക്ക് നമ്മുടെ വത്സലമാതാവിൽ, കണ്ണുകളുറപ്പിച്ച്, സുരക്ഷിതരായി മുന്നോട്ടു ഗമിക്കാം.

ജപം.

വത്സലമാതാവെ, കണ്ണുനീരുകളുടെ ഈ താഴ്വരയിൽക്കൂടി, സ്വർഗ്ഗരാജ്യത്തിലേയ്ക്ക് യാത്രചെയ്യുന്ന ഞങ്ങൾക്ക് അവലംബമായി, വല്ലഭയായ ഒരു മാതാവ് സൈവസമക്ഷം മാദ്ധ്യസ്ഥം നിർവ്വഹിക്കുന്നുണ്ടെന്ന ചിന്ത ഞങ്ങൾക്ക് ആത്മധൈര്യം നല്കുന്നു. അങ്ങയുടെ നാമം ഞങ്ങൾക്ക് എന്നും എവിടെയും സുരക്ഷിതത്വത്തിന്റെ കോട്ടയായി ഭവിക്കട്ടെ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

എന്റെ അമ്മേ, എന്റെ ആശ്രയമേ!

സൽകൃത്യം.

നാം ഇപ്പോൾ ജപിച്ച സുകൃതജപം ആവശ്യാവശ്യം ആവർത്തിച്ചുകൊണ്ട്, അത് ഒരു സുകൃതമാല്യമായി മാതാവിനു സമർപ്പിക്കുക.

മുപ്പത്തൊന്നാം ദിവസം.

വീണ്ടും ഭൂമിയിലേയ്ക്ക്!

നമ്മുടെ അമ്മ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് സദാ നമുക്കുവേണ്ടി മാദ്ധ്യസ്ഥ ഉദ്യോഗം നിർവ്വഹിക്കുകയാണ്. നമ്മിലുള്ള വരപ്രസാദജീവനു് അല്പമെങ്കിലും വാട്ടമോ തളർച്ചയോ വരുന്നതു് അവിടത്തേയ്ക്കു് ദുസ്സഹമാണ്. ആ ജീവൻ അപഹരിക്കുന്നതിനായി അഹോരാത്രം പ്രയത്നിക്കുന്ന ശത്രുഗണം നമ്മെ വലയം ചെയ്യുന്നുവെന്നതു് ഒരു യാഥാർത്ഥ്യമാണുതാനും.

ശത്രുക്കൾ തന്റെ മക്കളെ വഞ്ചിച്ചു്, അവരെ, കൂട്ടംകൂട്ടമായി, അപകടത്തിലേയ്ക്കാനയിച്ചിട്ടുള്ള അവസരങ്ങൾ വിരളമല്ല. ആ വിപൽസന്ധികളിൽ, വത്സലയായ ഈ സ്വർഗ്ഗീയമാതാവു് ഭൂമിയിൽ പ്രത്യക്ഷപ്പെട്ടപോലും തന്റെ മക്കളെ അപകടത്തിൽനിന്നും മാടിവിളിച്ചിട്ടുണ്ട്. അത്തരം മാതൃവാത്സല്യത്തിന്റെ രണ്ടു സജീവ സ്മാരകങ്ങളാണ് ലൂർദ്ദും ഫാത്തിമായും.

യുക്തിവാദം ശക്തിപ്പെട്ടു്, സത്യവിശ്വാസത്തെ വല്ലാതെ പിടിച്ചുകുലുക്കി, 19-ാംശതാബ്ദത്തിൽ. 1958-ൽ പ. കന്യക ഓടിയിറങ്ങി ലൂർദ്ദിൽ. അമ്മയെ കണ്ടയുടനെ, ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും മക്കൾ അങ്ങോട്ടു് ഓടിക്കൂടി. മാതൃസഹജമായ വാത്സല്യത്തോടെ അമ്മ അവരെ ഉപദേശിച്ചു; ആശ്വസിപ്പിച്ചു; ദാനങ്ങൾ കോരിച്ചൊരിഞ്ഞു, അത്ഭുതകരമായി. അന്നുമുതൽ ഇന്നു

വരെയും, യുക്തിവാദത്തിനു് ഒരു തിരിച്ചടിയായി വിലസിക്കുന്ന, ഫ്രാൻസിലെ ലൂർദ്ദു്.

ഇരുപതാം നൂറ്റാണ്ടിലും തന്റെ മക്കളുടെ ദൈവവിശ്വാസത്തെ അടിയോടെ പിഴുതുകളയുവാൻ ഒരു വൻ ശക്തി ഭൂമുഖത്തു് രൂപംകൊണ്ടു. അതിന്റെ ആദ്യത്തെ സ്ഫോടനം റഷ്യയിൽ നടന്ന ദിവസംതന്നെ—1917 ഫെബ്രുവരിയിൽ—ഈ സ്വർഗ്ഗീയ മാതാവു് ഫാത്തിമായിൽ ഇറങ്ങിവന്നു, കമ്മ്യൂണിസത്തിനെതിരെ ആയുധമെടുക്കാനും അണിനിരക്കാനുമുള്ള ആഹ്വാനവുമായി—പ്രാർത്ഥന, പ്രായശ്ചിത്തം! ഇവയാണു് ആ ആയുധങ്ങൾ.

കാനായിലെ മാതൃഹൃദയം തന്നെയാണു് ഇന്നും പരിശുദ്ധ കന്യകയിൽ, നമുക്കായി തുടിച്ചുകൊണ്ടിരിക്കുന്നതു് എന്നതിനു് ഇതിലും കൂടുതലായ എന്തു സാക്ഷ്യമാണു് ആവശ്യം! വല്ലഭയായ നമ്മുടെ അമ്മയുടെ സംരക്ഷണയിലും, നേതൃത്വത്തിലും നമുക്കു ധൈര്യപൂർവ്വം മുന്നേറാം.

ജപം.

പരിശുദ്ധ കന്യകേ, വത്സലമാതാവെ, അങ്ങയുടെ ശക്തിയേറിയ കരങ്ങളാൽ നയിക്കപ്പെടുന്ന ഞങ്ങൾക്കു് ശത്രുഭയം അസ്ഥാനത്താണു്. അങ്ങയുടെ കാപ്പയിൻകീഴു് സുരക്ഷിതരായി, ശത്രുക്കളോടു് പൊരുതിയതിനുശേഷം, വിജയശ്രീലാളിതരായി, അങ്ങയോടുകൂടി സ്വർഗ്ഗീയ പിതാവിന്റെ ആശ്ലേഷത്തിൽ ലയിക്കുന്ന നിമിഷം ഞങ്ങൾ പാർത്തിരിക്കുന്നു. ആമ്മേൻ.

(എത്രയും ദയയുള്ള മാതാവേ.....)

സുകൃതജപം.

വത്സലമാതാവെ, ഞങ്ങളുടെ ശത്രുക്കളിൽനിന്നു് ഞങ്ങളെ രക്ഷിക്കണമെ.

സൽകൃത്യം.

ഇന്നു് മാതാവിനെ ബഹുമാനിക്കുന്നതിനായി ഒരു തിരുനാളായി ആചരിക്കുക.

കുടുംബങ്ങളെ കന്യകാമറിയത്തിനു കാഴ്ചവയ്ക്കുന്ന ജപം.

ദൈവത്തിന്റെ മാതാവും ദൈവജനത്തിന്റെ അമ്മയുമായ പരി. കന്യകാമറിയമെ, നിന്റെ മക്കളും ഈ കുടുംബത്തിലെ അംഗങ്ങളുമായ ഞങ്ങളെല്ലാവരും ഈ മാസത്തിന്റെ അവസാന ദിവസമായ ഇന്നു് സന്തോഷപൂർവ്വം നിന്നെ സമീപിക്കുന്നു. നീ വഴിയായി ദൈവം ഞങ്ങൾക്കു് നല്കിയ അനുഗ്രഹങ്ങളെക്കുറിച്ചു് നിന്നെ സ്തുതിക്കുവാനും, ദൈവത്തോടു് നന്ദി പ്രകാശിപ്പിക്കുവാനും, ഞങ്ങളാഗ്രഹിക്കുന്നു. ഞങ്ങളെ നീ കൈവെടിയാതെ, നസ്സറസിലെ തിരുക്കുടുംബത്തെപ്പോലെ ഞങ്ങളുടെ ഈ കുടുംബത്തേയും കാത്തു് പാലിക്കണമേ. കുടുംബജീവിതത്തിൽ നീ അഭ്യസിച്ച പുണ്യങ്ങൾ—പ്രാർത്ഥനയുടേയും, പ്രയത്നത്തിന്റേയും, പരസ്നേഹത്തിന്റേയും, പരിശുദ്ധിയുടേയും പുണ്യങ്ങൾ—ഈ കുടുംബാംഗങ്ങൾ എല്ലാവരും പുലർത്തിക്കൊള്ളാമെന്നു് നിന്നോടു് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. വാത്സല്യം വഴിഞ്ഞൊഴുകുന്ന നിന്റെ മാതൃഹൃദയത്തെ മാരകപാപം നിമിത്തം

വേദനിപ്പിക്കുവാനുള്ള ദൌർഭാഗ്യം ഞങ്ങൾക്കു നേരിടാതിരിക്കട്ടെ. ചെയ്തുപോയ പാപങ്ങളെക്കുറിച്ച് ഞങ്ങൾ ഹൃദയപൂർവ്വം പശ്ചാത്തപിക്കുന്നു. ഇനിയും നീ ഞങ്ങൾക്ക് അമ്മയാണെന്ന് കാട്ടണമേ.

സ്നേഹമുള്ള മാതാവേ, ഇപ്പോൾ ഞങ്ങൾ നിന്നോട ഭ്യർത്ഥിക്കുന്ന യാചനകളെ നീ ദയാപൂരസ്സരം ശ്രവിക്കണമേ. ഈ കുടുംബത്തിന്റെ സന്താപസന്തോഷങ്ങൾ സ്വന്തമെന്നപോലെ നീ സ്വീകരിക്കണമേ. ഇതിലെ കുഞ്ഞുമക്കളെ നീ കടാക്ഷിക്കണമേ. അവരെ ദൈവമക്കളായി വളർത്തുവാനുള്ള വരം മാതാപിതാക്കൾക്ക് നല്കണമേ. ബാലികാബാലന്മാർ അച്ചടക്കത്തോടും അനുസരണത്തോടുംകൂടെ വിദ്യാഭ്യാസകാലം വിജയപ്രദമാക്കുവാൻ അവരെ നീ പ്രേരിപ്പിക്കണമേ. യുവതീയുവാക്കന്മാർ, ക്രിസ്തുവിന്റെ ത്യാഗത്തിലും, സത്യത്തിലും ധർമ്മത്തിലും അടിയുറച്ചവരായി സഭയ്ക്കും സമുദായത്തിനും വേണ്ടി നിസ്വാർത്ഥസേവനമനുഷ്ഠിക്കുവാൻ അവർക്കു പ്രചോദനം നല്കണമേ. അവർ പ്രായമാകുമ്പോൾ ദൈവത്തിന്റെ ഇഷ്ടാനുസരണമുള്ള ഒരു ജീവിതവൃത്തി തെരഞ്ഞെടുക്കുന്നതിന് അവരെ സഹായിക്കണമേ. വയോവൃദ്ധർ അവരുടെ ദുശ്ശീലങ്ങൾ ജയിച്ച് സംതൃപ്തിയിലും സമാധാനത്തിലും ജീവിക്കുവാൻ അവർക്കു വരം നല്കണമേ. അവരെ യഥാവിധി സംരക്ഷിക്കുവാനുള്ള കഴിവ് ഞങ്ങൾക്കും തരണമേ. വേദനയാൽ വലയുന്നവരേയും, മരണവ്യഥ അനുഭവിക്കുന്നവരേയും കാരുണ്യപൂർവ്വം നീ സാന്ത്വനപ്പെടുത്തണമേ.

ഈ അർത്ഥനകളെല്ലാം സ്വാധീനമേറിയ നിന്റെ മാദ്ധ്യസ്ഥ്യം മൂലം നിന്റെ തിരുക്കുമാരനായ ഈശോമിശിഹായിൽനിന്നു പ്രാപിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നു് നിന്നോടു് ഞങ്ങളപേക്ഷിക്കുന്നു.

പരി. കന്യകാമറിയം അവളുടെ കരുണയുള്ള പുത്രനോടുകൂടെ ഞങ്ങളെ അശീർവ്വദിക്കുമാറാകട്ടെ. ആമ്മേൻ.

മേരീസ്തവങ്ങൾ.

1. ആരിതാരണ്യ ഭൂവിൽ.

("ചോട്ട ബാബുൽക്ക" പോലെ

ആരിതാരണ്യ ഭൂവിൽനിന്നാരോഹണം
ചെയ്യുമാരോമലാമം.....ഓ.....
നിർമ്മലാരോമലാമം.

നീരം നിരാലംബ നിശനീക്കി
വെളി വേകുവാൻ–ദിവ്യ വെളിവേകുവാൻ
മേഘച്ചുരുളായ് വന്നൊരു മിന്നൽ
പ്രഭ വീശിയ–മേരി ജഗദംബിക
ആരിതാരണ്യ.....

പൊന്നിൻ മുടിചൂടിയൊളിചിന്തി
വിയദാലയം കാത്തുവഴികാട്ടിടും
നല്ലൊരുഷസ്സന്ധ്യാസുതയാം സു–
ന്ദര താരക–പാന്ഥക്കണിതാരകം
ആരിതാരണ്യ.....

('ധർമ്മഗീതി'യിൽ നിന്നു്)

2. നാകറാണിയാകുമംബേ.

('ജര സാമനത്തു' പോലെ)

നാകറാണിയാകു മംബേ വാഴുക
നരലോക മിതിൽ ദീപമായ് വാഴുക,
ദിവ്യ സ്നേഹാമൃതം നീ തൂവുക,
പാരിൽ നിൻതനയക്കേകാ ലംബമായ്
നാകറാണി.....

പൊൻമുടിചൂടി പൊൻകതിർ വീശി
പരലോക റാണി വെല്ലു നീ;
പാവന ജാതേ വരശോഭിതേ നിൻ
വര മാരി തൂകാൻ കനിയേണേ

സ്വർഗ്ഗ ഗേഹത്തിൻ ഗായികെ വാഴുക
സ്വർഗ്ഗ ഗേഹത്തിൻ നായികെ വാഴുക
ദിവ്യ സ്നേഹാമൃതം നീ തൂവുക
പാരിൽ നിൻ തനയക്കേകാലംബമായ്
നാകറാണി.....

കടനെങ്ങാം തിങ്ങുമീയഴലാബ്ധി തന്നിൽ
ഉഴലുന്ന ഞങ്ങാം മോഹിതരായ്
നിൻ സ്നേഹഗീതം പാടിപുകഴ്ത്താൻ
വരമരുളേണേ വിമലാംബികേ.
സ്വർഗ്ഗഗേഹത്തിൻ.....

('ധർമ്മഗീതി'യിൽ നിന്നും)

3. വളർന്നകാന്തി.

('വടൻ കീരാഹമെ' പോലെ)

വളർന്ന കാന്തി ചേർന്നു മിന്നിടുന്ന ദിവ്യതാരമേ
ഓ....കിളർന്നയർന്നു പാരിടും വിശുദ്ധിതൻ വിഹാരമേ
വളർന്ന.....

ഇഹത്തിലും പരത്തിലും പകർന്ന പുണ്യശോഭയാൽ
സമസ്ത ജീവരാശിയും വിളക്കിടും വിളക്കുപോൽ
ജ്വലിക്കുമമ്മയിൽ ലയിച്ചിടട്ടെ മക്കളേവരും—2

വളർന്ന.....

കഴിഞ്ഞ കാലമമ്മയെ നിനച്ചിടാത്ത മക്കളായ്
കൊഴിഞ്ഞു പോയിടുന്ന പൂക്കൾ പോലെയായി ഞങ്ങളും
കഴഞ്ഞുപോം ജനിത്രിനിൻ സഹായമറ സവ്വവും—2

വളർന്ന.....

('ധർമ്മഗീതി'യിൽ നിന്നും)

4. വിണ്ണിൽ മിന്നി നില്ക്കും.

("മീറ്റി, മീറ്റി...." പോലെ)

വിണ്ണിൽമിന്നി നില്ക്കും പ്രഭാതാരമേ
വിണ്ണൊളി വിതറി വന്നാലും മുന്നിൽ

വിണ്ണിൽ.....

വീണ്ടു ഞാനിതാ കേഴുകയായ്
താണമായുമീ പാഴ്ക്കുഴിയിൽ—2
നേർ വഴി കാട്ടും നിൻകര മെന്നിൽ
ചേർത്തിടുകിൽ ഞാൻ മോചിതനായ്

വിണ്ണിൽ.....

അല്ലലേറുമെൻ ജീവിതത്തിൽ
മല്ലിടുന്നു മോഹാഗ്നിയുമായ്—2
നിൻ കരമെന്നിൽ സന്തതമാകാൻ
വാനവനാഥേ നീ വരുമോ.

വിണ്ണിൽ.....

('ധർമ്മഗീതി'യിൽ നിന്നും)

5. മടാ കൈതൊഴുന്നേൻ.

"ജരസാമനത്തോ...." പോലെ)

മടാ കൈതൊഴുന്നേൻ മാതേ, മരിയേ!
മിന്നി മിന്നി മാഞ്ഞിടാതേ നീ താരകേ.
ഞാൻ തേടുന്ന പാതിമലരംബികേ
നാഥേ, കൈവിടല്ലെ നീ ഈ പാപിയെ! (മടാ.....

അമ്പിളിത്തുകിൽ പുഞ്ചിരിയാലേ
അൻപിൻ കളിരേ മായരുതേ....
മാനത്തു വിരിയും താരക മലരാൽ
പൂമാല്യമേകാം മായരുതേ!

പരിപാവനം നിൻ പാദംകഴുകാം
കരുണാതൻ വെൺമുകിലെ ഞാൻ വാഴ്ത്തിടാം
ഇരുളാം മൂടുന്നെൻ വീഥിയതിലാശതൻ
മാരി, പെയ്യുന്നെയെന്നുമേ തുമേഘമെ (മടാ.....

ii വാനവർ വാഴ്ത്തും പാവന റാണി
പുണ്യ പ്രസൂനം നീ മഹിതേ!
സൌഭാഗ്യകലയെ, കന്യകാ വിമലേ
പൂമുഖഹാസം തുകിടുമോ ?

ശാന്തിയേകിടുന്നെൻ മാതേ, മരിയേ!
കഴലിണ തഴുകീടാം ഞാൻ മോദമായ്
അതുലാനന്ദ മരുളുക നായികേ
നാഥേ കൈവിടല്ലെ നീ ഈപാപിയെ (മടാ.....

iii പാപികളേ നീ പാവനരാക്കി
പരിമള മുതിരും നിൻകൃപയാൽ
അൻപാളുമംബേ, സ്നേഹത്തിടമ്പേ,
കൺ പാർക്കയെന്നിൽ നിൻദയയാൽ (മടാ.....

('ഗാനമാല'യിൽ നിന്നും)

അമലോത്ഭവ മാതാവിന്റെ ഒപ്പീസ്.

IMPRIMI POTEST

Very Rev. Fr. Sampson, C. M. I.,
PROVINCIAL, TRICHUR.
7-12-1969.

IMPRIMATUR:-

† G. C. Alapatt,
BISHOP OF TRICHUR.
8-12-1969.

അനുബന്ധം.

അമലോത്ഭവ മാതാവിന്റെ ഒപ്പീസ്.

(കുരിശുവരച്ചു് ആരംഭിക്കുന്നു.)

നേതാവു്: പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ.

സമൂഹം: ആമ്മേൻ.

ഗാനം.

അമലോത്ഭവയാം മാതാവേ, നിൻ
പാവനപാദം ചേരുന്നു:
കനകാലയമേ, കന്യാംബേ,
പരലോകത്തിൻ വാതിൽ നീ.

കദനം തിങ്ങിയിതാ ഞങ്ങളം,നിറ—
കണ്ണുകളോടേ കേഴുന്നു:
കരുണ നിറഞ്ഞൊരുനാഥേ, നീ
വിരവൊടു തുക്കൺ പാക്കണമേ.

അമലോത്ഭവയാം.....

(പകരം മറെറാന്നു്.)

കന്യാമേരീ വിമലാംബേ
ദൈവകുമാരനു മാതാവേ,
രക്ഷകനുഴിയിലംബികയേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

നിതരാം നിർമ്മലമാതാവേ,
കറയില്ലാത്തൊരു കന്യകയേ,
നേർവഴികാട്ടും ദീപശിഖേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

നിത്യമഹോന്നത കന്യകയേ,
വിവേകമതിയാം കന്യകയേ,
വിശ്രുതയാം സുകന്യകയേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

കന്യാമേരി.....

നേതാവു്: പരിശുദ്ധ കന്യകാമറിയത്തെ ഉത്ഭവപാപത്തിൽനിന്നു രക്ഷിക്കുകയും, പ്രസാദവരത്താൽ നിറയ്ക്കുകയും, സൃഷ്ടികളിൽ ഏറ്റവും മഹത്വമുള്ളവളായി ഉയർത്തുകയുംചെയ്ത ദൈവമേ, ആ മാതാവിനെ അനുകരിച്ചു വിശുദ്ധരായി ജീവിക്കുവാനും, ദൈവത്തിന്റെ ആലയങ്ങളായിത്തീരുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

സമൂഹം: ആമ്മേൻ.

സങ്കീർത്തനം (45)

രണ്ടു ഗണമായി ചൊല്ലുന്നു.

രാജപുത്രിയുടെ അഴകെല്ലാം
ആന്തരികമാകുന്നു.

അവളുടെ മേലങ്കി
പൊന്നു കൊതിഞ്ഞതാകുന്നു.

വിലയേറിയ കാഴ്ചകളുമായി
രാജാവിനെ അവൾ സന്ദർശിക്കും.

തോഴികളായ കന്യകമാർ
അവളെ അനുഗമിക്കും.

അവർ ഉല്ലാസഭരിതരായി
രാജകൊട്ടാരത്തിൽ പ്രവേശിക്കും.

നേതാവു്: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

സമൂഹം: ആദിമുതൽ എന്നേയ്ക്കും_ആമ്മേൻ.

നേതാവു്: ഹവ്വായുടെ പാപംമൂലം മനുഷ്യവർഗ്ഗത്തിനുണ്ടായ നഷ്ടം, പരിശുദ്ധ കന്യകാമറിയം വഴി പരിഹരിച്ച ദൈവമേ, മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിൽ ഞങ്ങളുടെ കർത്താവീശോമിശിഹായോടു സഹകരിച്ച അമലോത്ഭവ മാതാവിനെ അനുകരിച്ചു്, ഞങ്ങൾക്കുണ്ടാകുന്ന സങ്കടങ്ങളും അവമാനങ്ങളുമെല്ലാം സന്തോഷപൂർവ്വം സഹിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: ആമ്മേൻ.

നേതാവു്: വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം.

ഈശോയുടെ കുരിശിനടുത്തു് അവിടത്തെ അമ്മയും, സഹോദരിയും, കലിയോപ്പാ മറിയവും, മഗ്ദലേനാ മറിയവും നിന്നിരുന്നു.

തന്റെ അമ്മയെയും വത്സലശിഷ്യനെയും കണ്ടിട്ടു് ഈശോ തന്റെ അമ്മയോടു് ഇങ്ങനെ അരുളിച്ചെയ്തു:_ "ഇതാ, അങ്ങയുടെ പുത്രൻ"

അനന്തരം അവിടന്നു് ആ ശിഷ്യനോടു് "ഇതാ, നിന്റെ അമ്മ" എന്നും അരുളിച്ചെയ്തു.

ഉടനെ ആ ശിഷ്യൻ മറിയത്തെ തന്റെ അമ്മയായി സ്വീകരിക്കുകയും ചെയ്തു.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(പകരം മറെറാന്നു്)

നേതാവു്: വിശുദ്ധ ലൂക്കാ എഴുതിയ സുവിശേഷം.

ഈശോയുടെ സംസാരം കേട്ടപ്പോൾ ജനക്കൂട്ടത്തിൽനിന്നു് ഒരു സ്ത്രീ ഇങ്ങനെ വിളിച്ചു പറഞ്ഞു:_

"അങ്ങയുടെ മാതാവാകുവാൻ സാധിച്ച സ്ത്രീ ഭാഗ്യവതിയാകുന്നു"

ഈശോ അവരോട് അളിച്ചെയ്തു:- ദൈവവചനം കേട്ട് അതനുസരിച്ചു ജീവിക്കുന്നവരും ഭാഗ്യമുള്ളവരാകുന്നു.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാറോസൂസ.

നേതാവു്: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ നിന്നു് പരിശുദ്ധ കന്യകാമറിയത്തെപ്പോലെ നിഷ്കളങ്കരായി ജീവിക്കുവാനുള്ള വരം ദൈവത്തോടു പ്രാർത്ഥിക്കാം.

സമൂഹം: പരിശുദ്ധ കന്യകാമറിയത്തെപ്പോലെ / നിഷ്കളങ്കരായി ജീവിക്കുവാൻ/ഞങ്ങളെ അനുഗ്രഹിക്കണമേ.

നേതാവു്: അത്ഭുതാവഹങ്ങളായ വരങ്ങളാൽ പരിശുദ്ധ കന്യകാമറിയത്തെ അലങ്കരിച്ച ദൈവമേ,

സമൂഹം: പരിശുദ്ധ.....

നേതാവു്: അങ്ങയുടെ വത്സലപുത്രന്റെ യോഗ്യമാതാവായി കന്യകാമറിയത്തെ തിരഞ്ഞെടുത്ത ദൈവമേ,

സമൂഹം: പരിശുദ്ധ.....

നേതാവു്: അങ്ങു തിരുക്കുമാരന്റെ മാതാവിനെ ഞങ്ങൾക്കും മാതാവായി നല്കിയ ദൈവമേ,

സമൂഹം: പരിശുദ്ധ.....

നേതാവു്: ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിനു് അങ്ങു നല്കിയ വരങ്ങളെക്കുറിച്ചു ഞങ്ങൾ അങ്ങയോടു നന്ദിപറ

യുന്നു. "ഇതാ, കർത്താവിന്റെ ദാസി; അങ്ങയുടെ ഇഷ്ടം എന്നിൽ പൂർത്തിയാകട്ടെ" എന്നു് ഉദ്ഘോഷിച്ച അമലോത്ഭവ മറിയത്തെപ്പോലെ ദൈവതിരുമനസ്സിനു കീഴ്വഴങ്ങി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

സമൂഹം: ആമ്മേൻ.

നേതാവു്: ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ പിതാവായ വിശുദ്ധ യൗസേപ്പിന്റെയും, മാതാമ്മാ ശ്ലീഹായുടെയും, സകല വിശുദ്ധരുടെയും, പ്രത്യേകമായി ഈ സഖ്യത്തിന്റെ മദ്ധ്യസ്ഥനായ വി. ..... ന്റെയും യോഗ്യതകൾ പരി. നിച്ചു് ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ. അവരെപ്പോലെ ഞങ്ങളും അങ്ങേയ്ക്കുവേണ്ടി മാത്രം ജീവിക്കുന്നതിനും, അവസാനം അവരോടുകൂടെ സ്വർഗ്ഗത്തിൽ നിരന്തരം അങ്ങയെ പാടി സ്തുതിക്കുന്നതിനും ഞങ്ങളെ അനുഗ്രഹിക്കണമേ.

സമൂഹം: ആമ്മേൻ.

നേതാവു്: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ നാമം സകല സൃഷ്ടികളാലും പ്രകീർത്തിക്കപ്പെടട്ടെ. ഞങ്ങളുടെ കർത്താവീശോമിശിഹായുടെ ഭരണം എല്ലാ ഗൃഹങ്ങളിലും സ്ഥാപിതമാകട്ടെ. പരിശുദ്ധ കന്യകാമറിയം അനുഗ്രഹീതയാകുന്നു എന്നു് എല്ലാ നാവുകളും ഉദ്ഘോഷിക്കട്ടെ. ആ മാതാവിനെപ്പോലെ ഞങ്ങളുടെ സഖ്യാംഗങ്ങളും വിനയത്തോടും വിശുദ്ധിയോടുംകൂടി അങ്ങേയ്ക്കു സേവനമനുഷ്ഠിക്കട്ടെ. അങ്ങേയ്ക്കു പ്രിയപ്പെട്ട ഈ സഖ്യാംഗങ്ങളേയും ഞങ്ങളുടെ കുടുംബ

ങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഇപ്പോ
ഴും എപ്പോഴും എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

അനന്തരം താഴെക്കാണുന്ന ഗാനത്തിന്റെ
രണ്ടോ മൂന്നോ പാരഞ്ഞും പാടുന്നു.

ഗാനം.

ഞാനെൻനാഥനെ വാഴ്ത്തുന്നു
മോദംപൂണ്ടെ പുകഴ്ത്തുന്നു:
എളിയൊരു ദാസിയെ നിഖിലേശൻ
കനിവൊട്ടു തുക്കൺപാർത്തല്ലോ.

രക്ഷകനലിവു നിറഞ്ഞെന്നിൽ
ദിവ്യവരങ്ങൾ ചൊരിഞ്ഞതിനാൽ
ഇന്നു തുടങ്ങി തലമുറകൾ
വാഴ്ത്തിടുമെന്നെ നിരന്തരമായ്.

ഭക്തജനത്തിനു സകലേശൻ
നിത്യമനുഗ്രഹമരുളുന്നു:
ഗർവ്വിതനപജയമേറുമ്പോൾ
ബലമൊടുവിജയം നേടുന്നു.

എളിയജനത്തെ വളർത്തുന്നു
ബലമുള്ളവരെത്താഴ്ത്തുന്നു:
ധനികർക്കൊന്നും നല്കാതെ
പശിയുള്ളവരെപ്പോറ്റുന്നു.

അബ്രാഹമൊടും തനയരൊടും
പണ്ടേചെയ്തൊരു വാഗ്ദാനം
ദൈവം കരുണയൊടോർത്തല്ലോ:
തുണയിസ്രേലിനു ചെയ്തല്ലോ.

7190